# കരയോഗ സൗഹൃദം


സത്യം പരം ധീമഹി

Rs. 6

മാസിക : എറണാകുളം കരയോഗത്തിൻെറ മുഖപത്രം

Pages - 44

വാല്യം - 6 ലക്കം - 3 മീനം - 1188 ഏപ്രിൽ - 2013


ഓം ശ്രീ വെങ്കിടേശായ നമ



ശ്രീ ശ്രീനിവാസ കല്യാണം





എറണാകുളം കരയോഗത്തിന്റെ 2013–2014 ലെ പുതിയ പദ്ധതികളുടെ കരട് രൂപരേഖ

വാല്യം 6 ❖ ലക്കം - 3 ❖ ഏപ്രിൽ - 2013

## ഉള്ളടക്കം

എഡിറ്റോറിയൽ
ക്ഷേത്രങ്ങളിലൂടെ
ജനറൽസെക്രട്ടറിയുടെ പംക്തി
വ്യക്തിവിശേഷം
വാസ്തു സംബന്ധമായ...
നമ്മുടെ ആചാരങ്ങൾ
വഴിയോരക്കാഴ്ചകൾ
എൽഡർ സിറ്റിസൺസ് ഫോറം
ഭാരതീയ സംസ്ക്കാരം
വിമൻസ് ഫോറം
ചാരിറ്റി പ്രവർത്തനങ്ങൾ
ഈശ്വരൻ നമ്മിലുണ്ട്
കുട്ടികളുടെ സമഗ്ര വികസനത്തിന്....
പാചകപംക്തി
സംസ്കൃത പാഠം
ശ്രീ പത്മനാഭസ്വാമിക്ഷേത്രം
വിശേഷദിവസങ്ങൾ
പാവം എന്റെ അമ്മ
പ്രാർത്ഥന
തലക്കനം
രാഗപരിചയം
കളം കളം പാടുന്ന തിരമാല
തൃക്കാക്കര ക്ഷേത്രം
സുഭാഷിതം
വിഷുഫലം
പി.എസ്.ഗോപിനാഥൻ നായർ അവാർഡ്
ആദരാഞ്ജലി
വിഷുവർഷം
നക്ഷത്രഫലം
മാംഗല്യം

**പത്രാധിപസമിതി**

**കെ.പി. കൃഷ്ണമേനോൻ**
*(മാനേജിംഗ് എഡിറ്റർ)*

**എം. ശ്രീവല്ലഭൻ നായർ**
*(എഡിറ്റർ)*

**പി. രാമചന്ദ്രൻ (വേണു)**

**കെ.ടി. മോഹനൻ**

**എ. മുരളീധരൻ**

**കെ.വി. രാമചന്ദ്രൻ**

**കെ. ആർ. സുധാകരൻപിള്ള**

# എഡിറ്റോറിയൽ...

## ഇതോ ജനാധിപത്യം

**സ്വാ**തന്ത്ര്യം കിട്ടിയിട്ട് 65 വർഷം കഴിഞ്ഞുവല്ലോ. കഴിഞ്ഞ 65 വർഷങ്ങളായി നാം കൈവരിച്ച നേട്ടങ്ങളും, നമുക്കുണ്ടായിട്ടുള്ള കോട്ടങ്ങളും ഒന്ന് വിലയിരുത്തപ്പെടേണ്ടതല്ലേ. നേട്ടങ്ങൾ പരിശോധിച്ചാൽ പ്രധാനമായുള്ളത്, അഞ്ച് വർഷത്തിലൊരിക്കൽ തിരഞ്ഞെടുപ്പ് നടക്കുന്നുണ്ട് എന്നുള്ളതും തിരഞ്ഞെടുക്കപ്പെടുന്നവർ ഭരണം നടത്തുന്നുണ്ട് എന്നുള്ളതുമാണ്. ശാസ്ത്രസാങ്കേതികരംഗത്തും, സാമ്പത്തിക, വിദ്യാഭ്യാസ മേഖലകളിലും നമുക്ക് കുറെ ഒക്കെ നേട്ടങ്ങൾ കൈവരിക്കുവാൻ കഴിഞ്ഞു എന്നുള്ളത് സത്യം തന്നെ. എന്നാൽ ഈ നേട്ടങ്ങളുടെയെല്ലാം ഫലം, എത്തേണ്ടിടത്തു തന്നെയാണോ എത്തിയിട്ടുള്ളത് എന്നും, അവ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും അർഹതപ്പെട്ട രീതിയിൽ എത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ എന്നും പരിശോധിച്ചാൽ , ഇല്ല എന്ന് മാത്രമെ നമുക്ക് ഉത്തരം ലഭിക്കുകയുള്ളു. നാം ഇപ്പോൾ അംഗീകരിച്ചിരിക്കുന്ന പുത്തൻ സാമ്പത്തീകനയം തന്നെ, അടിസ്ഥാനവർഗ്ഗത്തെ പാടെ അവഗണിച്ച് , ഒരു കൂട്ടം വമ്പൻ വ്യവസായികൾക്കും, കുത്തകഭീമൻമാർക്കും വേണ്ടി ഉള്ളതല്ലേ? ലോകത്തിലെ ധനികരുടെ പട്ടികയിലേയ്ക്ക് ഇൻഡ്യയിൽ നിന്നു കൂടുതൽ കൂടുതൽ പേരുകൾ ചേർക്കാമെന്നുള്ളത് ശരിതന്നെ. അപ്പോഴും സമൂഹത്തിന്റെ അടിത്തട്ടിൽ , ആരാലും പരിഗണിക്കപ്പെടാതെ, അവശത അനുഭവിച്ച് കഴിഞ്ഞു കൂടുന്ന ഒരു വലിയ വിഭാഗം ജനങ്ങൾ ദുരിതക്കയങ്ങളിലേയ്ക്ക് ആണ്ട് പൊയ്ക്കൊണ്ടിരിക്കുന്ന കാഴ്ചയാണ് നാം കാണുന്നത്. കൊടും ദാരിദ്ര്യം സഹിക്ക വയ്യാതെ, നൊന്തു പ്രസവിക്കുന്ന പൊന്നോമനകളെ വിൽക്കുവാൻ നിർബന്ധിതരായിത്തീരുന്ന അമ്മമാർ, റെയിൽവേ ട്രാക്കിൽ മറ്റുള്ളവർ വലിച്ചെറിയുന്ന എച്ചിലിനുവേണ്ടി പട്ടികളോട് മല്ലിടുന്ന കുട്ടികൾ, എച്ചിൽതൊട്ടിയിൽ നിന്നും അന്നം ശേഖരിക്കുന്ന മനുഷ്യക്കോലങ്ങൾ, സമ്പന്നർ ഏ.സിയുടെ ശീതളിമയിൽ സുഖനിദ്രക്കൊള്ളുമ്പോൾ, ക്ലബ്ബുകളിൽ സ്വബോധമില്ലാതെ, ഉറയ്ക്കാത്ത കാലുകളുമായി ആടിതിമിർക്കുമ്പോൾ, ഒന്ന് തല ചായ്ക്കുവാൻ, ഒരു പോള കണ്ണടയ്ക്കുവാൻ കടത്തിണ്ണകളെ അഭയം പ്രാപിക്കേണ്ടി വരുന്ന അശരണർ!. അതിനിടയിലെ സ്ത്രീകളോ, കാമവെറിയൻമാരാൽ അവിടെയും നിഷ്ഠൂരമായി വേട്ടയാടപ്പെടുന്നു. ഇതെല്ലാം നടക്കുന്നതും നമ്മുടെ സ്വതന്ത്രജനാധിപത്യ ഭാരതത്തിൽ തന്നെയാണ്. മാറി മാറി ഭരണം നടത്തുന്ന രാഷ്ട്രീയ പ്രഭുക്കളുടെ ഉയർച്ചയും, വളർച്ചയും, അവരുടെ പിൻബലത്തിൽ വ്യവസായ സാമ്രാജ്യങ്ങൾ വിപുലീകരിച്ചു കൊണ്ടിരിക്കുന്ന കോടീശ്വരൻമാരുടെ വളർച്ചയും കണക്കിലെടുത്താണോ നമ്മുടെ നേട്ടങ്ങൾ വിലയിരുത്തപ്പെടേണ്ടത്. അല്ല എന്ന് നാം ഒന്നായി വിളിച്ച് പറയുമെങ്കിലും, മലീമസമായ ഇന്നത്തെ രാഷ്ട്രീയ പ്രവർത്തനശൈലി നിലനില്ക്കുന്നിടത്തോളം കാലം ഇത് ഇങ്ങനെ തന്നെയല്ലെ നടക്കുകയുള്ളു. അപ്പോൾ ജീവിത നിലവാര,സാമ്പത്തീക മേഖലകളിൽ സന്തുലിതമായ വളർച്ച പ്രതീക്ഷിക്കുകയേ വേണ്ട.

ഇതിനെല്ലാമുപരി, ഒരു ഞെട്ടിലെ പൂക്കളെപ്പോലെ ഒന്നിച്ച് നിന്നിരുന്ന ഒരു ജനതയെ പ്രാദേശിക, ഭാഷ, ജാതി, മത അടിസ്ഥാനത്തിൽ വിഭജിച്ച്, പരസ്പരം മത്സരിക്കുന്ന അവസ്ഥയിലെത്തിച്ചതും, കഴിഞ്ഞകാലഭരണത്തിന്റെ കോട്ടമായേ കാണാൻ കഴിയുകയുള്ളു. ഇനിയുമുണ്ട്, യുഗങ്ങളോളം നാം കാത്തു സൂക്ഷിച്ച മഹത്തായ ഒരു സംസ്കാരമുണ്ടായിരുന്നു നമുക്ക്. നമ്മുടെ പൂർവ്വികർ, ജീവൻ കൊടുത്തും പരിരക്ഷിച്ചു പോന്ന ആ സംസ്കാരം ഹിന്ദുത്വ ജീവിതശൈലിയിൽ അധിഷ്ഠിതമായ ഭാരതീയ സംസ്കാരം. കഴിഞ്ഞ 65 വർഷത്തെ ഭരണത്തിനുശേഷം ഇന്ന് ആ സംസ്കാരത്തിന്റെ അവസ്ഥ ഒന്ന് പരിശോധിച്ചാൽ ഒന്നു മനസ്സിലാകും, രാഷ്ട്രീയ പാർട്ടികളുടെ വോട്ട്ബാങ്ക് രാഷ്ട്രീയവും, അവസരവാദപരമായ അമിതപ്രീണനനയവും, മഹത്തായ ആ സംസ്കാരത്തെ ഏതാണ്ട് ഇല്ലായ്മചെയ്തു കഴിഞ്ഞിരിക്കുന്നു എന്ന്. ജീവിതത്തിന്റെ എല്ലാ തലങ്ങളിലും നിറഞ്ഞു നിന്നിരുന്ന, സത്യത്തിലും, ധർമ്മത്തിലും, നീതിയിലും പടുത്തുയർത്തിയിരുന്ന ആ സാംസ്കാരിക ശ്രീകോവിലിൽ നിന്നും പ്രവഹിച്ചുകൊണ്ടിരുന്ന സാംസ്ക്കാരിക തേജസ്, അത് ഭാരതത്തെ മാത്രമല്ല, ലോകത്തെ മുഴുവൻ പ്രഭാപൂരിതമാക്കിയിരുന്നു. എന്നാൽ ഭരണതലങ്ങളിൽ നിന്ന് വേണ്ടത്ര പരിഗണന ലഭിക്കാത്തതിനാൽ ഇന്നത് കരിന്തിരി ആയി മങ്ങിക്കഴിഞ്ഞു. അങ്ങനെ മഹനീയമൂല്യങ്ങളിൽ അധിഷ്ഠിതമായ ആ ലോകോത്തര സംസ്ക്കാരവും നാശോൻമുഖമായിരിക്കുന്നു.ആകെ കൂടി നോക്കിയാൽ സാമൂഹ്യ സാമ്പത്തീക മേഖലകളിലെ വൻ അന്തരവും, സാംസ്ക്കാരി കാധപ്പതനവുമല്ലേ ഈ 65 വർഷത്തെ ഭരണത്തിന്റെ ബാക്കിപത്രം. ഇതോ ജനാധിപത്യം? സ്വാതന്ത്ര്യത്തിനുവേണ്ടി ജീവനും സ്വത്തും ത്യജിച്ച അനേകായിരങ്ങൾ സ്വപ്നം കണ്ട ഭാരതമാണോ ഇത്. ഈ ധാർമ്മികധപ്പതനത്തിന്റെയും മൂല്യച്ച്യുതിയുടെയും ഉത്തരവാദികൾ ആരെന്ന് തിരിച്ചറിയുക. അവരെ നിഷ്കാസനം ചെയ്യുക, എങ്കിൽ മാത്രമേ ഇവിടെ യഥാർത്ഥ ജനാധിപത്യം പുനസ്ഥാപിക്ക പ്പെടുകയുള്ളു.

**കെ.പി. കൃഷ്ണമേനോൻ**
മാനേജിങ്ങ് എഡിറ്റർ

# വൈക്കം മഹാദേവക്ഷേത്രം

## വടക്കുപുറത്തുപാട്ട്



**വൈ**ക്കം മഹാദേവക്ഷേത്രത്തിൽ 12 വർഷം കൂടുമ്പോൾ നടക്കുന്ന വടക്കുപുറത്തുപാട്ടിന്റെ കാൽനാട്ടുകർമ്മം 2013 മാർച്ച് 4 ന് നടന്നു. രാവിലെ പന്തീരടി പൂജയ്ക്കു ശേഷം മേൽശാന്തി തരണി.ഡി. നാരായണൻ നമ്പൂതിരി പൂജിച്ചു നൽകിയ വാളും ചിലമ്പും അവകാശിയായ ചേക്കോട്ടു കുടുംബത്തിലെ അംഗമായ കുടമാളൂർ തെക്കേ നിരവത്ത് ജയൻ എന്ന കേശവൻകുട്ടി ഏറ്റുവാങ്ങി. വൈക്കം ക്ഷേത്രത്തിലെ ഒരു പ്രദക്ഷിണത്തിനുശേഷം, വാദ്യമേളങ്ങളുടെ അകമ്പടിയോടെ, നിർദ്ദിഷ്ട മരം നിൽക്കുന്ന വൈക്കം തെക്കെ നട സൗപർണ്ണികയിൽ വിജയകുമാറിന്റെ പുരയിടത്തിൽ എത്തി. നിർദ്ദിഷ്ട മരത്തിൽ വാൾ ഉപയോഗിച്ച് വെളിച്ചപ്പാട് മൂന്നു തവണ കൊത്തി. പിന്നീട് വ്രതം നോക്കിയ കിഴക്കെ നടഭായിക്കോവിലകത്ത് ചന്ദ്രന്റെ നേതൃത്വത്തിൽ കൃഷ്ണൻ, സുരേന്ദ്രൻ എന്നിവർ ചേർന്ന് നിലംതൊടാതെ മരം മുറിച്ചു. അവിടെ നടന്ന ചടങ്ങുകൾക്കു ശേഷം വിവിധ വാദ്യമേളങ്ങളുടെ അകമ്പടിയോടെ വൈക്കം ക്ഷേത്രത്തിലേക്ക് നീങ്ങി. നിലം തൊടരുത് എന്ന ആചാരം അനുസരിച്ച് ഭക്തജനങ്ങൾ ചുമലിലേറ്റിയാണ് മരം ക്ഷേത്രത്തിലേക്ക് എത്തിച്ചത്. മരം വഹിച്ചു കൊണ്ടു വരുന്ന വഴിയിൽ ഭക്തജനങ്ങൾ ആർഭാടമായ വരവേൽപ്പാണ് നൽകിയത്. പിന്നീട് പുണ്യ മുഹൂർത്തത്തിൽ ക്ഷേത്രത്തിലെ നാലമ്പലത്തിനു വടക്കുഭാഗത്ത് കാൽനാട്ടുകർമ്മം നടത്തി. തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് എം.പി. ഗോവിന്ദൻ നായർ ആണ് ചടങ്ങ് നിർവ്വഹിച്ചത്. ദേവസ്വം അഡ്മിനിസ്ട്രേറ്റിവ് ഓഫീസർ കെ.എസ്.വിനോദ്, എം.എൽ.എ കെ.അജിത്ത്, ഉപദേശക സമിതി പ്രസിഡന്റ് ആർ.ബാബുരാജ്, സെക്രട്ടറി പി.ഗോപാലകൃഷ്ണപിള്ള, അഡ്വ. കമ്മീഷണർ എസ്. രാജമോഹൻ എന്നിവർ പങ്കെടുത്തു. കൊടുങ്ങല്ലൂർ തന്ത്രിമാരായ മേക്കാട് നിഖിൽ നാരായണൻ നമ്പൂതിരി, മനോജ് നമ്പൂതിരി, ശങ്കരൻനമ്പൂതിരി, വൈക്കം തന്ത്രി, മറ്റത്തിൽ നാരായണൻ നമ്പൂതിരി, മേൽശാന്തി ശ്രീധരൻ നമ്പൂതിരി, ആഴാട് നാരായണൻ നമ്പൂതിരി എന്നിവരുടെ കാർമ്മികത്വത്തിൽ കാൽനാട്ടിയ മരത്തിലേക്ക് ദേവി ചൈതന്യം ആവാഹിച്ച് വരുത്തി. ധ്വജത്തിൽ ശ്രീ. കുരുംബ ഭഗവതിയുടെ സാന്നിദ്ധ്യം ഉണ്ടെന്ന വിശ്വാസത്തിൽ വടക്കുപുറത്തുപാട്ട് തീരുന്നതുവരെ പ്രത്യേക പൂജകളും നിവേദ്യങ്ങളും നടത്തണമെന്നാണ് ആചാരം. വടക്കുപുറത്തുപാട്ടിന്റെ ഒരു പ്രധാന ചടങ്ങായ പൊലിയാവിളക്ക് തെളിക്കുന്ന ചടങ്ങും 2013 മാർച്ച് 4 ന് ഉദയനാപുരം ശ്രീ. സുബ്രഹ്മണ്യ സ്വാമി ക്ഷേത്രത്തിൽ നടന്നു. മേൽശാന്തി ആഴാട് നാരായണൻ നമ്പൂതിരി ശ്രീകോവിലിൽ നിന്നും പകർന്ന ദീപം ദേശതാലപ്പൊലി കൺവീനറും വടക്കെമുറി എൻ.എസ്.എസ് കരയോഗം സെക്രട്ടറിയുമായ ടി.കെ.പ്രേമചന്ദ്രൻ ഏറ്റുവാങ്ങി പൊലിയാവിളക്കിലേക്ക് പകർന്നു. എൻ.എസ്.എസ് യൂണിയൻ പ്രസിഡന്റ് ഡോ. സി.ആർ. വിനോദ് കുമാർ, വൈസ് പ്രസിഡന്റ് എസ്.മധു, സെക്രട്ടറി കെ.വി.വേണുഗോപാൽ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. വടക്കുപുറത്തുപാട്ട് തീരുന്നതുവരെ പൊലിയാവിളക്ക് തെളിയിക്കണമെന്നും പ്രത്യേക പൂജകളും നിവേദ്യങ്ങളും ഭഗവതി സേവയും നടത്തണമെന്നുമാണ് ആചാരം. വടക്കുപുറത്തുപാട്ടിന്റെ മറ്റൊരു ചടങ്ങായ ദേശതാലപ്പൊലി 2013 ഏപ്രിൽ 10 ന് തൈക്കാട്ടുശ്ശേരി ഭഗവതി ക്ഷേത്രത്തിലേക്കും 12 ന് മൂത്തേടത്ത് കാവ് ഭഗവതി ക്ഷേത്രത്തിലേക്കും നടക്കും. ഉദയനാപുരം ക്ഷേത്രത്തിൽ നിന്നാണ് ദേശതാലപ്പൊലി ആരംഭിക്കുന്നത്.

വൈക്കം തെക്കെ നട സൗപർണ്ണികയിൽ വിജയകുമാറിന്റെ പ്ലാവാണ് ഇത്തവണ വടക്കുപുറത്തുപാട്ടിന്റെ കാൽനാട്ടിനായി ഉപയോഗിച്ചത്. അമ്പതിലധികം മരങ്ങൾ നോക്കിയെങ്കിലും ലക്ഷണമൊത്ത മരം ലഭിച്ചത് ഇവിടെ നിന്നുമാണ്. വൈക്കം ക്ഷേത്രത്തിന്റെ നാലമ്പലത്തിന് മുകളിൽ ഉയരം പാടില്ല എന്ന ആചാരം അനുസരിച്ച്, 20 അടി ഉയരവും 30-35 ഇഞ്ച് വണ്ണവും, പശയുള്ളതും, കേടുപാടുകൾ ഇല്ലാത്തതും, കായ്ക്കുന്നതും, കാതൽ ഉള്ളതുമായ ലക്ഷണസ്ഥാനത്തു നിൽക്കുന്ന മരമാണ് കാൽനാട്ടിനായി ഉപയോഗിക്കുന്നത്.

വൈക്കം ക്ഷേത്രത്തിൽ നടക്കുന്ന വടക്കുപുറത്തുപാട്ടിന് കളമെഴുതുവാനുള്ള അവകാശം പുതുശ്ശേരി കുടുംബത്തിനാണ്. പുതുശ്ശേരി കുടുംബത്തിലെ അംഗമായ വെച്ചൂർ ഗോവിന്ദപുരം ചൂളയിൽ വീട്ടിൽ താമസിക്കുന്ന ശങ്കരക്കുറുപ്പിനാണ് ഇത്തവണ നിയോഗം. 1965, 1977, 1989, 2001 എന്നീ വർഷങ്ങളിൽ കളമെഴുതിയ പരേതനായ രാഘവക്കുറുപ്പിന്റെ സഹോദരനാണ് ശങ്കരക്കുറുപ്പ്. ചേർത്തല കാർത്ത്യായനി ക്ഷേത്രത്തിൽ 35 വർഷം പൂജപ്പാട്ട് ലാവണത്തിൽ ജോലി ചെയ്തു വിരമിച്ച ശങ്കരക്കുറുപ്പ് ഇപ്പോൾ കുടവെച്ചൂർ ഗോവിന്ദപുരം ക്ഷേത്രത്തിലെ സംബന്ധിയാണ്. നൂറ്റാണ്ടുകൾക്കു മുൻപ് വൈക്കം

(ശേഷം 6-ാം പേജിൽ)

പ്രിയ കരയോഗാംഗങ്ങളെ,

**"എല്ലാ കരയോഗാംഗങ്ങൾക്കും ഐശ്വര്യവും, സമ്പത്തും, സമാധാനവും നിറഞ്ഞ വിഷു ആശംസകൾ"**

**2013 –2014** വർഷത്തേക്ക് വിവിധ ഉദ്ദേശങ്ങളോടു കൂടി ചില പദ്ധതികൾ ഭരണസമിതിയുടെ ആലോചനയിലുണ്ട്. ഈ സൗഹൃദം പംക്തിയിൽ അതിന്റെ കരടു രൂപരേഖ പ്രസിദ്ധീകരിക്കുന്നു. ടി.ഡി.എം. ഹാളിന്റെ ഒന്നാം നിലയിൽ 75 പേർക്ക് ഇരിക്കാവുന്ന ഒരു പ്രസന്റേഷൻ ഹാൾ സജ്ജമാക്കുക എന്നതാണ് അവയിൽ ആദ്യത്തേത്. താഴത്തെ നിലയിലെ കടമുറികൾ ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തി നവീകരിച്ച് ഡേ കെയർ, കമ്പ്യൂട്ടർ സെന്റർ എന്നിവയ്ക്കും മറ്റും ഉപയുക്തമാക്കുക എന്നതാണ് രണ്ടാമത്തേത്. ഇത്തരം ആശയങ്ങൾ കരയോഗം അംഗങ്ങളുടെ അഭിപ്രായങ്ങൾക്കും നിർദ്ദേശങ്ങൾക്കും വേണ്ടിയാണ് മുൻകൂട്ടി അറിയിക്കുന്നത്. കരയോഗത്തെ സംബന്ധിച്ച് നിലവിലുള്ള സ്ഥല സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് കാലത്തിനനുസൃതമായ നവീന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുകയാണ് ലക്ഷ്യം.

ശ്രീ തിരുമല തിരുപ്പതി ദേവസ്ഥാനം ആദ്യമായി കേരളത്തിൽ ഏപ്രിൽ മാസം 19 മുതൽ 21 വരെ ശ്രീ ശ്രീനിവാസകല്യാണം നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ഏപ്രിൽ 17 ന് കേരളത്തിലെത്തുന്ന ശ്രീ കല്യാണോത്സവ മൂർത്തികൾ 18 –ാം തീയതി രാത്രി ടി. ഡി.എം ഹാളിൽ എത്തിച്ചേരുകയും 19–ാം തീയതി രാവിലെ 6.30 മുതൽ 9.00 മണി വരെ പൊതുജനങ്ങൾക്ക് ദർശനത്തിനുള്ള സൗകര്യവും, അന്നു വൈകുന്നേരം 6 മണി മുതൽ 9 മണി വരെ മറ്റു കലാ സാംസ്ക്കാരിക പരിപാടികളും, തുടർന്ന് 20–ാം തീയതി രാവിലെ 6.30 മുതൽ 12.30 വരെ ശ്രീ വെങ്കിടാചലപതിയ്ക്ക് പ്രത്യേക പൂജകളും ടി.ഡി.എം. ഹാളിൽ വച്ച് നടത്തപ്പെടുന്നു. തത്സമയം പൊതുജനങ്ങൾക്ക് ദർശനത്തിനുള്ള അവസരം ഉണ്ടായിരിക്കും. എറണാകുളം കരയോഗം ശ്രീവെങ്കിടാചലപതിയുടെ ശ്രീ ശ്രീനിവാസ കല്യാണോത്സവത്തിന് സംഘാടകസമിതിയിൽ പങ്കാളിയാണ്.

എറണാകുളം കരയോഗം – പി.എസ്സ്. ഗോപിനാഥൻ നായർ പരിസ്ഥിതി അവാർഡ് സി. ജയരാമന് നൽകുവാൻ അവാർഡ് കമ്മറ്റി തീരുമാനിച്ചിരിക്കുന്നു. 22–4–2013ൽ വൈകുന്നേരും 3 മണിക്ക് നടക്കുന്ന ചടങ്ങിൽ അവാർഡ് നൽകുന്നതായിരിക്കും.

ഏപ്രിൽ 20–ാം തീയതി എറണാകുളം ഫാമിലികോർട്ട് ബാർ അസ്സോസിയേഷന്റെയും, എറണാകുളം ഡിസ്ട്രിക്റ്റ് മീഡിയേഷൻ സെന്ററിന്റെയും, എറണാകുളം കരയോഗത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ ലോക അദാലത്ത് മീഡിയേഷൻ മേള ടി.ഡി.എം. റൂഫ് ഹാളിൽ സംഘടിപ്പിക്കുന്നു.

എറണാകുളം കരയോഗത്തിന്റെ സഹകരണത്തോടെ ബാങ്ക് ജീവനക്കാരുടെ സംഘടനയായ ബീം സംഘടിപ്പിയ്ക്കുന്ന ഏപ്രിൽ മാസത്തെ പരിപാടിയായ പാരിസ് ലക്ഷ്മിയുടെ ഭരതനാട്യം ഏപ്രിൽ 26 –ാം തീയതി വൈകുന്നേരം 6.30 ന് ടി.ഡി.എം. ഹാളിൽ നടക്കുന്നു.

ലോക വനിതാദിനത്തോടനുബന്ധിച്ച് എറണാകുളം കരയോഗവും പീപ്പിൾസ് കൗൺസിൽ ഫോർ സോഷ്യൽ ജസ്റ്റിസും സംയുക്തമായി ടി. ഡി. എം. ഹാളിൽ സംഘടിപ്പിച്ച - **"സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അനീതിയും അക്രമങ്ങളും - നിലവിലുള്ള നിയമങ്ങളും അതിന്റെ പോരായ്മകളും"** എന്ന വിഷയത്തെക്കുറിച്ച് സെമിനാർ നടത്തുകയുണ്ടായി. കുട്ടികളുടേയും സ്ത്രീകളുടേയും ക്ഷേമത്തിനു വേണ്ടി നിരന്തരമായി പ്രവർത്തിക്കുന്ന ശ്രീമതി. പോളിൻ റോസ് മത്തായി (റിട്ട. കോളേജ് പ്രൊഫസർ), ഡോ. എം.ആർ. രംഗമണി (പി.ആർ.എസ്), ഡോ. പി. വിജയലക്ഷ്മി (റിട്ട. ഡയറക്ടർ ഓഫ് ഹെൽത്ത് സർവീസസ്സ്), ശ്രീമതി. ശ്യാമ രാജഗോപാൽ (സീനിയർ കറസ്പോൺടന്റ് - ഹിന്ദു), ശ്രീമതി. സ്മിത. പി.എ. (കൈരളി ടി.വി) ശ്രീമതി. പ്രീതി എ. എം. (മാതൃഭൂമി) എന്നീ വനിതകൾക്ക് ചടങ്ങിൽ വച്ച് മുഖ്യാതിഥി **ജസ്റ്റിസ്. സിറിയക്ക് ജോസഫ്** മെമന്റോ നൽകി ആദരിക്കുകയാണ്ടായി.

2013 മെയ് 3 – ാം തീയതി കരയോഗം വിഘ്നേശ്വര ക്ഷേത്രത്തിന്റെ പ്രതിഷ്ഠാദിനം ആണ്. അന്നേ ദിവസം വിശേഷാൽ പൂജകൾ, മഹാഗണപതിഹോമം മുതലായവ കൂടാതെ എറണാകുളം ശിവക്ഷേത്രത്തിൽ കളഭാഭിഷേകം, നിറമാല, ചുറ്റു വിളക്ക് ഇവയും നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. എല്ലാ കരയോഗാംഗങ്ങളും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കരയോഗത്തിന്റെ ജീവകാരുണ്യപ്രവർത്തന സ്ഥിരം ഫണ്ടിലേക്ക് പ്രതിമാസത്തുകയായ 10 രൂപ 2013 മാർച്ച് 31 ന് മുൻപ് അടച്ചു തീർക്കേണ്ടതായ 100 രൂപ നൽകിയ എല്ലാ കരയോഗാംഗങ്ങളോടുമുള്ള നന്ദി രേഖപ്പെടുത്തുന്നു. 4040 അംഗങ്ങളുള്ള എറണാകുളം കരയോഗത്തിൽ കഴിഞ്ഞ 1 വർഷത്തിനുള്ളിൽ ഇതു വരെ ജീവകാരുണ്യസ്ഥിരം ഫണ്ടിലേക്കുള്ള തുക അടച്ചിട്ടുള്ളത് 2250 പേർ മാത്രമാണ്. കരയോഗത്തിന്റെ പ്രവർത്തനങ്ങളും, നിർദ്ദേശങ്ങളും പല അംഗങ്ങളും അറിയുകയോ, ശ്രദ്ധിക്കുകയോ ചെയ്യുന്നില്ല എന്നത് കൂടുതൽ ഗൗരവത്തോടെ കൈകാര്യം ചെയ്യേണ്ട ഒരു വിഷയമാണ്. അതു പോലെ കരയോഗസൗഹൃദം ഒരു കുടുംബത്തിന് ഒരു മുഖപത്രം എന്ന നിലയ്ക്ക് മാത്രമാണ് അയയ്ക്കുന്നത്. വരും മാസങ്ങൾ മുതൽ സൗഹൃദം വളരെ കർശനവും, ചില നിയന്ത്രണങ്ങൾക്കും വിധേയമായിട്ടായിരിക്കും അയക്കുക എന്നത് ഇതിനാൽ അറിയിക്കുന്നു. ഒരു കുടുംബത്തിന് സൗഹൃദം ലഭിക്കുന്നില്ല എങ്കിൽ അംഗങ്ങൾ രേഖാമൂലം കരയോഗം ഓഫീസുമായി ബന്ധപ്പെടണമെന്ന് അഭ്യർത്ഥിയ്ക്കുന്നു.

എല്ലാ കരയോഗാംഗങ്ങൾക്കും ഒരിയ്ക്കൽ കൂടി ഐശ്വര്യത്തിന്റെയും, സമൃദ്ധിയുടെയും സ്നേഹം നിറഞ്ഞ വിഷു ആശംസകൾ നേർന്നുകൊണ്ട്

ജനറൽ സെക്രട്ടറി

വ്യക്തിവിശേഷം

# കുട്ടിക്കുഞ്ഞു തങ്കച്ചി (1820 1914)

**തി**രുവാതിരപ്പാട്ടുകൾ, കുറത്തിപ്പാട്ടുകൾ, ഊഞ്ഞാൽപ്പാട്ടുകൾ, സങ്കീർത്തനങ്ങൾ, ആട്ടക്കഥകൾ എന്നീ വിഭാഗത്തിൽപ്പെട്ട നിരവധി കൃതികളിലൂടെ കൈരളിയെ ധന്യമാക്കിയ കവയിത്രയായിരുന്നു കുഞ്ഞുക്കുട്ടിത്തങ്കച്ചി. ഭാഷാകവയിത്രികളുടെ സംഖ്യാന ത്തിൽ കനിഷ്ഠികാധിഷ്ഠിതയായി പ്രശോഭിക്കുന്ന തായിട്ടാണ് കുട്ടിക്കുഞ്ഞു തങ്കച്ചിയെക്കുറിച്ച് മഹാകവി ഉള്ളൂർ സാഹിത്യചരിത്രത്തിൽ അഭിപ്രായപ്പെടുന്നത്. ഇരയിമമൻതമ്പിയുടെ മകളായ ഈ മഹതിയിൽ ഓമനത്തിങ്കൾ കിടാവോ എന്ന താരാട്ടുപാട്ടിലൂടെ അനുവാചക ഹൃദയങ്ങളെ പുളകം കൊള്ളിച്ച ലളിതകോമളപദാവലി അളവറ്റ സ്വാധീനം ചെലുത്തിയിരുന്നു എന്നതിന് അവരുടെ കൃതികൾ ഉത്തമോദാഹരണങ്ങളാണ്. സ്വർഗവാതിൽ ഏകാദശി, ഏകാദശി മാഹാത്മ്യം കിളിപ്പാട്ട്, മൂന്ന് ആട്ടക്കഥകൾ, തിരുവനന്തപുരം സ്ഥലപുരാണം, ഗംഗാസ്നാനം ഓട്ടൻതുള്ളൽ, അജ്ഞാതവാസം നാടകം, നാരദമോഹനം, സീതാസ്വയംവരം കൈകൊട്ടിപ്പാട്ടുകളം, കിരാതം നളചരിതം കുറത്തിപ്പാട്ടുകളും, സേതു സ്നാനപാനയും, സ്വാഹാ സുധാകരം ഊഞ്ഞാൽപ്പാട്ടും, പ്രഹ്ലാദചരിതം ഗജേന്ദ്ര മോക്ഷം സങ്കീർത്തനങ്ങളും, കല്ല്യാണഘോഷം മണി പ്രവാളവും മറ്റു പല ഭജന കീർത്തനങ്ങളും മുക്തകങ്ങളുമാണ് തങ്കച്ചിയുടെ മുഖ്യകൃതികൾ. ഇരയിമ്മൻതമ്പിയുടെ പാരമ്പര്യത്തിൽ ജ്വലിച്ചുയർന്ന ഈ മഹതി ഭാഷാ സാഹിത്യത്തിന് നല്കിയിട്ടുള്ള സംഭാവനകൾ അദ്വിതീയമാണ്.

## കരയോഗം അംഗങ്ങളുടെ ശ്രദ്ധക്ക്

**ഒ**രു കുടുംബത്തിൽ ഒരു കരയോഗ സൗഹൃദം എന്ന രീതിയിലാണ് തപാൽ മാർഗ്ഗം ഇപ്പോൾ അയച്ചു വരുന്നത്. ഒന്നിൽ കൂടുതൽ കരയോഗ സൗഹൃദം ലഭിക്കുന്നവർ ദയവുചെയ്ത് വിവരം കരയോഗത്തെ അറിയിക്കുകയും, കരയോഗ സൗഹൃദം ലഭിക്കാത്ത കുടുംബങ്ങൾ ആവശ്യമായ രേഖകൾ സഹിതം അപേക്ഷിക്കേണ്ടതുമാണ്. ഈ മാസം മുതൽ കരയോഗ സൗഹൃദം ലഭിക്കാതെ വരുന്നവർ നേരിട്ട് കരയോഗം ഓഫീസിൽ ബന്ധപ്പെടുവാൻ താല്പര്യപ്പെടുന്നു.

എന്ന്

ജനറൽ സെക്രട്ടറി

(ക്ഷേത്രങ്ങളിലൂടെ തുടർച്ച..)

ക്ഷേത്രത്തിലെ വടക്കുപുറത്തു പാട്ടിന് കളമെഴുതുവാനുളള അവകാശം പുതുശ്ശേരി കുറുപ്പൻമാർക്ക് വടക്കുംകൂർ രാജാവ് കൽപ്പിച്ച് നൽകുകയായിരുന്നു. ഈ ചടങ്ങ് പിന്നീട് നിലച്ചുപോയെങ്കിലും, തലമുറ കളിൽ നിന്നും തലമുറകളിലേക്ക് കൈമാറി ഈ അവകാശം കാത്തു സൂക്ഷിച്ചു. ആരാധനാമൂർത്തിക്ക് കളത്തിൽ മിഴിവേകുമ്പോൾ, രൂപ ത്തിലും ഭാവത്തിലും നിറത്തിലും പുതുശ്ശേരി കുടുംബക്കാർ ആചാരങ്ങൾ നടത്തി വരുന്നു. വെള്ള, പച്ച, മഞ്ഞ, കറുപ്പ്, ചുവപ്പ് തുടങ്ങിയ പഞ്ചവർണ്ണ പൊടികൾ കൊണ്ടാണ് കളമെഴുതുന്നത്. ഇതിന് അരിപ്പൊടി, വാകപ്പൊടി, മഞ്ഞൾപ്പൊടി, ഉമിക്കരി, മഞ്ഞളും ചുണ്ണാമ്പും കൊണ്ടുണ്ടാക്കുന്ന ചുവന്ന പൊടി എന്നിവ ഉപയോഗിക്കും. ശങ്കരക്കുറുപ്പിൻെറ നേതൃത്വത്തിൽ തേരോഴി രാമക്കുറുപ്പ്, പുതുശ്ശേരി ഗോപാലകൃഷ്ണ കുറുപ്പ്, പരേതനായ രാഘവക്കുറുപ്പിൻെറ പുത്രൻ രാജേഷ് തുടങ്ങി 45 ഓളം കലാകാരൻമാർ മണിക്കൂറുകൾ പ്രയത്നിച്ചാണ് കളം പൂർത്തിയാക്കുന്നത്. പരേതനായ രാഘവക്കുറുപ്പിൻെറ ശിക്ഷണത്തിൽ കളമെഴുത്ത് അഭ്യസിച്ച ശങ്കരക്കുറുപ്പ്, ആയാംകുടി, ആദിത്യപുരം, കപിക്കോട്, തൈക്കാട്ടുശ്ശേരി, മള്ളിയൂർ, തുടങ്ങിയ ക്ഷേത്രങ്ങളിൽ കളമെഴുത്തിനുപോയിട്ടുണ്ട്. കഴിഞ്ഞ വടക്കുപുറത്തുപാട്ടിന് രാഘവക്കുറുപ്പിൻെറ സഹായി ആയിരുന്നു. അനുഭവ സമ്പത്തിനെക്കാൾ ജൻമാന്തരങ്ങളിലൂടെ ചെയ്ത പുണ്യം നേടിത്തന്ന അപൂർവ്വഭാഗ്യമാണിതെന്നും ശ്രീ.വൈക്കത്തപ്പൻെറ അനുഗ്രഹമാണെന്നും ശങ്കരക്കുറുപ്പ് വിശ്വസിക്കുന്നു.

വൈക്കം ക്ഷേത്രത്തിൽ മാർച്ച് 28 മുതൽ ഏപ്രിൽ 23 വരെ കോടിയർച്ചനയും ഏപ്രിൽ 13 മുതൽ 24 വരെ വടക്കുപുറത്തുപാട്ടും നടക്കും. 24 ന് കോടിയർച്ചനയുടെ ഭസ്മകലശവും , സഹസ്രകലശവും വൈക്കത്തപ്പന് അഭിഷേകം ചെയ്യും. വടക്കുപുറത്തു പാട്ടിൻെറ സമാപന ചടങ്ങായ ഗുരുതി ഏപ്രിൽ 24 നാണ്. ഏപ്രിൽ 25 ന് ഉദയനാപുരം സുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിൽ നടത്തുന്ന ലക്ഷാർച്ചനയോടെ ചടങ്ങുകൾ സമാപിക്കും.

Suresh : 9995643032
Girish : 9961892353
Sunil : 99446562147






**ശ്രീ. പ്രഭാകരമേനോൻ പര്യാടത്ത്**
റിട്ടയേർഡ് എഞ്ചിനീയർ,
വാസ്തു വിദഗ്ദ്ധൻ


# വാസ്തു സംബന്ധമായ . . .

## വീടിൻെറ സ്ഥാനവും ഗേറ്റും

**നാ**ട്ടിൽ പലരും പലപ്പോഴും ചോദിക്കുന്ന ഒരു ചോദ്യമുണ്ട്, വീടിൻെറ സ്ഥാനം കണ്ടുവോ എന്ന്.

ചെറിയ പറമ്പാണെങ്കിലും, വീട് വെക്കുന്നത് പറമ്പിൻെറ തെക്ക് പടിഞ്ഞാറ് തന്നെ വേണം. വീടിൻെറ പടിഞ്ഞാറുള്ളതിനേക്കാൾ കിഴക്കും, തെക്കുള്ളതിനേക്കാൾ വടക്കും, കൂടുതൽ സ്ഥലം വേണം. കുറച്ചു കൂടി വലിയ പറമ്പാണെങ്കിൽ പറമ്പിനെ മൊത്തം നാലായി ഭാഗിച്ച് തെക്ക് പടിഞ്ഞാറ് ഭാഗത്ത് വീട് പണിയണം.

വളരെ വലിയ പറമ്പിൽ വീട് പണിയുമ്പോൾ ഏറ്റവും ഉയരം കൂടിയ സ്ഥലത്ത് വീട് പണിയണം. വീടിൻെറ തെക്ക് പടിഞ്ഞാറ് ഒരടിഉയരത്തിൽ വീടിന് സമാന്തരമായി മതിൽകെട്ടി വീടിന് അതിരിടണം. വെള്ളം തെക്കോട്ടും, പടിഞ്ഞാറോട്ടും പോകാതെ കിഴക്കോട്ടും വടക്കോട്ടും പോകാൻ പാകത്തിന് പറമ്പ് ശരിയാക്കണം. എപ്പോഴും പറമ്പിൻെറ വടക്ക് കിഴക്ക് താഴ്ന്നും, തെക്ക് പടിഞ്ഞാറ് ഉയർന്നും ഇരിക്കണം. കിഴക്കോട്ട് തിരിച്ച് പണിയുന്ന വീടിൻെറ ഗേറ്റ് കിഴക്ക് വടക്കോട്ട് മാറ്റിവയ്ക്കണം. വീട്ടിൽ നിന്നും ഇറങ്ങിയാൽ വടക്ക് കിഴക്കോട്ട് യാത്രചെയ്യാൻ പാകത്തിനാണ് ഗേറ്റ് വയ്ക്കേണ്ടത്. കിഴക്ക് വടക്ക് വലിയ ഗേറ്റും പ്രധാന വാതിലിൻെറ നേർക്ക് ചെറിയ ഗേറ്റും വെക്കാവുന്നതാണ്.

വീട് വടക്കോട്ടാണ് മുഖമെങ്കിൽ ഗേറ്റ് വടക്കു കിഴക്ക് തന്നെ വേണം. പ്രധാന വാതിലിൻെറ നേരെ ചെറിയ ഗേറ്റ് വെക്കാവുന്നതാണ്. പടിഞ്ഞാറോട്ടാണ് മുഖമെങ്കിൽ ഗേറ്റ് പടിഞ്ഞാറ് വടക്ക് വേണം.തെക്കോട്ട് മുഖമുള്ള വീടിന് ഗേറ്റ് തെക്ക് കിഴക്ക് വേണം.

ചിലപ്പോൾ രണ്ട് ഭാഗത്ത് റോഡ് ഉണ്ടാകാം. അങ്ങിനെ വന്നാൽ കിഴക്കോട്ടോ, വടക്കോട്ടോ ചെരിവുള്ള റോഡിന് അഭിമുഖമായി വീട് പണിയണം. കിഴക്കും, വടക്കും റോഡ് പറമ്പിനേക്കാൾ താഴണം. പടിഞ്ഞാറും,തെക്കും പൊങ്ങിയിരുന്നാൽ നല്ലത്. കിഴക്ക് റോഡ് പൊന്തിയും, പടിഞ്ഞാറ് പറമ്പ് താഴ്ന്നും ഇരുന്നാൽ പറമ്പ് റോഡിൻെറ ലെവലിലേക്ക് പൊക്കുന്നതാണ് നല്ലത്. കിഴക്ക് റോഡ് പറമ്പിനേക്കാൾ പൊന്തിയിരിക്കുന്നത് നല്ലതല്ല.

**2013 മെയ് 11 ശനിയാഴ്ച രാവിലെ 9.30** ന് ഇതു സംബന്ധിച്ച് ശ്രീ. പരിയാടത്ത് പ്രഭാകരമേനോൻ ടി.ഡി.എം. ഹാളിൽ എത്തുന്നവർക്ക് വാസ്തു സംബന്ധമായ പരിഹാരങ്ങൾക്കുള്ള ഉപദേശം നൽകും. താൽപ്പര്യം ഉള്ളവർ **മെയ് 10** ന് വൈകുന്നേരം 5 മണിക്ക് മുമ്പായി പേര് രജിസ്റ്റർ ചെയ്തിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് കരയോഗം ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. (Ph: 0484-2361160, Extn:35)Prabhakara Menon:+91 9447032432,+91 9895951595,E-mail:pariyadathp@gmail.com

## കരയോഗസൗഹൃദം

**കരയോഗസൗഹൃദത്തിൽ പേജ് സ്പോൺസർ ചെയ്യാവുന്നതാണ്. താല്പര്യമുള്ളവർ കര യോഗം ജനറൽസെക്രട്ടറി/എഡിറ്ററുമായി ബന്ധപ്പെടുക**

1. Back Cover (Colour)
2. Inside Cover (Front) (Colour)
3. Inside Cover (Back ) (Colour)
4. Full Page (Black &White)
5. Half Page (Black &White)
6. Quarter Page (Black & White)

## എറണാകുളം കരയോഗം കലാസാംസ്കാരികവിഭാഗം

എറണാകുളം കരയോഗത്തിന്റെ കലാസാംസ്കാരിക വിഭാഗം ഭരതനാട്യം, മോഹിനിയാട്ടം, സിനിമാറ്റിക് ഡാൻസ് തുടങ്ങിയ ക്ലാസ്സുകൾ ആരംഭിച്ചിരിക്കുന്നു. ക്ലാസ്സുകൾ ശനി, ഞായർ ദിവസങ്ങളിൽ വൈകുന്നേരം 4 മണി മുതൽ നടത്തുന്നു. കൂടാതെ ഞായറാഴ്ച രാവിലെ 10 മണിക്ക് വയലിൻ ക്ലാസ്സും 11 മണിക്ക് മ്യൂസിക് ക്ലാസ്സും ഉണ്ടായിരിക്കുന്നതാണ്. ബന്ധപ്പെടേണ്ട ഫോൺ നമ്പർ: 0484 2361160, Ext: 35

# നമ്മുടെ ആചാരങ്ങൾ

**ദേവദർശനം**

**ആ**ൽപ്രദക്ഷിണവും ക്ഷേത്രത്തിനു പുറത്തുകൂടിയുള്ള പ്രദക്ഷിണവും കഴിഞ്ഞേ ക്ഷേത്രത്തിനുള്ളിലേക്കു പ്രവേശിക്കാവൂ. ഒരു ക്ഷേത്രത്തിലും തിരുനടയിൽ നേരെ നിന്നു തൊഴരുത്. ഒരു വശം ചേർന്നുനിന്നേ തൊഴാൻ പാടുള്ളൂ. തൊഴുമ്പോൾ ഇരുകൈകളിലേയും വിരലറ്റങ്ങൾ പരസ്പരം ചേർന്നിരിക്കണം. പുരുഷൻമാർ തൊഴുതുപിടിച്ച കൈകൾ ഇടതുനെഞ്ചിനു നേരെയും സ്ത്രീകൾ കഴുത്തിനു നേർക്ക് താടിയെല്ലുകൾക്കു താഴെയും ചേർത്തു പിടിക്കണം. പുരുഷൻമാർക്ക് ശിരസ്സിനു മുകളിൽ പന്ത്രണ്ട് അംഗുലം ഉയർത്തി കൈകൾ തൊഴുതു പിടിക്കുകയും ആവാം. ദർശന സമയത്ത് പുരുഷൻമാർ മേൽവസ്ത്രം കൈത്തണ്ടയിൽ തൂക്കിയിടുകയോ, അരയിൽ കെട്ടുകയോ, കക്ഷത്തിൽ ഇറുക്കിപ്പിടിക്കുകയോ വേണം. മേൽമുണ്ടു പുതച്ച് ദേവദർശനം പാടില്ല.

ദേവദർശനവും, പ്രദക്ഷിണവും, നമസ്കാരവും, കഴിഞ്ഞ ശേഷമേ തീർത്ഥവും പ്രസാദവും വാങ്ങാവൂ. മന്ത്രപൂർവം ദേവബിംബം അഭിഷേകം ചെയ്തു കിട്ടുന്ന ഔഷധഗുണമുള്ള പുണ്യജലമാണ് തീർത്ഥം. വലതു കൈവിരലുകൾ മടക്കി കുമ്പിൾപോലെ പിടിച്ച് ഉള്ളം കൈയിൽ വേണം തീർത്ഥം സ്വീകരിക്കുവാൻ. അപ്പോൾ ഇടതുകൈ വലതുകൈമുട്ടിൽ താങ്ങിപ്പിടിച്ചിരിക്കണം. കിഴക്കോട്ടു തിരിഞ്ഞു നിന്ന് മുഖം മുകളിലേക്കുയർത്തി തീർത്ഥം താഴെ വീഴാതെയും, ചുണ്ടിൽ തട്ടാതെയും വായ്ക്കുള്ളിലേക്കു ഒഴിച്ച് സേവിക്കുക. തീർത്ഥം സേവിക്കും മുമ്പ് മറ്റു യാതൊന്നും കഴിക്കരുത്. തീർത്ഥം സേവിച്ച ശേഷം കൈകളിൽ ശേഷിക്കുന്നത് ശിരസ്സിലണിയണം.

ഇരുകൈകളും ഒരുമിച്ചു നീട്ടി വേണം പ്രസാദം വാങ്ങാൻ. ക്ഷേത്രത്തിനുള്ളിൽവച്ച് പ്രസാദം ശരീരത്തിലണിയരുത്. ക്ഷേത്രത്തിനു പുറത്തുവന്നശേഷമേ പ്രസാദം അണിയാവൂ. അർച്ചനാ പുഷ്പങ്ങൾ എടുത്ത് കണ്ണിലണച്ചശേഷം ശിരസ്സിലണിയുക. പുരുഷൻമാർ ചെവിക്കിടയിലും സ്ത്രീകൾ മുടിത്തുമ്പിലും പുഷ്പങ്ങൾ ചൂടുന്നു. ശരീരത്തിലണിയും മുമ്പ് പ്രസാദവസ്തുക്കൾ നിലത്തു വീഴരുത്. ഔഷധഗുണങ്ങളുള്ള പൂക്കളും മലരുമാണ് തീർത്ഥത്തിൽ ഉള്ളത്. ധൂപവും ദീപവും ഇരുകൈകളാലും ഭക്തിപൂർവം ഏറ്റുവാങ്ങി കണ്ണിലണച്ച് താഴേക്ക് ഉഴിയണം.

**പ്രസാദം**

അഞ്ചുതരത്തിലുള്ള പ്രസാദമാണ് നമുക്ക് ക്ഷേത്രത്തിൽ നിന്നു കിട്ടുന്നത്.പഞ്ചഭൂതങ്ങളെ പ്രതിനിധീകരിക്കുന്നവയാണിത്. ഭൂമിയുടെ പ്രതീകമാണ് ചന്ദനം. നൈവേദ്യം ജലത്തിന്റെ പ്രതീകമാണ്. ദീപം അഗ്നിയുടെയും ധൂപം വായുവിന്റേയും പുഷ്പം ആകാശത്തിന്റെയും പ്രതീകങ്ങളാണ്. ഇവ അഞ്ചും ഭക്തിപൂർവം സ്വീകരിക്കണം. മുഖ്യമായി അഞ്ച് സ്ഥാനങ്ങളിലാണ് പ്രസാദമണിയുക. നെറ്റി,കഴുത്ത്, ഇരുകൈകളുടെയും മേൽത്തണ്ട, മാറ് ഇവയാണ് സ്ഥാന ങ്ങൾ.

**നമസ്കാരം**

പുരുഷൻമാർ സാഷ്ടാംഗനമസ്കാരവും സ്ത്രീകൾ പഞ്ചാംഗ നമസ്കാരവും ചെയ്യണം. മാറിടം, നെറ്റി, വാക്ക്, മനസ്സ്, അഞ്ജലി, കണ്ണ്, കാൽമുട്ടുകൾ, കാലടികൾ ഈ എട്ട് അംഗങ്ങൾ ചേർത്തുള്ള നമസ്കാരമാണ് സാഷ്ടാംഗ നമസ്കാരം.

ഉരസാ ശിരസാ വാചാ മനസ്സാഞ്ജലിനാ ദൃശാ
ജാനുഭ്യാം ചൈവ പാദാഭ്യാം പ്രാണാമോ *f*
ഷ്ടാംഗ ഈരിതഃ എന്ന് പ്രമാണം.

പുരുഷൻമാർക്ക് ദണ്ഡനമസ്കാരവും ആകാം. ദണ്ഡാകാരമായി വീണു ചെയ്യുന്ന നമസ്കാരമാണ് ദണ്ഡനമസ്കാരം.

സ്ത്രീകൾ സാംഷ്ടാംഗ നമസ്കാരവും ദണ്ഡ നമസ്കാരവും ചെയ്യരുത്. കാൽമുട്ടുകളിൽ കുന്തിച്ചി രുന്നുകൊണ്ടുള്ള നമസ്കാരം, അതായത് പഞ്ചാംഗ നമസ്കാരമാണ് സ്ത്രീകൾക്കു വിധിച്ചിട്ടുള്ളത്. ശരീര ശാസ്ത്രമനുസരിച്ചുള്ളതാണ് ഈ വിധി. മാറിടത്തിന്റെ അസ്വാധിനതയെന്ന് പുറമേ പറയുന്നെങ്കിലും അവരുടെ ഗർഭപാത്ര സുരക്ഷിതത്വമാണ് ഇതിനടിസ്ഥാനം. സ്ത്രീകൾക്ക് അനുവദനീയമല്ലാത്ത മറ്റൊന്നാണ് ശയന പ്രദക്ഷിണം. ഇതും സ്ത്രീകളുടെ ആന്തരാവയവങ്ങളുടെ സുരക്ഷിതത്വം അടിസ്ഥാനമാക്കി നിശ്ചയിച്ചിട്ടുള്ളതാണ്. ശയന പ്രദക്ഷിണത്തിനു പകരമായി പാദങ്ങൾ മുട്ടിച്ചുള്ള പ്രദക്ഷിണമാകാം. മുമ്പോട്ടു വച്ച വലതുകാലിന്റെ പെരുവിരലിൽ (തള്ളവിരലിൽ) മുട്ടിച്ച് ഇടതുകാൽ വച്ചശേഷം വലതുകാൽ ഇടതുകാലിന്റെ പെരുവിരലിൽ മുട്ടിച്ചു വച്ച് അടിവച്ചുള്ള പ്രദക്ഷിണമാണിത്.

**ഏത്തമിടൽ**

മഹാഗണപതിയെ വന്ദിക്കുമ്പോൾ മാത്രം ചെയ്യുന്ന ഒന്നാണ് ഏത്തമിടൽ. മറ്റൊരു ദേവതയ്ക്കും ഏത്തമിടൽ പറഞ്ഞിട്ടില്ല. ആചാര്യൻമാർ നിർദേശിച്ചവിധം ഏത്തമിട്ടാലേ അതിന്റെ ഫലം കിട്ടുകയുള്ളൂ. ഭക്തൻ ഇടതുകാലിൻമേൽ ഊന്നിനിന്നിട്ട്, വലതുകാൽ ഇടതുകാലിന്റെ മുമ്പിൽക്കൂടി കൊണ്ടുവന്ന് ഇടതുവശത്ത് പെരുവിരൽ മാത്രം നിലത്തൂന്നി നില്ക്കണം. ശേഷം ഇടതുകൈയുടെ ചൂണ്ടാണി വിരലും നടുവിരലുംകൊണ്ട് വലത്തെ ചെവിയിലും, വലതുകൈ ഇടതുകൈയുടെ മുമ്പിൽക്കൂടി കൊണ്ടുവന്ന് മുൻപറഞ്ഞ പോലെ ചൂണ്ടാണിവിരലും നടുവിരലും കൊണ്ട് ഇടത്തെ ചെവിയിലും പിടിക്കണം. എന്നിട്ട് ശരീരത്തിന്റെ നടുഭാഗം വളച്ചു കുനിഞ്ഞ് ഇരുകൈമുട്ടുകളും താഴേക്ക് കൊണ്ടുവരികയും, നിവർന്നു മുകളിലേക്കു വന്നു പൂർവസ്ഥിതിയിൽ നില്ക്കുകയും ചെയ്യുക. ഏത്തമിടേണ്ടത് ഇങ്ങനെയാണ്. ഏത്തമിടലിന്റെ ഏറ്റവും കുറഞ്ഞ എണ്ണം മൂന്നാണ്. ശരീരശാസ്ത്രമനുസരിച്ച് ഏത്തമിടൽകൊണ്ട് വളരെയേറെ ഗുണങ്ങളാണുള്ളത്. അഞ്ച്, ഏഴ്, പന്ത്രണ്ട് എന്നിങ്ങനെ ഏത്തമിടലിന്റെ സംഖ്യ വർധിപ്പിക്കാവുന്നതാണ്.

**വഴിപാടുകൾ**

വഴിപാടുകളിൽ മുഖ്യമായത് കാണിക്കയാണ്. കൊടി മരമുള്ള ക്ഷേത്രങ്ങളിൽ കൊടിമരച്ചുവട്ടിലാണു കാണിക്കയർപ്പിക്കേണ്ടത്. കൊടിമരമില്ലാത്ത ക്ഷേത്രത്തിൽ , ക്ഷേത്രത്തിനുള്ളിലേക്കു കടക്കുന്ന വാതിലിന്റെ പടിയിൽ കാണിക്കയർപ്പിക്കണം. കാണിക്കയർപ്പിക്കുന്നതിലൂടെ ഭക്തൻ ഭൗതികജീവിതമോഹം വെടിയുകയും അതിലൂടെ ദേവ ദർശനത്തിന് അനുമതി നേടുകയും ചെയ്യുന്നുവെന്നാണ് വിശ്വാസം. കാണിക്ക കഴിഞ്ഞാൽ വിളക്ക്(എണ്ണ നൽകൽ) , മാല, പുഷ്പാഞ്ജലി(അർച്ചന), അഭിഷേകം, പായസം എന്നിവയാണ് പൊതുവേയുള്ള വഴിപാടുകൾ. എന്നാൽ ശിവന് പുറകിൽവിളക്കും ഭസ്മം, ജലം, ക്ഷീരം എന്നിവകൊണ്ടുള്ള ധാരയും പ്രത്യേക വഴിപാടുകളാണ്. ഗണപതിക്ക് ഒറ്റയപ്പവും, മോദകവും മഹാവിഷ്ണുവിനും ശ്രീകൃഷ്ണനും പാൽപ്പായസവും വിശിഷ്ട വഴിപാടുകളാണ്. ശാസ്താവിന് നീരാജനം പ്രത്യേക വഴിപാടായി കഴിക്കുന്നു. മഹാവിഷ്ണുവിന് കളഭം, പാല് ഇവകൊണ്ടും, മുരുകന് പഞ്ചാമൃതം, പനിനീർ ഇവകൊണ്ടുമുള്ള ധാരയും വിശേഷമാണ്.

വഴിപാടുകൾ കഴിക്കുന്നത് ദേവപ്രീതിക്കും അതുവഴി ആയുരാരോഗ്യ വർധനയ്ക്കും, ഉദ്ദിഷ്ടകാര്യസിദ്ധിയ്ക്കും അതുപോലെയുള്ള മറ്റു ഫലങ്ങൾക്കുമാണ്. സാധാരണയായി കഴിക്കുന്ന വഴിപാടുകളും അവയുടെ ഫലങ്ങളും താഴെ പറയുന്നു. യഥാശക്തി വഴിപാട് എന്നാണു പ്രമാണം. അത് കാണിക്ക,വിളക്ക്, മാല തുടങ്ങിയവയിൽ ഒതുങ്ങുന്നു. എന്നാൽ കാലദോഷമകറ്റുന്നതിനും മറ്റുമായി ജ്യോതിഷ പണ്ഡിതൻമാർ വിശേഷാൽ വഴിപാടുകൾ കഴിക്കാൻ നിർദ്ദേശിക്കാറുണ്ട്. അവ അതതു കാലങ്ങളിൽ മാത്രം കഴിച്ചാൽ മതിയാകും.

(കടപ്പാട് ഃ ഹൈന്ദവ ജീവിത ആചാരങ്ങളും അനുഷ്ഠാനങ്ങളും കുരുക്ഷേത്രപ്രകാശൻ)

# വഴിയോരക്കാഴ്ചകൾ

ശ്രീമതി. ശാന്താ രാജൻ

പ്രഭാതം പൊട്ടി വിടരുന്നതേയുള്ളൂ. തിരുവാതിര ദിവസമായതിനാൽ ശിവക്ഷേത്രത്തിൽ തൊഴുവാൻ അതിരാവിലെ തന്നെ ഞങ്ങൾ പുറപ്പെട്ടു. ധനു മകരമാസത്തിലെ ചെറു തണുപ്പ് മനസ്സിന് വളരെ ഉത്സാഹത്തെ തന്നു. മനസ്സറിയാതെ വഴിയോരക്കാഴ്ചകളിലേയ്ക്ക് മനസ്സും, കണ്ണും പാഞ്ഞു. പ്രഭാതസവാരി ശീലമാക്കിയ ആൾക്കാർ കൈവീശിനടക്കുന്നു. നാൽക്കവലയിൽ പൊട്ടും, ഭസ്മക്കുറിയും ഇട്ട പൂ ചൂടിയ തമിഴ് സ്ത്രീകൾ അവരുടെ ബന്ധുക്കളും, മക്കളും, സുഹൃത്തുക്കളും, സഹോദരൻമാരുമടങ്ങുന്ന കുടുംബത്തോടൊപ്പം പലസ്ഥലങ്ങളിൽ ജോലിക്കു പോകുവാനായി, അവരുടെ വണ്ടികൾ കാത്തു നിൽക്കുന്നു. മിക്കവരുടെ കൈയ്യിലും ചെറു ചോറ്റു പാത്രങ്ങളും, ജോലിസമയത്തു ധരിയ്ക്കുവാൻ പറ്റിയ വസ്ത്രങ്ങൾ അടങ്ങിയ ബാഗുകളും, ഉണ്ട്. സ്ത്രീകൾ നിർത്താതെ വർത്തമാനം പറഞ്ഞു കൊണ്ടേയിരിക്കുന്നു. സ്ത്രീകൾക്കു മാത്രം സഹജമായ സ്വഭാവ വിശേഷം.

ക്ഷേത്രത്തിനു സമിപമെത്തിയ ഞങ്ങൾ അമ്പലത്തിലെ മൈതാനത്ത് കാർ പാർക്കു ചെയ്തു. വേഗം തൊഴുതു വരണമെന്ന തീരുമാനത്തിൽ പോയെങ്കിലും നട തുറക്കാൻ വളരെ താമസിച്ചു. പുരാതന ക്ഷേത്രമായതിനാൽ വളരെ ചിട്ടയുള്ള അമ്പലമാണത്. ആചാരങ്ങളും, നിഷ്ഠകളും ശ്രദ്ധയോടെ പരിപാലിച്ചു പോരുന്നു. പശുക്കിടാവ് കരഞ്ഞാൽ മാത്രമേ അന്ന് നട തുറക്കു. കിടാവ് കരയാൻ താമസിച്ചത് നട തുറക്കാനും വൈകി. ആൾക്കാർ അക്ഷമയോടെ അവിടെ ആൽത്തറയിലിരുന്നും, നടന്നുമെല്ലാം കഴിച്ചുകൂട്ടി. നടതുറന്നതു താമസിച്ചാണെങ്കിലും ഭംഗിയായി തൊഴുത്, വഴിപാടുകളും നടത്തി വേഗം ഇറങ്ങി. ആറാട്ടു ദിവസമായതിനാൽ അന്നത്തെ പരിപാടികൾ മൈക്കിൽ കൂടി പറഞ്ഞു കൊണ്ടേയിരുന്നു. കടത്തിണ്ണകളിൽ പലരും ഉറക്കമെഴുന്നേറ്റ് കച്ചവടങ്ങൾക്ക് ധൃുതിയായി ഒരുങ്ങുന്നു. ചിലർ പച്ചക്കറികളും, പഴങ്ങളും ഷീറ്റിൽ നിരത്തി വയ്ക്കുന്ന തത്രപ്പാടിലും. സ്ത്രീകൾ സിമൻറു ചട്ടിയും, പുരുഷൻമാർ മമ്മട്ടിയും ഏന്തി ജോലി സ്ഥലങ്ങളിലേയ്ക്ക് ധൃുതിയിൽ നടന്നു പോകുന്നതു കാണാം. പത്തുമണിയായപ്പോഴേക്കും, വെയിലിനു ചൂടേറി വരുന്നു. ചില വീടുകളിലെ മതിലിന്നരികിൽ നിന്നും പൂത്തുലഞ്ഞു നിൽക്കുന്ന മാവിൻെറ കൊമ്പുകൾ വഴിയിലേക്ക് ചാഞ്ഞു കിടക്കുന്നതു നല്ല കാഴ്ചയാണ്. എന്തു ചന്തം എന്നു തോന്നും. മാർജിൻ ഫ്രീ ഷോപ്പ് തുറന്നപ്പോഴേക്കും ആൾക്കാരെ ക്കൊണ്ടു നിറഞ്ഞു തുടങ്ങി. അതിനു മുൻപിലുള്ള മരത്തിലും പരസ്യങ്ങൾ പതിച്ചു വച്ചിരിയ്ക്കുന്നു. എതിർ വശത്തുള്ള എ.ടി.എം.സെൻററിൽ ആളുകൾ വന്നു പൈസ എടുത്തു തുടങ്ങി. അതിനു തൊട്ടടുത്തുള്ള പഴക്കച്ചവടക്കാരൻ കണ്ടപ്പോഴേയ്ക്കും പരിചയം ഭാവിയ്ക്കുന്നു. നല്ല പഴങ്ങൾ നോക്കി തിരഞ്ഞു തരുന്നു. തൊട്ടടുത്തുള്ള ഹോസ്പിറ്റലിലും, മെഡിക്കൽ ഷോപ്പിലും ആൾക്കാർ കയറിത്തുടങ്ങി. അതിനരികിലുള്ള പുതിയതായി തുറന്ന കാർ വർക്ക്ഷോപ്പിലും കസ്റ്റമേഴ്സ് വന്നു തുടങ്ങി. ഒരു വിധം ഉണർന്ന് സജീവമായി തുടങ്ങി. വീട്ടു ജോലിക്കു പോകുന്ന സ്ത്രീകളും, പെൺ കുട്ടികളും എത്ര ഉത്സാഹത്തോടെ ജോലിക്കു പോകുന്നു. വൃത്തിയുള്ള ഡ്രസ്സ് ധരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുന്നു. നല്ലൊരു ഹാൻഡ് ബാഗും, കുടയും കാണും കയ്യിൽ. പലതരം അതൃപ്തി അവരുടെ മനസ്സിൽ ഉണ്ടെങ്കിലും ഉള്ള വരുമാനം കൊണ്ട് അവർ ജീവിതം നല്ല പോലെ ആസ്വദിക്കുന്നതായി കാണാം. ചിട്ടികളും, കുടുംബശ്രീ പ്രവർത്തനങ്ങളും മറ്റും അവർക്കു വളരെ സഹായവും, ജീവിതത്തിൽ ഉത്സാഹത്തേയും, സന്തോഷത്തേയും നൽകുന്നു. പല പല പച്ചക്കറി കൃഷികളും വളരെ ഭംഗിയായി ലോൺ എടുത്ത് നടത്തി ലാഭം വീതിക്കുന്നു.ചില കൂട്ടർ ലോൺ എടുത്ത് ബസ് വാങ്ങി പകൽ 7 മണി മുതൽ രാത്രി 7 മണി വരെ സർവ്വീസ് നടത്തി ജനങ്ങൾക്ക് സഹായകരമാകുന്നു. മറ്റുള്ള ബസുകൾക്ക് വേണ്ടി കാത്തു നിൽക്കുന്ന ഇവർക്ക് ഇത് ഒരു ആശ്വാസ പ്രദമായ കാര്യ മാണ്. വർഷത്തിലൊരിക്കൽ അവർ ഗ്രൂപ്പായി പൈസ പിരിച്ച് പല അമ്പലങ്ങളും, വിനോദ സ്ഥലങ്ങളും സന്ദർശിക്കുന്നു.. അത് അവരുടെ സന്തോഷം നിറഞ്ഞ നിമിഷങ്ങൾ കുറെ സമയത്തേക്കെങ്കിലും പ്രാരാബ്ധങ്ങൾ മറന്ന് അവർ സന്തോഷം കണ്ടെത്തുന്നു.

പള്ളികളും മറ്റും ഇതുപോലെ വേളാങ്കണ്ണി തുടങ്ങിയ പുണ്യസ്ഥലങ്ങളിലേയ്ക്ക് പോകാനായി യത്നിച്ചു കൊണ്ട് ബോർഡുകൾ വച്ചിരിക്കുന്നു. ഊട്ടി, മൂന്നാർ, മുതലായ വിനോദ കേന്ദ്രങ്ങളിലേയ്ക്കും പോകാനായി അറേഞ്ച് ചെയ്യുന്നു.കയ്യിൽ നിന്നും മുഴുവൻ പൈസ എടുത്തു പോകാൻ പറ്റാത്തവർക്ക് ഇത് എത്ര അനുഗ്രഹം, ഓർക്കുമ്പോൾ സന്തോഷം തോന്നും.

വഴിയിൽ ഇടയ്ക്ക് സെൻറ്. ആൻറണീസ് പോലുള്ള അനാഥാലയങ്ങളുടെ ബോർഡുകളും കാണാം. അവരുടെ മതിലിൽ യേശുവിൻെറ വചനങ്ങൾ എഴുതിയിരിക്കുന്നത് വായിക്കുകയെന്നതും രസകരമായ ഒരനുഭവം. കുറച്ചു വായിക്കുമ്പോൾ തന്നെ നമ്മുടെ മനസ്സിന് ഒരു ലാഘവത്വം വരും. അവിടത്തെ അന്തേവാസികളെക്കുറിച്ച് ഓർക്കുമ്പോൾ മനസ്സ് വല്ലാതെ വ്യാകുലപ്പെടാറുണ്ട്. വൃദ്ധസദനങ്ങളും, അവിടവിടെ കാണാം. വീട്ടിൽ അവഗണിയ്ക്കപ്പെടുന്നവർക്ക് ഒരു ആശ്വാസ കേന്ദ്രം അവിടെ മിക്കവരും സന്തുഷ്ടരാണെന്നുള്ളത് ഒരു വശം. ടാർപ്പോളിൻ നിക്കി തട്ടുകടകൾ അവിടവിടെയായി പ്രത്യക്ഷപ്പെടുന്നു. ഒരു സ്ഥലത്ത് പഴയ ഹെറാൾഡ് കാറും തട്ടുകടയായി രൂപാന്തരപ്പെടുത്തിയിരിക്കുന്നു. ആൾക്കാർ അവിടെ നിന്നും ഇവിടെ നിന്നും എത്തി ആഹാരം ആവശ്യപ്പെടുന്നു. മുട്ട, ഓംലെറ്റ് മുതൽ പൊറോട്ട, ഇടിയപ്പം, ചപ്പാത്തി, ചിക്കൻ കറി എല്ലാം സുലഭം. ചില നിർമ്മാണ

തൊഴിലാളികളും, ഫ്ളാറ്റുകളിൽ സെക്യൂരിറ്റി ആയി ജോലി നോക്കുന്നവരും 10 മണിയ്ക്കുള്ള ചായയും, കടിക്കുമായി അടുത്തുള്ള മുറുക്കാൻ കടയോടു ചേർന്നുള്ള ചായക്കടയിൽ എത്തുന്നു. എല്ലാവരും തിരക്കിലാണെങ്കിലും കുറച്ചു നേരമെങ്കിലും കുശലം പറയാൻ സമയം കണ്ടെത്തുന്നു. വസ്ത്രങ്ങൾ തേയ്ക്കുന്ന കടയിലെ തേപ്പുകാരൻ തേപ്പുപെട്ടി ചൂടാക്കുന്ന തിരക്കിലൂം.പുറത്ത് ധാരാളം തുണി കൂട്ടിയിട്ടിരിക്കുന്നു. ഇപ്പോൾ തേയ്ക്കാനുള്ള തിരക്ക് ദിനം പ്രതി കൂടി വരുന്നു. സാധനങ്ങളുടെ വിലക്കയറ്റം അവരേയും ഒരുതരത്തിൽ അല്ലെങ്കിൽ മറ്റു തരത്തിൽ ബാധിക്കുന്നു. അവരേയും കുറ്റം പറയാൻ പറ്റില്ല. സിനിമാ തിയേറ്ററുകൾക്ക് പുറത്ത് വച്ചിരിക്കുന്ന പോസ്റ്ററുകൾക്കു മുൻപിൽ ആൾക്കാർ തിങ്ങിക്കൂടി നിൽക്കുന്ന കാഴ്ച കാണാം. ടിക്കറ്റ് മേടിയ്ക്കാനുള്ള ക്യൂ വരിവരിയായി റോഡിനരികെ വരെ എത്തിയിരിക്കുന്നു. എല്ലാ ഷോകൾക്കും തിരക്കുതന്നെ. മറ്റുള്ള പ്രാദേശിക ഭാഷ സിനിമകളും നമ്മുടെ നാട്ടിൽ സുലഭം തന്നെ. അതു മലയാളിയുടെ ഒരു പ്രത്യേകത. മറ്റുള്ള ഭാഷകളിലെ ഗാനങ്ങൾ ആലപിക്കാനും ഏതു ഭാഷയിലുള്ള സിനിമകൾ ആസ്വദിക്കുവാനുമുള്ള കഴിവ്, സിനിമയിലെ നൃത്തങ്ങളും, ഫൈറ്റും എല്ലാവർക്കും പ്രിയം. വഴിനീളെ സ്വർണ്ണക്കടകളുടെ ബോർഡ് വച്ചിരിക്കുന്നു. സ്വർണ്ണക്കടകളിലും, വിവിധ തരം വസ്ത്രങ്ങളുടെ കടകളിലും തിക്കും തിരക്കും തന്നെ. ആളുകൾക്ക് എന്തു ബുദ്ധിമുട്ടുകൾ ഉണ്ടെങ്കിലും ഇവിടെയെല്ലാം തിക്കിനും തിരക്കിനും ഒരു കുറവുമില്ല.

പുതിയ കാറുകളുടെ ഷോ റൂമുകൾ കാണാൻ എന്തു ചന്തം. കയ്യിൽ എണ്ണാവുന്ന മോഡൽ കാറുകൾ ഓടിയിരുന്ന സ്ഥലത്ത് വിവിധ തരം കാറുകൾ അങ്ങോട്ടും ഇങ്ങോട്ടും ചീറിപ്പായുന്നു. ഇതിനിടയിൽ മത്സരിച്ചോടുന്ന ബൈക്കുകളും. വഴിയിൽ കൂടി പേടിയില്ലാതെ നടക്കാൻ വയ്യ എന്ന സ്ഥിതി. റോഡിനരികിലുള്ള പൊട്ടിയ ടാപ്പുകളും പ്രശ്നം തന്നെ.

രാഷ്ട്രീയ പാർട്ടിയുടെ പ്രമുഖരുടെ ഫ്ളക്സ് ബോർഡുകൾ പലതരത്തിലും, വിധത്തിലും, മരങ്ങളിലും, മതിലുകളിലും കാണാം. കൂറ്റൻ പോസ്റ്ററുകളുടെ ഒരു നിര തന്നെ എങ്ങും. റോഡിൻെറ ഒരു വശത്ത് പുരാതന വനിതാ ക്രിസ്ത്യൻ കോളേജ് തലയെടുപ്പൊടെ നിൽക്കുന്നു. 50 വർഷം മുൻപ് അവിടെ പഠിക്കുവാനുള്ള ഭാഗ്യം ഈ ലേഖികയ്ക്കും ഉണ്ടായിരുന്നു.ഇപ്പോഴും അതു കാണുമ്പോൾ അഭിമാനം തോന്നും.മറുവശത്ത് കായലിന്നരികെയുള്ള പാർക്കും കാണാം. രണ്ടിനുമിടയിൽ ഓട്ടോറിക്ഷാ, ബസ് എല്ലാം ഓടുന്നു. പാർക്കിനും, കായലിനും ഇടയ്ക്കുള്ള മതിലിൽ ഇരുന്നാൽ ചെറിയ ബോട്ടുകളും, നങ്കൂരമിട്ടിരിക്കുന്ന കപ്പലുകളും, ചെറിയ മത്സ്യം പിടിക്കുന്നവരുടെ തോണികളും കാണാം.

പാർക്കിനു വെളിയിൽ കപ്പലണ്ടി വിൽക്കുന്നവരേയും അതു വാങ്ങാൻ തിരക്കു കൂട്ടുന്നവരേയും കാണാം. കുറച്ചു കൂടി വരുമ്പോൾ പുരാതന ശിവക്ഷേത്രം സ്ഥിതി ചെയ്യുന്നു. അതിൻെറ മതിൽകെട്ടിന്നരികിൽ ആനകൾ പട്ട തിന്നുന്ന കാഴ്ചയും ഒരു ദൃശ്യമാണ്. നാട്ടിൻ പുറത്തിൻെറ കുലീനതയും, നഗരത്തിൻെറ പ്രൗഢ ഗംഭീരതയും ഒന്നിച്ചിടകലർന്ന് തലയെടുപ്പോടെ നിൽക്കുന്ന നഗരം- സുന്ദരം മനോഹരം.

# സഹകരണ ചെറുകഥാ പുരസ്ക്കാരം

മട്ടാഞ്ചേരി മഹാജനിക് സഹകരണ അർബൻ ബാങ്ക് സ്റ്റാഫ് യൂണിയൻ (KCEU,CITU) നൽകുന്ന സഹകരണ ചെറുകഥാ പുരസ്കാരത്തിനുള്ള സൃഷ്ടികൾ ക്ഷണിക്കുന്നു. 14 മുതൽ 21 വരെ പ്രായമുള്ള വിദ്യാർത്ഥികൾക്ക് പങ്കെടുക്കാം. പ്രമുഖ സാഹിത്യകാരൻമാർ അടങ്ങുന്ന ഒരു പാനലാണ് കഥകൾ തെരഞ്ഞെടുക്കുന്നത്. പത്ത് പേജിൽ കവിയാത്ത ചെറുകഥകൾ 2013 മെയ് മാസം 15 ന് മുമ്പ് ശ്രീ.സി.സി.സ്റ്റാലിൻ, സ്റ്റാഫ് യൂണിയൻ പ്രസിഡന്റ് (KCEU[CITU) (M.M.C.Urban Ltd, Mundamveli Branch, Kochi-682507എന്ന വിലാസത്തിൽ അയക്കുവാൻ താൽപര്യപ്പെടുന്നു. മൊബൈൽ : 9995136140, 9446351932.

## എൽഡർ സിറ്റിസൺസ് ഫാറം
### 25.4.2013 മുതൽ 20.5.2013 വരെയുള്ള പരിപാടികൾ

| തീയതി | പ്രഭാഷകൻ | വിഷയം |
|---|---|---|
| 25. 4. 2013 | ശ്രീ.പി.വി.മാധവൻപിള്ള | മാന്യതയും മനുഷ്യജീവിതവും |
| 02. 5. 2013 | മേജർ നായർ | ഹോം സേഫ്റ്റി |
| 09. 5. 2013 | ശ്രീമതി.ചന്ദ്രികാ രാമചന്ദ്രൻ | മുടിയേറ്റ് |
| 16. 5. 2013 | ടി.കെ.ശ്രീകുമാരൻ നായർ | സ്ത്രീപീഢനം |


IT IS NOT AN OLD AGE HOME. IT IS YOUR OWN HOME!
Ernakulam Karayogam proudly presents
PRASANTHI
A home for the aged & Ladies Hostel

South Janatha Road,
Palarivattom,
Ernakulam,
Kochi - 682 025
Phone: 0484-2345061

# ഭാരതീയ സംസ്ക്കാരം

ടി.കെ.ശ്രീകുമാരൻ നായർ

**വേ**ദങ്ങളും, ഇതിഹാസങ്ങളും, പുരാണങ്ങളും, സ്മൃതികളും, ഉപനിഷത്തുകളും ആണ് ഭാരതീയ സംസ്ക്കാരത്തിന്റെ അടിവേരുകൾ. ഇങ്ങിനെ ചില പ്രബന്ധങ്ങൾ ഉണ്ടെന്ന് അറിയാമെങ്കിലും അവ ഏതൊക്കെയാണെന്ന് അറിയാവുന്നവർ വളരെ ചുരുക്കമാണ്. അവരുടെ അറിവിലേക്കായി:-

വേദങ്ങൾ : 4

ഋഗ്, യജുസ്, സാമം, അഥർവ്വം.

ഇതിഹാസങ്ങൾ: 2

മഹാഭാരതം, രാമായണം.

പുരാണങ്ങൾ: 18

ബ്രാഹ്മം,പത്മം,വൈഷ്ണവം,വായവ്യം, ഭാഗവതം, നാരദീയം, മാർക്കണ്ഡേയം, ആഗ്നേയം, ഭവിഷ്യം, ബ്രഹ്മവൈവർത്തം, ലൈംഗികം, വാരാഹം, സ്കാന്ദം, വാമനം, കൗർമ്മം, മാത്സ്യം ഗാരുഢം, ബ്രഹ്മാണ്ഡം.

ഉപപുരാണങ്ങൾ:18

സനൽകുമാരം, നാരസിംഹം, നാരദീയം,ശൈവം, ഭൗർവാസസം, കാപിലം, മാനവം, ഔശാനസം, നന്ദികേശ്വരം, വാരുണം, കാളികം, മാഹേശ്വരം, സാംബം, സൗരം, കൽകി, ആദിത്യം, ദേവീഭാഗവതം, വാസിഷ്ഠം,

വിഷ്ണുവിനെ സംബന്ധിക്കുന്ന പുരാണങ്ങൾ 6

വിഷ്ണുപുരാണം, ഭാഗവതപുരാണം, നാരദീയ പുരാണം, ഗാരുഢപുരാണം, പാത്മപുരാണം, വരാഹപുരാണം.

ബ്രഹ്മാവിനെ സംബന്ധിക്കുന്നവ: 6

ബ്രാഹ്മപുരാണം, ബ്രാഹ്മവൈവർത്തപുരാണം, മാർക്കണ്ഡേയ പുരാണം, ഭവിഷ്യപുരാണം, വാമനപുരാണം, ബ്രാഹ്മണ്ഡപുരാണം.

പരമശിവനെ സംബന്ധിക്കുന്നവ: 6

വായുപുരാണം, ലിംഗപുരാണം, സ്കന്ദപുരാണം, അഗ്നിപുരാണം, മാത്സ്യപുരാണം, കൂർമ്മപുരാണം.

സ്മൃതികൾ: 18

മനു, അത്രി, വിഷ്ണു, ഹാരിതൻ, യജ്ഞവൽക്കൻ, ഉശനസ്സ്, അംഗിരസ്സ്, യമൻ, ആപസ്തംബൻ, സംവർത്തൻ, കാർത്യായനൻ, ബ്രഹസ്പതി, പരാശരൻ, വ്യാസൻ, ശംഖൻ, ലിഖിതൻ, ദക്ഷൻ, ഗൗതമൻ.

ഉപനിഷത്ത്

വേദങ്ങൾ ഓരോന്നിനും ഓരോ സംഹിതയുണ്ട്. ഈ സംഹിതകളെ ബ്രാഹ്മണങ്ങൾ എന്നു പറയുന്നു. ബ്രാഹ്മണങ്ങൾക്കു പിന്നീടുണ്ടായ അനുബന്ധങ്ങളാണ് ആരണ്യകങ്ങൾ. ആരണ്യകങ്ങളുടെ അനുബന്ധങ്ങളാണ് ഉപനിഷത്തുകൾ, വേദങ്ങളേയും, ആരണ്യകങ്ങളേയും, ഉപനിഷത്തുകളെയും കൂടിയാണ് വേദസംഹിത എന്നു വിളിക്കുന്നത്. ഉപനിഷത്തുകളെയാണ് വേദാന്തമെന്നു വിളിക്കുന്നത്. വേദാന്തങ്ങളെല്ലാം വേദകാലത്തിന്റെ അവസാനഭാഗംവരെയുള്ള ഓരോ കാലഘട്ടങ്ങളിലായി ഉണ്ടാക്കപ്പെട്ടവയാണ്.

ബ്രഹ്മസ്വരൂപത്തോടടുത്ത് സ്ഥിതിചെയ്യുന്നതാണ് ഉപനിഷത്തുകൾ. ഇത് വേദങ്ങളുടെ ജ്ഞാനകാണ്ഡമാണ്.

ഉപനിഷ്ത്തുകൾ പ്രത്യക്ഷത്തിൽ മന്ത്രങ്ങളുടെ വ്യാഖ്യാനങ്ങളാണെങ്കിലും അവയിൽ ജീവന്റെ ഉത്ഭവം, ലോകം, ആത്മാവ്, ദൈവം, ഇത്യാദികളുടെ തത്വങ്ങളെപ്പറ്റി യുക്തിയുക്തമായി ചർച്ച ചെയ്യപ്പെടുന്നു. അവയുടെ ഫലമായിട്ടാണ് ദർശനങ്ങളുണ്ടായിട്ടുള്ളത്.

ഉപനിഷ്ത്തുകൾ വളരെയധികം ഉണ്ടെങ്കിലും അവയിൽ പ്രധാനപ്പെട്ടവ 108 എണ്ണമാണ്. അവ:ഃ

1. ബ്രഹ്മോപനിഷത്ത്
2. ബ്രഹ്മവിദ്യാ ഉപനിഷത്ത്
3. ക്ഷുരികോപനിഷത്ത്
4. യോഗതത്ത്വ ഉപനിഷത്ത്
5. സുബാല ഉപനിഷത്ത്
6. മണ്ഡലബ്രാഹ്മണ ഉപനിഷത്ത്
7. കൗഷീതകി ബ്രാഹ്മണ ഉപനിഷത്ത്
8. ജാബാലദർശന ഉപനിഷത്ത്
9. ഹംസോപനിഷത്ത്
10. സ്വസംവേദ്യോപനിഷത്ത്
11. ജാബാല്യൂപനിഷത്ത്
12. മൈത്രേയീഉപനിഷത്ത്
13. ശാണ്ഡില്യപനിഷത്ത്
14. പരബ്രഹ്മോപനിഷത്ത്
15. കാരുദ്രോപനിഷത്ത്
16. കണ്ഡികോപനിഷത്ത്
17. ആരുണികോപനിഷത്ത്
18. സന്യാസഉപനിഷത്ത്
19. നാരദപരിവ്രാജകോപനിഷത്ത്
20. പൈംഗല ഉപനിഷത്ത്
21. മഹാവാക്യോപനിഷത്ത്
22. ആത്മബോധോപനിഷത്ത്
23. കൈവല്യോപനിഷത്ത്
24. ബ്രഹ്മബിന്ദൂപനിഷത്ത്
25. ആത്മോപനിഷത്ത്
26. പഞ്ചബ്രഹ്മോപനിഷത്ത്
27. ശാരീരികോപനിഷത്ത്
28. ശാട്യായനീയോപനിഷത്ത്
29. യാഞ്ജവൽക്യോപനിഷത്ത്
30. ജാബാലോപനിഷത്ത്

31. പരമഹംസ ഉപനിഷത്ത്
32. നിർവ്വാണ ഉപനിഷത്ത്
33. പരമഹംസപരിവ്രാജക ഉപനിഷത്ത്
34. ഭിക്ഷുകോപനിഷത്ത്
35. അവധൂത ഉപനിഷത്ത്
36. ഈശാവാസ്യോപനിഷത്ത്
37. കേനോപനിഷത്ത്
38. കഠോപനിഷത്ത്
39. പ്രശ്നോപനിഷത്ത്
40. മുണ്ഡകോപനിഷത്ത്
41. മാണ്ഡൂക്യോപനിഷത്ത്
42. ഐതരേയോപനിഷത്ത്
43. തൈത്തരിയോപനിഷത്ത്
44. ഛാന്ദോഗ്യോപനിഷത്ത്
45. ശ്വേതാശ്വതരോപനിഷത്ത്
46. ഗർഭോപനിഷത്ത്
47. മുദ്ഗലോപനിഷത്ത്
48. അക്ഷ്യൂപനിഷത്ത്
49. അദ്ധ്യാത്മോപനിഷത്ത്
50. മൈത്രായണ്യൂപനിഷത്ത്
51. ശിവസംകലോപനിഷത്ത്
52. ആശ്രമോപനിഷത്ത്
53. ദ്വയോപനിഷത്ത്
54. വജ്രസൂചികോപനിഷത്ത്
55. അഥർവ്വശിരോപനിഷത്ത്
56. സ്കന്ദോപനിഷത്ത്
57. സർവ്വസാരോപനിഷത്ത്
58. ശുകരഹസ്യോപനിഷത്ത്
59. മന്ത്രികോപനിഷത്ത്
60. പ്രണവോപനിഷത്ത്
61. സിരാലംബോപനിഷത്ത്
62. ഗായത്രീഉപനിഷത്ത്
63. അമൃതസദോപനിഷത്ത്
64. ഏകാക്ഷരോപനിഷത്ത്
65. നാദബിന്ദുപനിഷത്ത്
66. തുരീയാതീതോപനിഷത്ത്
67. യോഗരാജോപനിഷത്ത്
68. ആത്മപൂജോപനിഷത്ത്
69. യോഗചൂഡാമണ്യോപനിഷത്ത്
70. മഹോപനിഷത്ത്
71. ത്രിശിഖബ്രാഹ്മണോപനിഷത്ത്
72. അദ്വയതാരകോപനിഷത്ത്
73. പാശുപതബ്രഹ്മോപനിഷത്ത്
74. പ്രാണാഗ്നിഹോത്രോപനിഷത്ത്
75. യോഗകുണ്ഡലൗപനിഷത്ത്
76. ധ്യാനബിന്ദുപനിഷത്ത്
77. അക്ഷമാലികോപനിഷത്ത്
78. രുദ്രാക്ഷജാവാലോപനിഷത്ത്
79. രാമപൂർവ്വതാപിന്യൂപനിഷത്ത്
80. ഗോപാലപൂർവ്വതാപിന്യപനിഷത്ത്
81. കൃഷ്ണോപനിഷത്ത്
82. ഗണപത്യുപനിഷത്ത്
83. നൃസിംഹപൂർവ്വതാപിന്യൂപനിഷത്ത്
84. നൃസിംഹഷട്ചക്രോപനിഷത്ത്
85. ദക്ഷിണാമൂർത്തൗപനിഷിത്ത്
86. ശരഭോപനിഷത്ത്
87. രുദ്രോപനിഷിത്ത്
88. കാലാഗ്നിരുദ്രോപനിഷത്ത്
89. നീലരുദ്രോപനിഷത്ത്
90. രുദ്രഹൃദയോപനിഷത്ത്
91. ഗരുഡോപനിഷത്ത്
92. ലാംഗുലോപനിഷത്ത്
93. ഗായത്രീരഹസ്യോപനിഷത്ത്
94. സാവിത്രൗപനിഷിത്ത്
95. സരസ്വതീരഹസ്യോപനിഷത്ത്
96. ദേവ്യുപനിഷത്ത്
97. വഹ്വ്യചോപനിഷത്ത്
98. സൗഭാഗ്യലക്ഷ്മ്യുപനിഷത്ത്
99. ത്രിപുരോപനിഷത്ത്
100. സീതോപനിഷത്ത്
101. രാധോപനിഷിത്ത്
102. തുളസ്യൂപനിഷത്ത്
103. നാരായണോപനിഷത്ത്
104. സൂര്യോപനിഷത്ത്
105. ഭാവനോപനിഷത്ത്
106. ചതുർവ്വേദോപനിഷത്ത്
107. ചാക്ഷഷോപനിഷത്ത്
108. കലിസംതരണോപനിഷത്ത്

## എറണാകുളം കരയോഗം വിമൺസ് ഫോറം ഏപ്രിൽ 2013

| തീയ്യതി | സമയം | മുഖ്യപ്രഭാഷകർ | വിഷയം |
|---|---|---|---|
| 10.4.2013 ബുധൻ | 4.00 PM | ശ്രീമതി.ഷീല പരമേശ്വരൻ | പാചക ക്ലാസ്സ് (പലഹാരങ്ങൾ) |
| 24.4.2013 ബുധൻ | 4.00 PM | | അംഗങ്ങളുടെ ഒത്തുകൂടൽ |

## എറണാകുളം കരയോഗം

**ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2013 മാർച്ച് മാസത്തിൽ സംഭാവന നൽകിയവർ**

| | | |
|---|---|---|
| 1 | ഡോ.സതീഷ് കുമാർ.പി.ശ്രീയുക്ത,ഗിരിനഗർ,കൊച്ചി 20 | ₹ 10000 |
| 2. | ഡോ. ഹരിദാസ് പി.എസ്, എ 3, മുല്ലോത്ത്, അമ്പാടി എൻക്ലൈവ് അമ്പാടി ലൈൻ, ചിറ്റൂർ റോഡ് കൊച്ചി 11 | ₹ 6000 |
| 3. | വെൽവിഷർ | ₹ 5000 |
| 4. | കമലാക്ഷൻ പി.ആർ.എ 25, ബി.ടി.എസ്.റോഡ്, ഇടപ്പള്ളി. കൊച്ചി 25 | ₹ 5000 |

# ഈശ്വരൻ നമ്മളിലുണ്ട്



– V.K.Venugopal.B.A.,B G L
Industrial consultant

മനുഷ്യമനസ്സിന് രണ്ടു തലങ്ങളുണ്ട്. ഒന്ന് എല്ലാം കാണുകയും കേൾക്കുകയും ചെയ്യുന്ന ബോധമനസ്സ്. രണ്ട് അതിനു താഴെയായി ശാസ്ത്രീയമായി വിശ്രമമില്ലാതെ24 മണിക്കൂറും പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന, മനസ്സിനെയും ശരീരത്തെയും പ്രവർത്തിപ്പിക്കുന്ന ഉപബോധമനസ്സ് ആത്മാവ് അഥവാ Soul. ഒരാളുടെ മനസ്സ് എത്രമാത്രം പവിത്രമായിരിക്കുന്നുവോ അയാളിൽ അത്രമാത്രം, പരമാത്മാവ്പരിശുദ്ധാത്മാവ്പ്രവർത്തിക്കുന്നു. ഉപബോധ മനസ്സ് പ്രവർത്തിക്കുന്നത് ഒരാളുടെ വിശ്വാസത്തിനനുസരിച്ചാണ്. വിശ്വാസം ചിന്ത തന്നെയാണ്. ഒരാളുടെ ചിന്തകളെയാണ് അയാൾ യാഥാർത്ഥ്യമാക്കുന്നത്. ഒരാളുടെ മനസ്സിൽ വരുന്ന മാറ്റങ്ങളാണ് അയാളുടെ ജീവിതത്തിൽ മാറ്റങ്ങൾ വരുത്തുന്നത്.

പ്രാർത്ഥനയ്ക്ക് ഫലമുണ്ട്. നമ്മുടെ ആഗ്രഹങ്ങൾ നേടിയെടുക്കാൻ വേണ്ട ശക്തി നമ്മളിൽ തന്നെയുണ്ട്. ഞാനെന്ന ഭാവം കളഞ്ഞ് ശുദ്ധമായ ശരീരത്തോടും പവിത്രമായ മനസ്സോടും കൂടി ധാരാളം ശുദ്ധവായു കിട്ടുന്ന സ്ഥലത്ത് ഏകാന്തതയിൽ പ്രത്യേകിച്ച് രാത്രിയിൽ ഉറങ്ങുന്നതിനു മുമ്പായി പലപ്രാവശ്യം, പലദിവസങ്ങളിൽ മാസങ്ങളോളം ആവർത്തിച്ച് നാം നമ്മുടെ ഉപബോധമനസ്സിനോട് എന്തപേക്ഷിക്കുന്നുവോ അവ നടന്നിരിക്കും. ഉപബോധ മനസ്സിന്റെ സ്വരംശ്രദ്ധിക്കുകയും, അവ നടപ്പിലാക്കുകയും ചെയ്യണം. നമ്മുടെ ഉള്ളിലുള്ള ശക്തി ഉപയോഗിക്കുവാൻ നാം ശീലിക്കണം. ആരോഗ്യം, സുഖം,ധനം,ഉയർച്ച,സ്വത്ത് മുതലായ എന്തും ഈ രീതിയിൽ നേടിയെടുക്കാം.നമ്മളിൽ ഈശ്വരൻ പ്രവർത്തിക്കാൻ തുടങ്ങുമ്പോൾ നാം ദേവന്മാരെപ്പോലെയും, ദേവതമാരെപ്പോലെയും ആയിത്തീരും. ഇത് ഈശ്വരനെ പ്രാർത്ഥിക്കാനും പ്രാപിക്കാനുമുള്ളശാസ്ത്രീയ മാർഗ്ഗമാണ്. ശാസ്ത്രം ഈശ്വരാധീനം തന്നെയാണ്. ശാസ്ത്രജ്ഞൻമാർ കണ്ടുപിടിത്തങ്ങൾ നടത്തിയിട്ടുള്ളത് ഈ വിധത്തിൽ ഏകാന്തതയിലുള്ള തപസ്യയിൽ കൂടിയാണ്. അവർക്ക് കിട്ടിയ അറിവ് പുറമേനിന്ന് മറ്റാരും പറഞ്ഞു കൊടുത്തവയല്ല.

മാനവഹൃദയം ഒരു ദേവാലയമാണ്. അതിലെ ദേവന് സ്വന്തം മനസ്സിനേയും മറ്റുള്ളവരുടെ മനസ്സിനേയും ഹീൽ ചെയ്ത് സ്വന്തം ദുഃഖത്തേയും മറ്റുള്ളവരുടെ ദുഃഖത്തേയും ഇല്ലാതാക്കാൻ സാധിക്കും. പ്രാർത്ഥനയിലൂടെ ധ്യാനത്തിലൂടെ നമ്മുടെ സകല പ്രശ്നങ്ങൾക്കും ഉത്തരം നേടാനും സാധിക്കും. പിന്നീട് അവ നടപ്പിലാക്കിയാൽ മാത്രം മതി. നമ്മുടെ പ്രശ്നങ്ങൾക്ക് നമ്മുടെ ഉപബോധ മനസ്സിൽ നിന്നു കിട്ടുന്നതു പോലെയുള്ള പരിഹാര മാർഗ്ഗം ഈ ലോകത്ത് മറ്റൊരിടത്തു നിന്നും കിട്ടുകയില്ല. ശരീരത്തെ നിർമ്മിച്ചിട്ടുള്ളതും, പ്രവർത്തിപ്പിക്കുന്നതും ആരോഗ്യം നിലനിർത്തുന്നതും ഉപബോധമനസ്സാണ്. ഒരാളുടെ ചിന്തകളെ മാറ്റിയാൽ അയാളുടെ വിധിയെത്തന്നെ മാറ്റിയെടുക്കാൻ സാധിക്കും. ഒരാളുടെ മനസ്സ് കൊണ്ട് നല്ലത് ചിന്തിച്ചാൽ അയാൾക്ക് നല്ലത് വരും. ചീത്ത ചിന്തിച്ചാൽ അയാൾക്ക് ചീത്ത വരും. To every action there is an equal and opposite reaction. എന്നത് ഭൗതീകശാസ്ത്രത്തിൽ മാത്രമല്ല മനസ്സിന്റെ കാര്യത്തിലും ശരി തന്നെയാണ്. നമുക്ക് നന്മ വരാനുള്ള മാർഗ്ഗം നാം മറ്റുള്ളവർക്ക് നന്മ ചെയ്യുക എന്നതാണ്. ഓരോ ആളിന്റെയും മനസ്സ് നിൽക്കേണ്ടിടത്ത് നിൽക്കാതെ വരുമ്പോഴാണ് കുടുംബത്തിലും സമൂഹത്തിലും സകല പ്രശ്നങ്ങളും ഉണ്ടാകുന്നത്. ഓരോ ആളിന്റെയും മനസ്സ് നിൽക്കേണ്ടിടത്തു നിന്നാൽ മനസാവാചാ കർമ്മണ്ണാ കുടുംബത്തിലും സമൂഹത്തിലും യാതൊരു വക പ്രശ്നങ്ങളും ഉണ്ടാവുകയില്ല.

‘‘ലോകാസമസ്താ സുഖിനോ ഭവന്തു”എന്ന് പ്രാർത്ഥിക്കുന്ന ആളിന്റെ ഉയർച്ചയ്ക്ക് അതിരുണ്ടാവില്ല എന്നാണ് പുരാണങ്ങൾപോലെ തന്നെ മനഃശാസ്ത്രവും പറയുന്നത്. ആരോഗ്യം പോലെ തന്നെ രോഗവും ഒരാളുടെ മനസ്സിൽ നിന്നാണ് ആരംഭിക്കുന്നത്. ചില മാദ്ധ്യമങ്ങളിൽ കൂടിയും മറ്റും നമ്മുടെ മനസ്സിലേയ്ക്കും മനസ്സിൽ നിന്ന് ശരീരത്തിലേയ്ക്കും നെഗറ്റീവ് എനർജി പ്രവേശിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.നെഗറ്റീവ് എനർജി മനസ്സിൽ പ്രവേശിച്ചാൽ അതകാലത്തിൽമാനസികവും ശാരീരകവുമായരോഗത്തിന് ഇടവരുത്തും. അസൂയ, ഭയം, മനഃ പ്രയാസം, ഭാവിയെക്കുറിച്ചുള്ള അമിതമായ ഉൽക്കണ്ഠ മുതലായവ നമ്മുടെ ഞരമ്പുകളെ കേടുവരുത്തുകയും, മാനസികവും ശാരീരികവും ആയ വിഷമങ്ങൾക്കിടവരുത്തുകയും, ജീവിതത്തിൽ വൻ തകർച്ചകൾ ഉണ്ടാക്കുകയും ചെയ്യും. എല്ലാ ദിവസവും ശാന്തമായി ഉറങ്ങുകയും സന്തോഷമായി ഉണരുകയും വേണം.

ഒരാൾ ആരോഗ്യവാനാകുന്നതും, മറ്റൊരാൾ രോഗിയാകുന്നതും, ഒരാൾ ദരിദ്രനാവുന്നതും, മറ്റൊരാൾ ധനികനാവുന്നതും പ്രധാനമായും മാനസികമായ കാരണങ്ങൾ കൊണ്ടാണ്. ഒരാളുടെ ജീവിതത്തിലെ ഉയർച്ച അയാളുടെ മനസ്സിനെ ആശ്ര യിച്ചാണ് ഇരിക്കുന്നത്. പ്രതികൂല സാഹചര്യങ്ങളെ അനുകൂലമാക്കാൻ വേണ്ട മനസ്സാണ് നമാക്കാവശ്യം. നാം ഉണരുമ്പോൾതൊട്ട് ഉറങ്ങുന്നത് വരേയും സ്വന്തം മനസ്സിനേയും മറ്റുള്ളവരുടെ മനസ്സിനേയുമാണ് കൈകാര്യം ചെയ്യേണ്ടി വരുന്നത്. അതിനാൽ നമുക്ക് ഒന്നാമതായി വേണ്ട അറിവ് മനുഷ്യ മനസ്സിനെപ്പറ്റിയുള്ള അറിവാണ്. നമുക്ക് വേണ്ടതിനെ സ്വീകരിക്കാനും പുകവലി, മദ്യപാനം പോലെ നമുക്ക് വേണ്ടത്ത

(ശേഷം 14–ാം പേജിൽ)

# കുട്ടിയുടെ സമഗ്ര വികസനത്തിന് സംയോജിതശിക്ഷണം

**ധൈ**ഷണിക വികാസത്തിന് കൈകാലുകൾ, കണ്ണ്, ചെവി, മൂക്ക് എന്നീ അംഗങ്ങളുടെ വ്യായാമ പരിശീലനങ്ങൾ ആവശ്യമാണെന്നാണ് എന്റെ വിശ്വാസം. മറ്റൊരു വിധത്തിൽ പറഞ്ഞാൽ കുട്ടിയുടെ ശരീരഘടകങ്ങളുടെ വിവേകപൂർണമായ പ്രയോഗമാണ് അവന്റെ ധൈഷണിക വികാസം സാധ്യമാക്കുന്നത്. എന്നാൽ ഇതിനൊപ്പം കുട്ടിയുടെ ആത്മീയതയും ഉണർത്തപ്പെടുന്നില്ലെങ്കിൽ ആദ്യത്തേതിന്റെ താളപ്പൊരുത്തം നഷ്ടപ്പെടാനിടയുണ്ട്. ആത്മീയതയുടെ ഉണർവ് എന്നതുകൊണ്ടുദ്ദേശിക്കുന്നതു തന്നെയാണ് മനഃശിക്ഷണം. കുട്ടിയുടെ കായികവും, ആത്മീയവുമായ സിദ്ധികളുടെ സംയോജിതവും, സമഗ്രവുമായ വികാസത്തിന്റെ ഫലമാണ് മനോവികാസമെന്നും പറയാം. വേർതിരിവ് അസാധ്യമായ ഒരവിഭാജ്യ സമഗ്രതയാണിത്. ഓരോ ഘട്ടത്തിന്റേയും വേറിട്ട ശിക്ഷണത്തിലൂടെ സമഗ്രതയിലെത്താമെന്നത് മിഥ്യാദർശനമാണ് .

ശാരീരികവും ആത്മീയവുമായ സിദ്ധികളുടെ ശരിയായ ഏകോപനമില്ലാത്തതിന്റെ ദൂഷ്യഫലങ്ങൾ അനേകമുണ്ട്. നാമൊരു ദൂഷിതവലയത്തിനുള്ളിൽ പെട്ടതിനാലാണ് അവ നമുക്കപ്രത്യക്ഷമാകുന്നത്. നമ്മുടെ ഗ്രാമജനത്തിന്റെ കാര്യം തന്നെയെടുക്കുക. പകലന്തിയോളം അവർ പോത്തുകളെപ്പോലെ വയലിൽ പണിയെടുക്കുന്നു. കഠിനാദ്ധ്വാനക്ലേശത്തിന്റെ പെരും ചുമടാണവർക്കു ജീവിതം. അവിടെ ഉദാത്ത ജീവിതത്തിന്റെ ഒരു ക്ഷണസ്ഫുരണംപോലും



ചെന്നെത്തുന്നില്ല. മൃഗതുല്യ സ്ഥിതിയിലേയ്ക്ക് അവർ താഴ്ത്തപ്പെട്ടിരിക്കുന്നു. ഇനി മറുപുറം. വിദ്യാഭ്യാസത്തിന്റെ പേരിൽ നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംഭവിച്ചു കൊണ്ടിരിക്കുന്നത് ധൈഷണികധൂർത്തിന്റെ കൂത്താട്ടമാണ്. ഇതിൽ കൈത്തൊഴിലിനും കായികാദ്ധ്വാനത്തിനും ഒരു ബന്ധവുമില്ല. കായികസുസ്ഥിതിക്ക് വ്യായാമം വേണം. അതിന്റെ പേരിൽ അവർ കാട്ടിക്കൂട്ടുന്ന ഗോഷ്ടികൾക്ക് വല്ല കണക്കുമുണ്ടോ? അഭ്യസ്തവിദ്യനായ ചെറുപ്പക്കാരന് കായികശേഷിയുടെ കാര്യത്തിൽ സാധാരണ തൊഴിലാളിയുടെ കീഴിൽ നില്ക്കേണ്ടി വരും. നിസ്സാരമായ കായക്ലേശം പോലും അയാൾക്ക് തലവേദനയുണ്ടാക്കും. അല്പനേരം വെയിലേറ്റാൽ അയാൾ വാടിപ്പോകും. പക്ഷെ ഇതൊക്കെ സ്വാഭാവികം എന്നാണ് കരുതപ്പെടുന്നത്. മാനസികമായ കഴിവുകളെ കയറൂരി വിട്ടാൽ അനന്തരഫലങ്ങൾ ഏറെ വിനാശകരവും, വന്യവുമാകും. സാൻമാർഗികവും ആത്മീയവുമായ അരാജകത്വം; ഇതും പ്രശംസനീയം എന്നു വിശേഷിപ്പിക്കപ്പെടുന്നു. തുടക്കം തൊട്ടുതന്നെ മനഃശിക്ഷണം നേടുന്ന കുട്ടിയുടെ കാര്യമെടുക്കുക. നൂല്പോ, മരപ്പണിയോ, കൃഷിയോ ഏതായാലും ഒരു പണി കുട്ടി ഉത്സാഹിച്ചു പഠിക്കുന്നു എന്നു കരുതുക. ഇവിടെ കുട്ടി താൻ തിരഞ്ഞെടുക്കുന്ന തൊഴിലിന്റെ തത്ത്വം, ചരിത്രം, പണിക്കോപ്പുകൾ അവയുടെ പ്രയോഗവും, നിർമിതിയും എന്നിങ്ങനെ ഒരു പാടു സംഗതികൾ തൊഴിലുറപ്പിനൊപ്പം ആഗിരണം ചെയ്യുന്നുണ്ട്. സാധാരണനിലയിൽ ഒറ്റപ്പെട്ട ജ്ഞാനശകലങ്ങൾ കായികാദ്ധ്വാനത്തിലലിഞ്ഞ് ഒരു സമഗ്രതയായി സമന്വയം നേടുകയാണിവിടെ. ഇത്തരം വിദ്യാഭ്യാസം അവനുണ്ടാക്കി ക്കൊടുക്കുന്നത് ആരോഗദൃഢഗാത്രവും, അനുഭവ പരിചയത്തിൽ അധിഷ്ഠിതവും , സുപരീക്ഷിതവുമായ ധിഷണയുമാണ്. അവന്റെ പഠനപരിധിക്കു പുറത്തല്ല ഗണിതാദിശാസ്ത്രങ്ങൾ. ശാസ്ത്രജ്ഞാനവും തൊഴിലും അവനിൽ പരസ്പരപൂരകമായി വർത്തിക്കുന്നു. ഈ പരിപാടിയിൽ കലാ സാഹിത്യാദി പഠനങ്ങൾ കൂടി ഉൾപ്പെ ടുമ്പോൾ, അത് കായികവും ധൈഷണികവും ആത്മീയവുമായ സിദ്ധികളുടെ ആകമാനമായ മാനവികതയായി പരിണമിക്കുന്നു. മനുഷ്യന് സ്ഥൂല ശരീരമുണ്ട്. വിശേഷണ ബുദ്ധിയുണ്ട്. ആത്മാവുണ്ട്. എന്നാൽ ഇതെല്ലാം പരസ്പര ബന്ധമില്ലാതെ, വേറിട്ടു നില്ക്കുന്ന അവസ്ഥയിൽ മനുഷ്യനില്ല. വേർതിരിവ് അസാധ്യമായ ഇവയുടെ ഏകത്വമാണ് മനുഷ്യൻ.

മഹാത്മഗാന്ധി
(ഹരിജൻ 8.5.1937)

---

(13-ാം പേജിന്റെ തുടർച്ച)

തിനെ ഉപേക്ഷിക്കാനും ശീലിക്കണം. Universal energy നമ്മുടെ മനസ്സിലും ശരീരത്തിലും നിറയുമ്പോൾ അതു തന്നെ ഒരു ലഹരിയാകും. നമ്മുടെ മനസ്സിൽ നിധിയുണ്ട്. അവ വികസിപ്പിച്ചാൽ സ്വർഗ്ഗരാജ്യം നേടാം ഈ ജീവിതത്തിൽ ഈ ലോകത്ത് നമുക്ക് ഒന്നിന്റേയും കുറവുണ്ടാകില്ല. മഹാന്മാരായിട്ടുള്ള എല്ലാവരും ചെയ്തത് അതാണ്. ഞാൻ നിന്നിലുണ്ട് എന്ന് ഈശ്വരൻ പറഞ്ഞതിന്റെ പൊരുൾ അതാണ്. നമുക്ക് ദൈവം തന്ന ഈ ജീവിതത്തെയും, ഈ ലോകത്തെയും നല്ല രീതിയിൽ ഉപയോഗപ്പെടുത്താൻ നാം ശീലിക്കേണ്ടിയുരിക്കുന്നു. ലോക ചരിത്രത്തിൽ പറയുന്നതും, പുരാണങ്ങളിൽ പറയുന്നതും ശാസ്ത്രത്തിൽ പറയുന്നതും ആത്മാവിനും മരണമില്ല മോക്ഷമേ ഉള്ളൂ എന്നാണ്. മോക്ഷം കിട്ടാനുള്ള മാർഗ്ഗം മനസ്സിനെ-ആത്മാവിനെ പവിത്രമാക്കുക എന്നതു മാത്രമാണ്.

## പാചകപംക്തി

# പച്ചടി



രാമചന്ദ്രൻ. കെ

| | | |
|---|---|---|
| പൈനാപ്പിൾ | 1/2 | മുറി |
| ഏത്തപ്പഴം | 1 | എണ്ണം |
| മത്തൻ | 1 | കഷണം |
| പച്ചമുളക് | 3 | എണ്ണം |
| മഞ്ഞൾപ്പൊടി | 1 | ടി.സ്പൂൺ |
| മുളകുപൊടി | 2 | ടി.സ്പൂൺ |
| വേപ്പില | 2 | ഇതൾ |
| ഉപ്പ് | | പാകത്തിന് |
| വെളിച്ചെണ്ണ | 3 | ടി.സ്പൂൺ |
| തേങ്ങ | 1 | മുറി |
| തൈര് | 1/2 | ഗ്ലാസ്സ് |
| പഞ്ചസാര | 1/2 | ഗ്ലാസ്സ് |
| കടുക് | 3 | ടി.സ്പൂൺ |
| മുളക് | 2 | എണ്ണം |

പൈനാപ്പിൾ ചെറിയ കഷണങ്ങൾ ആക്കി അരിഞ്ഞ് പഴവും, മത്തനും കൂടി വേവിക്കുക. അതിലേയ്ക്ക് മഞ്ഞൾപൊടി, മുളക് പൊടി, ഉപ്പ് എന്നിവ ചേർത്ത് വേവിക്കുക. തേങ്ങ ചുരണ്ടിയത് , കടുക്, പച്ചമുളക് ഇവ ചേർത്ത് അരയ്ക്കുക. അരവിലേയ്ക്ക് തൈര്, പഞ്ചസാര ഇവ ചേർത്ത് വെന്ത കഷണത്തിലേയ്ക്ക് ഒഴിച്ച് തിളപ്പിച്ച് കുറുകി കഴിയുമ്പോൾ വാങ്ങുക. കടുക്, മുളക്, വേപ്പില എന്നിവ വറുത്ത് ഇടുക.

## ത്രിപുരസുന്ദരീ ചതുഃഷഷ്ഠ്യുപചാര സ്തോത്രം

കുങ്കുമം തവ തലയ്ക്കു വെട്ടുവഴിയിൽ കുറിച്ചിത സുഹാസിനി
രത്നവും തിലകമായ് ധരിയ്ക്കുക മടിച്ചിടാതിനി സുവാസിനീ
അൻജനാൽ മമ, തവാക്ഷിയങ്ങു വികസിച്ചിതാ കമലവാസിനീ
വാലിയുഗ്മമിതു പ്രൗഢയായിനിധരിയ്ക്കു ദുഷ്ടപരിഹാസിനീ

സുഹാസിനി = സുന്ദരമായി ചിരിക്കുന്നവൾ. സുവാസിനി = സുമംഗലി. അഞ്ജനാൽ=കൺമഷികൊണ്ട്. മമ =എന്റെ. തവാക്ഷി =അവിടുത്തെ കണ്ണ്. കമലവാസിനീ =താമരപ്പൂവിൽ വിരാജിക്കുന്നവൾ. വാലിയുഗ്മം = കർണ്ണഭൂഷണങ്ങൾ

സമ്പാ: നന്ദകുമാർ

സംസ്കൃതപാഠം

## വദതു സംസ്കൃതം (സംസകൃതം പറയൂ)



ആർ.കിരൺകുമാർ

കഴിഞ്ഞ പാഠത്തിൽ നാം സ്വന്തം പേര് പറയാനും മറ്റുള്ളവരോട് പേര് എന്താണെന്നു ചോദിക്കാനും പഠിച്ചല്ലോ. ആ വാചകങ്ങൾ പല ആവർത്തി പറഞ്ഞുറപ്പിക്കുകയും കുട്ടികളെയോ വീട്ടുകാരെയോ, കൂട്ടുകാരെയോ പഠിപ്പിക്കുകയും ചെയ്തിട്ടുണ്ടാകും എന്നു വിശ്വസിക്കുന്നു. ആദ്യമായി ഒരാളെ കാണുമ്പോഴാണ് നമുക്ക് പേര് ചോദിക്കേണ്ടി വരിക. ഒരു തവണ പരിചയപ്പെട്ടു കഴിഞ്ഞാൽ പിന്നീട് അവരെ കാണുമ്പോൾ നാം ചില ഉപചാര വാക്കുകൾ പറയാറുണ്ട്. ജീവിതത്തിലെ പല സന്ദർഭങ്ങളിലും പ്രയോഗിക്കേണ്ടി വരുന്നവയാണ് അത്തരത്തിലുള്ള പല വാക്കുകളും. അങ്ങനെയുള്ള ചില ഉപചാര വാക്കുകൾ എങ്ങനെയാണ് സംസ്കൃതത്തിൽ പറയുക എന്നു നമുക്ക് ഈ പാഠത്തിലൂടെ പഠിക്കാം.

| | | |
|---|---|---|
| നമസ്കാരം | ഃ | നമസ്തേ നമസ്കാര |
| ഹലോ | ഃ | ഹരി ഃ ഓം |
| ഗുഡ് മോണിംഗ് | ഃ | സുപ്രഭാതം |
| ഗുഡ്നൈറ്റ് | ഃ | ശുഭരാത്രി |
| ക്ഷമിച്ചാലും | ഃ | ക്ഷമ്യതാം |
| സ്വാഗതം | ഃ | സ്വാഗതം |
| ദയവുചെയ്ത് | ഃ | കൃപയാ |
| വരൂ,വരൂ | ഃ | ആഗഛതു, ആഗഛതു |
| ശരി | ഃ | അസ്തു |
| നന്നായി | ഃ | ഉത്തമം |
| സാരമില്ല | ഃ | ചിന്താ മാസ്തു |
| വീണ്ടും കാണാം | ഃ | പുനഃ മിലാമ ഃ |
| എന്തുണ്ട് വിശേഷം | ഃ | കഃ വിശേഷഃ |

ഇവയും ആവർത്തിച്ച് വായിച്ച് ഉറപ്പിക്കുക. അവസരം കിട്ടിയാൽ പ്രയോഗിക്കാൻ മറക്കരുതേ........ ഇന്നു മുതൽ ഫോൺ വിളിക്കുമ്പോൾ ഹലോ എന്നതിനു പകരം ഹരി ഃ ഓം എന്നോ നമസ്തേ എന്നോ പറയൂ. അത് മറ്റുള്ളവർക്കും ഈ ഭാഷ പഠിക്കാൻ പ്രേരണയാകും. സംസ്കൃത പാഠത്തെ കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങളെ അറിയിക്കുക. അവ തുടർന്നുള്ള പാഠങ്ങൾക്ക് പ്രചോദനവും പരിഷ്കാരവും നൽകും എന്നതിൽ സംശയമില്ല. അടുത്ത പാഠത്തിനായി കാത്തിരിക്കുക. അതുവരെ ശുഭം, മംഗളം.

# ശ്രീപത്മനാഭസ്വാമിക്ഷേത്രം

## പ്രതിമാഗ്രഹം (തുടർച്ച)



കെ. ശ്രീകണ്ഠൻ നായർ

**ഇ**തിനെ അനുസ്മരിപ്പിച്ചുകൊണ്ട് നിൽക്കുകയാണ് ഈ മൂന്നുവാതിൽ. അവയ്ക്ക് അസാധാരണ വണ്ണം ഉണ്ട്. വളരെ സുരക്ഷിതവും പഴയരീതിയിൽ താഴും താക്കോലും ഇട്ടുപൂട്ടുന്നവയും ആണ്. വെള്ളിപൂശിയിട്ടുള്ള ആ കതകുകൾ അസാധാരണ ചിത്രവേലകളോട് കൂടിയവയാണ്. ഓരോ വാതിലിന്റെയും മുകളിൽ നീളത്തിൽ വെള്ളിമണികളും, ഇരുവശത്തേയും വാതിലുകളിൽ മധ്യത്ത് സ്വർണ്ണമണികളും, നടുവിലത്തേതിൽ മൂന്നു സ്വർണ്ണമണികളും, കൂടാതെ വെള്ളിവിളക്കുകളും ഘടിപ്പിച്ചിട്ടുണ്ട്.

ഈ നടകളിൽ കൂടെ ആണ് ക്ഷേത്രത്തിന്റെ ഗർഭഗൃഹത്തിലേക്ക് കടക്കുന്നത്. ഈ ദ്വിതല ഗർഭഗൃഹം ദീർഘ ചതുരാകൃതിയിലുള്ളതാണ്. ഇതിന് ഉദ്ദേശം 24 അടി നീളവും 18 അടി വീതിയും 40 അടി ഉയരവും ഉണ്ട്. ആദ്യത്തെ ഭാഗം ഇടനാഴി പോലെ ദീർഘമായ ഒരു സ്ഥലവും, അകത്തെ ഉയർന്ന പടിക്ക് കുറുകെ കിടക്കുന്ന രണ്ടാമത്തെ ഭാഗം, മുഖ്യവിഗ്രഹം പ്രതിഷ്ഠിച്ചിരിയ്ക്കുന്ന അറയോടു കൂടിയ സ്ഥലവും ആണ്. ചെമ്പു കൊണ്ട് മേഞ്ഞശ്രീകോവിലിന് രണ്ടു നിലകളുണ്ട്. ഓരോന്നിനും സ്വർണ്ണം പൂശിയ താഴികക്കുടം ഉണ്ട്. ഈ കലശങ്ങളുടെ ഇരുവശങ്ങളിലും ത്രിശൂലാകൃതിയിലുള്ള വൈഷ്ണവ സ്വർണ്ണസൂചനാ ചിഹ്നങ്ങൾ ഉറപ്പിച്ചിരിക്കുന്നു. മറ്റൊരു സ്തൂപികാകലശവും ത്രിശൂലവും ഒറ്റക്കൽ മണ്ഡപത്തിന്റെ മുകളിൽ ഒറ്റക്ക് നിൽപ്പുണ്ട്. ഇത് ആ മണ്ഡപത്തിന്റെ പവിത്രതയെ ഒന്നു കൂടി വ്യക്തമാക്കുന്നു. ഉന്നതമായ ഈ വിമാനം (മേൽക്കൂര) ദ്രാവിഡ സമ്പ്രദായത്തിലാണ് നിർമ്മിച്ചിരിക്കുന്നത്.

ഉൾഭിത്തികളിലും ബാഹ്യഭിത്തികളിലും ചുവർചിത്രങ്ങൾ ഉണ്ട്. (ഓലച്ചായത്തിൽ) അവ പലതും ഭാരതത്തിലെ ഇതിഹാസങ്ങളിൽ വിസ്തരിച്ചിട്ടുള്ള കഥകളെ ചിത്രീകരിക്കുന്നവയാണ്. ശ്രീകോവിലിന്റെ ബാഹ്യഭിത്തിയിൽ, പ്രത്യേകിച്ചും ഭഗവാന്റെ പാദങ്ങൾ സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ചെവി അടുപ്പിച്ചാൽ പ്രണവത്തിന്റെ മാറ്റൊലി കേൾക്കാം എന്ന് വിശ്വസിയ്ക്കുന്നു. ചിലർ അത് പാലാഴിയുടെ ഗർജനം ആണെന്ന് വിശ്വസിയ്ക്കുന്നു.

അനന്തശയന വിഗ്രഹനായ ശ്രീപത്മനാഭസ്വാമിയുടെ ശിരസ്സ് തെക്കോട്ടും പാദങ്ങൾ വടക്കോട്ടും വച്ചിരിക്കുന്നു. അവിടുന്ന് മുകളിലേക്ക് നോക്കി കൊണ്ടാണ് ശയിക്കുന്നത്! മൂന്നു പ്രവേശന ദ്വാരങ്ങളിലൂടെ മാത്രമേ ആ മംഗള വിഗ്രഹം കാണാൻ കഴിയുകയുള്ളൂ. പ്രതിമ നിർമ്മാണ കലയിൽ ഒരു അദ്ഭുത മായിട്ടാണ് ഇത് കണക്കാക്കപ്പെടുന്നത്. കടുശർക്കര യോഗം അതിനകത്ത് പന്തീരായിരം സാളഗ്രാമങ്ങൾ നിരത്തി വച്ചിരിക്കുന്നു. നേപ്പാളിലെ ഗണ്ഡകീ നദിയുടെ അടിത്തട്ടിൽ നിന്ന് ആനപ്പുറത്ത് കയറ്റി കൊണ്ടുവന്ന സാളഗ്രാമങ്ങളാണ് അകത്ത് അടിയിൽ സ്ഥാപിച്ചിട്ടുള്ളത്.

നേത്രങ്ങൾ ഭാഗികമായി അടച്ച് അനന്തന്റെ മേൽ യോഗനിദ്രയിൽ മുഴുകി കിടക്കുന്നതായിട്ടാണ് ഭഗവാനെ ആവിഷ്ക്കരിച്ചിരിക്കുന്നത്. അവിടുത്തെ നാഭിയിൽ ഒരു താമരപ്പൂ വിടർന്ന് നിൽക്കുന്നു. സൃഷ്ടാവായ ബ്രഹ്മാവ് അതിൽ ഇരിക്കുന്നു. മുകളിലത്തെ പശ്ചാത്തലത്തിൽ മുപ്പത്തിമുക്കോടി ദേവഗണങ്ങളെ പ്രതിനിധാനം ചെയ്യുന്നതായി ചിത്രങ്ങൾ ഉണ്ട്. ഭഗവാന്റെ വലതുകയ്യുടെ അടിയിൽ ഒരു ശിവലിംഗം കാണാം. ഇടതുകയ്യിൽ ഇഷ്ട പുഷ്പം ആയ താമര പിടിച്ചിരിക്കുന്നു. മൂന്നു ചുരുളുകളായി ഭഗവാന്റെ തൽപ്പമായി കിടക്കുന്ന അനന്തന്റെ അഞ്ചു ഫണങ്ങൾ ഭഗവാന്റെ തലക്കു മീതെ കുട പിടി ക്കുന്നു. അനന്തന്റെ വാലും വ്യക്ത മായി കാണിച്ചിട്ടുണ്ട്. വിഗ്രഹം മുഴുവനും തറനിരപ്പിൽ നിന്ന് നല്ല ഉയരത്തിൽ ആണ് നിൽക്കുന്നത്. അതിന്റെ യഥാർത്ഥ ദൈർഘ്യം പതിനെട്ടടി ആണെന്ന് പറയപ്പെടുന്നു.

ഈ വിഗ്രഹത്തെ ഒരു ഉത്തമ യോഗമൂർത്തിയായിട്ടാണ് കരുതുന്നത്. രാജകീയ പ്രൗഡിയുള്ള പ്രസ്തുത വിഗ്രഹത്തിന്റെ സൗന്ദര്യവും , ഗാംഭീര്യവും യോഗമൂർത്തിയുടെ മുഖത്തെ വിവിധ ഭാവങ്ങൾ, തലമുറകളുടെ ഹൃദയത്തെ കവർന്നിട്ടുള്ള മന്ദസ്മിതത്തിന്റെ മാധുര്യം, ഇവ വിശദമാക്കാൻ സാധ്യമല്ല. അവിടുന്നു മുഴുകിയിരിക്കുന്ന യോഗം എപ്പോഴും പ്രശാന്തവും എന്നാൽ ഹിതകരമായ കാരുണ്യത്തിന്റെ പരിവേഷത്തോടു കൂടിയതുമാണ്.

മാർക്കണ്ഡേയൻ, ഭൃഗു എന്നീ മഹർഷിമാരുടേയും ഭഗവാന്റെ ഭാര്യമാരായ ലക്ഷ്മീദേവി, ഭൂമിദേവി, ബ്രഹ്മാവ്, നാരദൻ, ഗരുഡൻ, തംബുരു എന്നിവർ ഉൾപ്പെടെ സ്വർഗ്ഗവാസികളുടേയും, സപ്തർഷികളുടേയും സൂര്യചന്ദ്രൻമാരുടേയും പ്രതിമകൾ എല്ലാം മേൽപറഞ്ഞ കടുശർക്കര യോഗനിർമ്മിതങ്ങളാണ്. കടുശർക്കര എന്നത് ഉണ്ടാക്കാൻ വളരെ പ്രയാസമേറിയ ദിവ്യവസ്തുക്കളാൽ 42 ദിവസത്തെ നിരന്തര പരിശ്രമം വേണം മേൽവിവരിച്ച സ്ഥലത്ത് മുഖ്യവിഗ്രഹം ഉൾപ്പെടെ ഒന്നിനും ജലാഭിഷേകം നടത്താറില്ല.പുഷ്പങ്ങൾ കൊണ്ടു മാത്രമേ ആരാധിക്കാറുള്ളൂ. മുഖ്യ വിഗ്രഹത്തിലെ നിർമ്മാല്യം മാറ്റുന്നതും മറ്റും മയിൽപ്പീലി കൊണ്ട് തടവിയാണ്. ശ്രീകോവിലിലേക്ക് കയറാനും മറ്റും പ്രത്യേകം അവകാശം ഉള്ള തന്ത്രി; (ശാന്തിക്കാരൻ) ആണ് അപ്രകാരം ചെയ്യുന്നതും.

അഭിഷേകത്തിന്റെ ആവശ്യത്തിനായി ശ്രീകോവിലിന്റെ മധ്യ

ഭാഗത്ത് മുഖ്യവിഗ്രഹത്തിൻെറ മുൻ പിലായി ഒരു പീഠത്തിൽ ഭഗ വാൻെറ രണ്ടടി ഉയരമുള്ള വിഗ്രഹവും അതിൻെറ ഇരുവശത്തും രണ്ടുദേവി മാരുടെ വിഗ്രഹവും വച്ചിട്ടുണ്ട്. അഭിഷേകത്തിനും മറ്റുമായി ഈ മൂന്നുവിഗ്രഹങ്ങളും ഒറ്റക്കൽ മണ്ഡ പത്തിലേയ്ക്ക് ആനയിക്കുകയാണ് ചെയ്യുന്നത്.

ശ്രീപത്മനാഭസ്വാമിയുടേയും ശ്രീനരസിംഹസ്വാമിയുടെയും ആയ രണ്ടു ഗരുഡവാഹനങ്ങളും ഈ ശ്രീകോവിലിൽ സൂക്ഷിച്ചിരിക്കുന്നു. ക്ഷേത്രത്തിലെ ശാന്തിക്കാർക്കു പോലും ശ്രീകോവിലിലേക്കുള്ള പ്രവേശനം കർശനമായ നിയന്ത്രണ ത്തിന് ഇപ്പോഴും വിധേയമാണ്. മുഖ്യവിഗ്രഹത്തിൻെറ പശ്ചിമഭാഗ ത്തിനും ശ്രീകോവിലിൻെറ പടിഞ്ഞാറെ ഭിത്തിക്കും ഇടയ്ക്കുള്ള സ്ഥലം അറി വില്ല.

തന്ത്രിസ്വാമിയാർ ഉൾപ്പെടെ ശ്രീകോവിലിൽ ചരിക്കുന്നവർക്കു പോലും വിഗ്രഹത്തിനു പുറകിൽ പോകാനോ പുറകിലുള്ള സ്ഥലം കാണാൻ ശ്രമിക്കാനോ അനുവാദം ഇല്ല. അവിടം ഒരു നിരോധിത മേഖലയാണ്. അവിടെ പാലാഴിയുടെ സാന്നിദ്ധ്യം ഉണ്ടെന്ന് ബലമായ വിശ്വാസം നിലനിൽ ക്കുന്നു. അതിൻെറ ആഴം അളക്കു ന്നതിനായി പുരോഹിതൻമാരിൽ ഒരാൾ തൻെറ മോതിരം ഒരു ചരടിൽ കെട്ടി പത്മനാഭൻെറ ശയനവിഗ്രഹത്തിന് പുറകിലേക്ക് എറിഞ്ഞതായി ഒരു കഥയുണ്ട്. ചരട് എത്ര നീട്ടിയിട്ടും മോതിരം അടിത്തട്ടിൽ സ്പർശിക്കാത്ത തിനാൽ പുരോഹിതൻ ഭയവിഹ്വല നായി അത് പിന്നിലേക്ക് വലിക്കുക യുണ്ടായി. മോതിരവും ചരടും പുറത്തു വന്നപ്പോൾ നനഞ്ഞിരുന്നു. ഈ സംഭവം മുൻപ് പറഞ്ഞവിശ്വാസത്തിന് ആക്കം കൂട്ടുന്നു.പത്യേകിച്ചും മേട മാസം 10-ാം തീയതി സൂര്യൻ പരമഉച്ചത്തിൽ എത്തുന്ന ദിവസം ശ്രീകോവിലിൽ നിൽക്കുന്ന നിലയിൽ സ്ഥിതി ചെയ്യുന്ന വിഗ്രഹത്തിൻ മേൽ നേരിട്ടു പ്രകാശം പതിക്കുന്നത് കാണേണ്ട കൗതുകമാണ്. വിസ്മയ കരമായ പലതും ദർശിച്ചിട്ടുള്ളവർ പറയുന്നത് വിവരിക്കാൻ പലതും ഉള്ളത് പരിമതി മൂലം ചുരുക്കുന്നു.

അനന്തശയന ദർശനം, ഒറ്റക്കൽ മണ്ഡപത്തിൽ കയറി, മൂന്നുവാതി ലിലൂടെ ദർശനം നേടിയ ശേഷം, തറനിരപ്പിലിറങ്ങി, ചെറുചുറ്റിൻെറ കിഴക്കുവശത്തുള്ള ശ്രീരാമസ്വാമി പ്രതിഷ്ഠ കടന്നുപോയാൽ, വടക്കേ ഭാഗത്തായി താമരപൂക്കളോട് കൂടി യതും പിച്ചള കൊണ്ടു ബന്ധിക്കപ്പെ ടേണ്ടതുമായ ഇരട്ടവാതിൽ കാണാം. തെക്കുവശത്തെ വാതിലിനു നേരെ കാണുന്ന വടക്കെ നടയെ സ്വർഗ്ഗ വാതിൽ എന്നു വിളിക്കുന്നു ഈ വാതിലിൽ കൂടെ പുറത്തു പോകാവു ന്നതാണ്. എന്നാൽ ചെറുചുറ്റിൽ നിന്ന് പുറത്തു പോകുന്നതിന് തെക്കുവശത്തു നിന്ന് കയറിയ പ്രവേശന ദ്വാരം വഴി ശ്രീ നരസിംഹസ്വാമിയുടെ തെക്കുവശത്ത് തൊട്ടു കിടക്കുന്ന വിശാലമായ ഇടനാഴി പടിഞ്ഞാട്ടു നീണ്ടു പോകുന്നു. പലതരം ചൈതന്യം ഉൾക്കൊള്ളുന്ന ചെറിയ ബലിക്കല്ലുകൾ വലതു വശത്തു കാണാം. ശ്രീകോവിലിൻെറ പുറത്തെ മൂന്നു ഭിത്തികൾ പലതരം ചുമർ ചിത്രങ്ങൾ കൊണ്ടു നിറഞ്ഞവയാണ്. പടിഞ്ഞാറെ ഇടനാഴി ആരംഭിക്കുന്ന ബിന്ദുവിന് തെക്കായി ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിൻെറ മദ്ധ്യകാല ചരിത്രത്തിൽ പലപ്പോഴും പരാമർശി ക്കപ്പെടുന്ന പ്രസിദ്ധമായ മഹാഭാരത കോണമാണ് സ്ഥിതി ചെയ്യുന്നത്. ഈ സ്ഥലം ക്ഷേത്രസംബന്ധമായ വിവിധ വിഷയങ്ങളെപ്പറ്റി ക്ഷേത്രാധികാരി കളും പിന്നീട് എട്ടരയോഗക്കാരും പലപ്പോഴും നടത്തിയിട്ടുള്ള പര്യാ ലോചനകൾക്ക് മുഴുവൻ സാക്ഷ്യം വഹിച്ചിട്ടുണ്ട്.

പെരിയ തമ്പിയും മറ്റു പുരോഹി തൻമാരും ജോലിയിൽ പ്രവേശിക്കുക , പിരിഞ്ഞു പോവുക പന്നീ ചടങ്ങുകൾ നടത്തുന്നതിന് ഇത് ഉപയോഗിക്കുന്നു. ഭഗവാൻെറ അനന്തശായിയുടെ രൂപ ത്തിലുള്ള ഒരു മുഴുനീള ചിത്രം പടി ഞ്ഞാറെ ഭിത്തിയുടെ അധിക ഭാഗത്തും നിറഞ്ഞു നിൽക്കുന്നത് പ്രകടമായി കാണാം. ഇത് കേരള ത്തിലെ ക്ഷേത്ര ഭിത്തി ചിത്രങ്ങളിൽ ഏറ്റവും വലു താണ്! എന്ന് എടുത്തു പറയേണ്ടതാണ്.

## വിശേഷ ദിവസങ്ങൾ

### ഏപ്രിൽ 15 മുതൽ മെയ് 14 വരെ

| | | |
|---|---|---|
| ഏപ്രിൽ | 19 | ശ്രീരാമ ജയന്തി |
| | 21 | തൃശ്ശൂർ പൂരം |
| | 22 | ഭൗമദിനം |
| | 23 | പത്താമുദയം |
| | 25 | ഹനുമജ്ജയന്തി, ചന്ദ്രഗ്രഹണം |
| | 29 | വരാഹജയന്തി |
| മെയ് | 1 | മെയ്ദിനം |
| | 3 | **കരയോഗ വിഘ്നേശ്വര ക്ഷേത്രപ്രതിഷ്ഠാദിനം** |
| | 7 | മത്സ്യാവതാരജയന്തി |
| | 8 | ലോകറെഡ്ക്രോസ് ദിനം |
| | 10 | വൈശാഖമാസാരംഭം |
| | 13 | അക്ഷയതൃതീയ, ബാലഭദ്രാവതാരം |



എറണാകുളം ദിവാൻസ് റോഡിൽ സ്ഥിതി ചെയ്യുന്ന പുരാതനമായ **തെക്കേ അമ്മൻ കോവിലിലെ മീനഭരണി ഗുരുതി ഉത്സവം ഏപ്രിൽ 10,11,12 (1188 മിനം 27,28,29 )** തിയ്യതികളിൽ വിവിധ പരിപാടികളോടെ ആഘോഷിക്കുന്നു. 2013 ഏപ്രിൽ 10 ബുധനാഴ്ച ദേവിമാഹാത്മ്യ പാരായണം, ലളിതാ സഹസ്രനാമ പാരായണം, തിരുവാതിരകളി, ഭക്തിഗാനങ്ങൾ 2013 ഏപ്രിൽ 11 വ്യാഴാഴ്ച ഭജന, അഷ്ടപദി , താലം വരവ് 2013 ഏപ്രിൽ 12 വെള്ളിയാഴ്ച സമ്പ്രദായ ഭജന, ഓട്ടൻതുള്ളൽ,ഗുരുതി എന്നിവ ഉണ്ടാ യിരിക്കുന്നതാണ്.

# പാവം എൻെറ അമ്മ

**രാ**ജീവ് മേനോനെ അന്വേഷിച്ച് ഞാൻ നടക്കാൻ തുടങ്ങിയിട്ട് ഇന്നേക്ക് അഞ്ച് ദിവസമായി. ഇനി ആറു ദിവസം ബാക്കി.

പതിനാറടിയന്തിരത്തിനെങ്കിലും അയാൾ എത്തേണ്ടെ? അമ്മ തന്ന അഡ്രസ്സു വച്ച് കമ്പിയടിച്ചിരുന്നു. അയാൾ എത്തിയില്ല. മരണശേഷം സംസ്കാരക്രിയകളും, സഞ്ചയന കർമ്മങ്ങളും ഞാനാണ് നടത്തിയത്. മകനല്ലാത്ത മകൻ. അഞ്ചാം ദിവസം ഞാൻ അമ്മ പറഞ്ഞു തന്നിട്ടുള്ള വിവരങ്ങളും, ഒരു ഊഹവും വച്ച് ഇറങ്ങിത്തിരിച്ചതാണ്. ആദ്യം വണ്ടി കയറി പോണ്ടിച്ചേരിയിൽ പോയി. ടാറ്റാ മോട്ടോഴ്സിൻെറ ഓഫീസിൽ ചെന്ന് അന്വേഷിച്ചപ്പോൾ അവർക്കാർക്കും അങ്ങനെ ഒരാളെ അറിഞ്ഞു കൂടാ. ബസു കയറി വില്ലുപുരത്തെത്തി. അവിടെ കണ്ട പീടികകളിലും മറ്റും അന്വേഷിച്ചു. അങ്ങിനെയൊരാൾ അവിടെ താമസിച്ചിരുന്നുവോ എന്ന് അവരും കൈമലർത്തി. അവസാനം ഒരു ഉസ്മാൻ ഹാജിയാരുടെ കടയിൽ നിന്ന് അങ്ങിനെയൊരാൾ അവിടെ ഉണ്ടായിരുന്നതായും രണ്ടു വർഷത്തിനു മുൻപ് മധുരയ്ക്ക് ട്രാൻസ്ഫറായി പോയതായും അറിഞ്ഞു. ഒരു തുമ്പു കിട്ടിയ സന്തോഷത്തിൽ ഞാൻ മധുരയ്ക്ക് വച്ചു പിടിച്ചു. ഇതിനിടയ്ക്ക് എൻെറ ജോലി, ലീവ് ഒന്നും ഞാൻ ഓർത്തില്ല. ഒരു വ്യാഴവട്ടക്കാലം എനിക്ക് അമ്മയുടെ വാത്സല്യവും സ്നേഹവും തന്ന ജാനകിയമ്മ എന്ന സ്ത്രീയോടുള്ള കടപ്പാട് അത്ര വലുതായിരുന്നു.

മധുരയിൽ ചെന്ന് ഞാൻ ടാറ്റാ മോട്ടോഴ്സിൻെറ ഓഫീസ് കണ്ടുപിടിച്ചു. വാതിൽക്കൽ കാവലിരുന്ന വില്ലുശിപായിയോട് രാജീവ് മേനോനെ അന്വേഷിച്ചു. അയാൾ പുതിയ ആളാണെന്നും റിസപ്ഷനിൽ അന്വേഷിക്കണമെന്നും പറഞ്ഞു. ഞാൻ റിസപ്ഷനിലെത്തി. അവിടെയുണ്ടായിരുന്ന പെൺകുട്ടി തമിഴ്ചുവയുള്ള ഇംഗ്ലീഷിൽ രാജീവ് മേനോൻ എന്നൊരാൾ അവിടെയുണ്ടെന്നു പറഞ്ഞു. എനിയ്ക്ക് സംതൃപ്തിയായി, ഒപ്പം ആകാംക്ഷയും. പക്ഷെ, രാജീവ് മേനോൻ ഒരു ഒഫീഷ്യൽ ടൂറിൽ കൽക്കട്ടയ്ക്ക് പോയിരിക്കുകയായിരുന്നു. എനിക്ക് നിരാശ തോന്നി. പക്ഷേ കളയാൻ സമയമില്ല. ഒഫീഷ്യൽ ടൂറൊക്കെ മാറ്റി വച്ച് തിരിച്ചു വരാവുന്നതേയുള്ളൂ. ഞാൻ ആ കുട്ടിയോട് രാജീവിൻെറ പേഴ്സണൽ നമ്പർ ചോദിച്ചു. അവർക്ക് അതു തരാൻ മടിയുള്ളതു പോലെ തോന്നി. ഉയർന്ന ഉദ്യോഗസ്ഥൻമാരുടെ പേഴ്സണൽ നമ്പർ തികച്ചും അപരി ചിതർക്ക് കൈമാറുന്നത് നയവിരുദ്ധമാണ്. പക്ഷേ ഇതു വളരെ അത്യാവശ്യമുള്ള രാജീവിൻെറ കുടുംബ കാര്യമാണെന്നും ഞാൻ അടുത്ത സുഹൃത്താണെന്നും മറ്റും പറഞ്ഞ പ്പോൾ അവർ മടിച്ചു മടിച്ചു തന്നു. ഞാൻ അതും കൊണ്ട് അപ്പോൾ തന്നെ ഒരു ഹോട്ടലിൽ മുറിയെടുക്കാൻ പോയി. പൊതുസ്ഥലത്തിരുന്നു പറയേണ്ട കാര്യമല്ലല്ലോ?

ഹോട്ടൽ റൂമിലിരുന്നു ഞാൻ കിട്ടിയ നമ്പർ ഡയൽ ചെയ്തു. മറുവശത്തു നിന്ന് വളരെ ഔദ്ധത്യമുള്ള ശബ്ദത്തിൽ കേട്ടു രാജീവ് മേനോൻ ഹിയർ? ഞാൻ തിടുക്കത്തിൽ ആകാംക്ഷയോടെ പറഞ്ഞു. എൻെറ പേര് ആകാശ്. ഞാൻ ജാനകിയമ്മയുടെ കൂടെയായിരുന്നു. താങ്കളുടെ അമ്മ കഴിഞ്ഞ പതിനാറാം തീയതി മരിച്ചു പോയി. സഞ്ചയന ക്രിയകൾ കഴിഞ്ഞു. പതിനാറടിയന്തിരത്തിന് ഉടനെ എത്തണം. മറുപുറം കുറച്ചുനേരം നിശ്ശബ്ദമായിരുന്നു. പിന്നീട്, “ജാനകിയമ്മയോ? എനിക്കങ്ങനെ ഒരമ്മയില്ലല്ലോ?” “ഞാൻ ഞെട്ടിപ്പോയി. വർഷങ്ങളോളം അമ്മയെ തിരിഞ്ഞു നോക്കാതിരിക്കാം. അന്വേഷിക്കാതിരിക്കാം. പക്ഷേ അമ്മ അമ്മയല്ല എന്നു പറഞ്ഞാൽ! ഞാൻ വീണ്ടും പറഞ്ഞു.” നോക്കു, തെറ്റിദ്ധാരണയൊക്കെ ഉണ്ടാകാം. പക്ഷേ അമ്മ എത്രയായാലും അമ്മയല്ലെ? ഈ സമയത്ത് ഉപേക്ഷിക്കാമോ? “നിങ്ങൾക്ക് ആളു മാറിപ്പോയി. എനിയ്ക്ക് അങ്ങനെയൊരമ്മയില്ല.'' അപ്പുറത്ത് വീണ്ടും കനത്ത ശബ്ദം. ഫോൺ നിശ്ചലമായി. ഞാൻ വീണ്ടും ഡയൽ ചെയ്തു. ബുസി ടോൺ കിട്ടി. എനിയ്ക്കു കലി കയറി. ഇയാളോട് ഇനി സംസാരിയ്ക്കുന്നതിൽ കാര്യമില്ല. തന്തയില്ലാത്തവൻ എന്നു കേട്ടിട്ടുണ്ട്. തള്ളയില്ലാത്ത മകൻ!



മൃണാളിനി

തിരിച്ചു ബസിലിരിക്കുമ്പോൾ എൻെറ ചിന്തകൾ ജാനകിയമ്മ എന്ന അമ്മയെക്കുറിച്ചായിരുന്നു. അഞ്ചു വർഷം മുമ്പ് ഞാൻ കോഴിക്കോട്ട് ജോലിയായതിൽ പിന്നെ അമ്മയുടെ വീട്ടിൽ അതിഥിയായാണ് താമസം. കാര്യം, എൻെറ അമ്മയുമായി ഞാൻ അകൽച്ചയിലായിരുന്നു. വല്ലപ്പോഴുമേ വിളിക്കാറുള്ളൂ. അമ്മ ഇങ്ങോട്ട് നിരന്തരം എഴുതാറുണ്ട്. അതിൽ അമ്മ എന്നെപ്പറ്റിയുള്ള വേവലാതികളും രാധികയുടെ വിശേഷങ്ങളും എഴുതും. എഴുത്തുകൾ അമ്മയ്ക്കും, വായിക്കാൻ കൊടുക്കും. വായിച്ചു കഴിഞ്ഞാൽ അവർ പറയും, പാവം നിൻെറ അമ്മ. അമ്മ പാവമൊന്നുമല്ല. അമ്മയ്ക്ക് രാധികയെപ്പറ്റിയാണ് വിചാരം മുഴുവൻ. ഞാൻ മറുത്തു പറയും.

അഞ്ചു വയസ്സുവരെ എൻെറ അമ്മയായിരുന്നു എൻെറ ലോകം. രാധ ജനിക്കുന്നതു വരെ. അമ്മ അവളെ ശുശ്രൂഷിക്കുന്നതും, ലാളിക്കുന്നതും കണ്ടപ്പോൾ ഞാൻ അമ്മയിൽ നിന്ന് താനെ അകന്നു.അമ്മ ഒരുപാടു നേർച്ചകൾ നേർന്ന് ഉണ്ടായ മകളാണത്രേ.

അമ്മ എന്നെ അടുപ്പിക്കാൻ ശ്രമിച്ചില്ല എന്നായിരുന്നു എൻെറ പരാതി. അമ്മ പറഞ്ഞു . ‘‘രണ്ടു കുട്ടികളെ വളർത്താനുള്ള ബുദ്ധിമുട്ട്

മോനറിഞ്ഞുകൂടാ. മനപ്പൂർവ്വമായിരിക്കില്ല. ഒരു മകനെ വളർത്തിയിട്ട് തന്നെ അവൻ എൻെറ അടുത്തു നിന്ന് അകന്നു പോയില്ലെ ? മോൻെറ അമ്മ പാവമാണ്.'' എനിക്ക് ബോദ്ധ്യം വന്നില്ല.

ജാനകിയമ്മ എനിക്ക് ഭക്ഷണം വിളമ്പിത്തരും. ഉണ്ണുമ്പോൾ കൂടെയിരിക്കും. ഒരമ്മയുടെ എല്ലാ വാത്സല്യവും കാണിക്കും. ഓണത്തിന് നിർബന്ധിച്ച് വീട്ടിൽ പറഞ്ഞയക്കും. എങ്കിലും ഉത്രാടത്തിന് അമ്മയുടെ കൂടെ ഉണ്ടിട്ടേ ഞാൻ പോകൂ. തിരുവോണത്തിന് വീട്ടിലെത്തിയാൽ എൻെറ അമ്മയും എന്നെ സദ്യ ഊട്ടും. പക്ഷേ അമ്മയ്ക്ക് ഞാൻ കല്യാണം കഴിക്കാത്തതിൻെറ ആവലാതി ഒഴിഞ്ഞു നേരമില്ല. പോരാത്തതിന് രാധികയും ഭർത്താവും മക്കളും കാണും.

ഒരിക്കൽ ഞാൻ അമ്മയോടു പറഞ്ഞു, അവളെ ഞാൻ കുട്ടിക്കാലത്ത് ഒരുപാടു പിച്ചിയും, തല്ലിയും വേദനിപ്പിച്ചിട്ടുണ്ട്. എന്നിട്ട് അമ്മ തല്ലല്ലെ മോനെ എന്നു പറഞ്ഞു കരയും. അവർക്കു വേണമെങ്കിൽ ഒരു വടിയെടുത്തു മോനെ തല്ലാമായിരുന്നില്ലെ! മോനെ നല്ലവണ്ണം നോക്കാൻ പറ്റിയില്ല എന്ന കുറ്റബോധം കൊണ്ടാണ് ഒന്നും ചെയ്യാഞ്ഞത്. പതിയെ അവർ എൻെറ മനസ്സിൽ നിന്ന് അമ്മയോടുള്ള വൈരാഗ്യം മായ്ക്കാൻ തുടങ്ങി. അമ്മയ്ക്ക് എൻെറ കല്യാണത്തെക്കുറിച്ചുള്ള വേവലാതി എന്നിൽ അത്രക്ക് അസഹിഷ്ണുത ഉളവാ ക്കാനായി. അവരുടെ അപ്രത്യക്ഷനായ മകനെപ്പറ്റി ചോദിച്ചാൽ മാത്രം അമ്മ മൂകയാവും. അമ്മയെ വിഷമിപ്പിക്കേണ്ടെന്നു കരുതി ഞാൻ കൂടുതൽ ചോദിക്കാറില്ല. പേരും ഉദ്യോഗ സ്ഥലവും മാത്രം അമ്മ പറഞ്ഞു.

പെട്ടെന്നാണ് അമ്മ രോഗബാധിതയായത്. ഒരു തളർച്ചയായിരുന്നു. ഞാൻ അടുത്തുള്ള സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിൽ കൊണ്ടു പോയി. ഡോക്ടർമാരുടെ വിദഗ്ധ പരിചരണത്തിനു വിട്ടുകൊടുത്തു. ആദ്യമായി ഞാൻ എൻെറ അമ്മയെ എൻെറ ആകാംക്ഷകൾ അറിയിച്ച് എഴുതി. ജാനകിയമ്മ എന്ന അമ്മയെപ്പറ്റി കൂടുതൽ വിവരങ്ങൾ എഴുതി. ഞങ്ങൾ അമ്മയുടെ എഴുത്തുകൾ ചർച്ചചെയ്യുമായിരുന്നു എന്നെഴുതി. അമ്മക്ക് കാണണമെന്ന് ആഗ്രഹമുണ്ടെന്നു പറഞ്ഞ് രാധികയെയും കൂട്ടി കോഴിക്കോടു വരെ വന്നു. ആദ്യമായാണ് പ്രായമായതിനു ശേഷം അമ്മ യാത്ര ചെയ്യുന്നത് . അച്ചൻ മരിച്ചതിനുശേഷം അമ്മ എങ്ങും പോകാറില്ല. അമ്മ മുറിയിൽ വന്ന് അമ്മയെക്കണ്ടപ്പോൾ രണ്ടുകൈയും നീട്ടി വിളിച്ചു ജാനകി! ജാനകിയമ്മ വിളിച്ചു, സുഭദ്രേ! കിടന്ന കിടപ്പിൽ അമ്മ കൈ നീട്ടി. രണ്ടുപേരും ആലിംഗനബദ്ധരായി. അമ്മ എൻെറ നേരെ തിരിഞ്ഞു. നീ കണ്ടുപിടിച്ച അമ്മ കൊള്ളാം. ഞങ്ങൾ കുട്ടിക്കാലം മുതൽ കൂട്ടുകാരായിരുന്നു. ജാനകിയുടെ അച്ഛൻ വക്കീലായിരുന്നു. നമ്മുടെ കൈമളുടെ വീട്ടിലാണ് അവർ വാടകയ്ക്കു താമസിച്ചിരുന്നത്. പത്തുവരെ ഞങ്ങൾ ഒന്നിച്ചു പഠിച്ചു. പിന്നീട് അവർ സ്ഥലം മാറി കോഴിക്കോട്ടേക്കു വന്നു. ഇതു ജാനകിയുടെ അമ്മ വീടാണ്. അല്ലേ ജാനകി ? ജാനകിയമ്മ അതെ എന്നർത്ഥത്തിൽ തലയാട്ടി. ഇത്ര വർഷങ്ങൾക്കു ശേഷവും സുഭദ്ര എന്നെ തിരിച്ചറിഞ്ഞല്ലോ. മറക്കാൻ പറ്റുമോ നമ്മൾ തമ്മിലുള്ള ബന്ധം? അമ്മ പറഞ്ഞു. ഞാൻ അദ്ഭുതസ്തബ്ധനായി ഇതെല്ലാം കേട്ടുകൊണ്ടു നിന്നു. അമ്മ തിരിച്ചുപോയി. ജാനകിയമ്മ പിന്നെയും കുറെ ദിവസം ഹോസ്പിറ്റലിൽ തന്നെയായിരുന്നു. ഞാൻ ഓഫീസും ഹോസ്പിറ്റലുമായി ഓടി നടന്നു. പിന്നീട് അമ്മയുടെ നിർബന്ധം കൊണ്ട് രോഗത്തിന് കുറച്ചു അയവു വന്നപ്പോൾ തിരിച്ചു വീട്ടിലേക്കു പോയി. ഓഫീസിൽ നിന്ന് വൈകുന്നേരം വന്ന ഒരു ദിവസം ഞാൻ അമ്മയുടെ അടുത്തിരിക്കുകയായിരുന്നു. അമ്മ വിറയ്ക്കുന്ന കൈകൾ കൊണ്ട് തലയ്ക്കലുള്ള സൈഡ് ടേബിളിലേക്കു വിരൽ ചൂണ്ടി പറഞ്ഞു. “ആ നാരായണീയം നിനക്കുള്ളതാണ്. അതെടുത്തോളൂ. പലപ്പോഴും നിന്നോടു പറയാൻ തുടങ്ങിയ ഒരു കാര്യമുണ്ട്. പറയാൻ ധൈര്യം വന്നില്ല. ഹോസ്പിറ്റലിലായിരിക്കുമ്പോൾ നഴ്സിനെക്കൊണ്ട് ഒരു കത്തെഴുതിച്ചു വച്ചിട്ടുണ്ട്. അത് നീ വായിക്കണം. എന്നോട് പരിഭവമൊന്നും തോന്നരുത്.” അമ്മ വാക്കുകൾക്കായി വിഷമിച്ചു. വെള്ളം എന്നു പറ ഞ്ഞൊപ്പിച്ചു. ഞാൻ വെള്ളത്തിനായി ഹോം നഴ്സിനെ ഓടിച്ചു. വെള്ളം കൊണ്ടു വന്നത് അമ്മ രണ്ടിറക്കിറക്കി. പിന്നെ വെള്ളം വായിൻെറ വശത്തു കൂടെ പുറത്തേക്കൊലിച്ചു പോയി. നാവു കുഴയുന്നതു ഞാൻ ഞെട്ടലോടെ നോക്കിയിരുന്നു. എന്തു ചെയ്യണമെന്ന് ഒരു വശവുമില്ലായിരുന്നു. ആദ്യം തോന്നിയത് ഫോൺ കറക്കി എൻെറ അമ്മയെ വിളിക്കാനായിരുന്നു. അമ്മ കുറച്ചു നേരം മൗനമായിരുന്നു. പിന്നെ പറഞ്ഞു, “എല്ലാം നീ തന്നെ ചെയ്യണം മോനെ, അവർക്കാരുമില്ല. ഇനി ഒരു യാത്ര എനിക്കാവില്ല.”

ബസ് നാട്ടിലെത്തിയത് എന്നെ ചിന്തകളിൽ നിന്നുണർത്തി. രാജീവിൻെറ പ്രതികരണം ഏൽപ്പിച്ച ആഘാതത്തിൽ ഞാൻ അറിയാതെ ടിക്കറ്റെടുത്തത് എൻെറ അമ്മയുടെ അടുത്തേക്കായിരുന്നു. അമ്മ ഞാനെത്തിയപ്പോൾ ആകാംക്ഷയോടെ ഉമ്മറത്തേക്കു വന്നു. ‘നീ എവിടെയായിരുന്നു.? ‘ഞാൻ ഓഫീസിലും,വീട്ടിലും വിളിച്ചിട്ട് ഫോൺ കിട്ടിയില്ലല്ലോ?’ അമ്മ ഇരിക്കു പറയാം. ഞാൻ അമ്മയോട് എൻെറ യാത്രയെക്കുറിച്ചും രാജീവ് മേനൊൻെറ പ്രതികരണത്തെക്കുറിച്ചും പറഞ്ഞു. അപ്പോൾ അമ്മ അത്ഭുതത്തോടെ പറഞ്ഞു. ''അതിനു ജാനകി പ്രസവിച്ചിട്ടില്ലല്ലോ. കല്യാണം കഴിച്ചിട്ടു പോലുമില്ല.'' ഇത്തവണ ഞെട്ടിയത് ഞാനാണ്. ''അമ്മ എന്താണീ പറയുന്നത്?” ഞാൻ അക്ഷമനായി. ജാനകി പോയതിനു ശേഷവും ഞങ്ങൾ തമ്മിൽ എഴുതാറുണ്ടായിരുന്നു. അവൾക്ക് ഇവിടെ വച്ച് സുഭഗനായ ഒരാളുമായി അഗാധ പ്രേമമുണ്ടായിരുന്നു. പക്ഷേ ഇവിടുന്നു പറിച്ചു നട്ടപ്പോൾ അത് വേരറ്റുപോയി. പക്ഷേ ജാനകി അത് മനസ്സിൽ കൊണ്ടു നടന്നു. അയാൾക്കായി കാത്തിരുന്നു. മറ്റു വിവാഹങ്ങളൊന്നും നടന്നില്ല. അവൾക്ക് ജാതകത്തിൽ ദോഷമുണ്ടായിരുന്നു. ഒടുവിൽ അവളുടെ അച്ഛൻ മരിച്ചു. അമ്മ രോഗിയായി. നിൻെറ അച്ഛനെ വിവാഹം കഴിച്ചശേഷം ഒരിക്കൽ ഞാൻ അവളെ കാണാൻ പോയി. അവൾ അന്നും ഒറ്റക്കായിരുന്നു. ഇനി ഒരു വിവാഹം കഴിക്കുന്നില്ല എന്ന തീരുമാനം എന്നോട് പറഞ്ഞു. എനിക്ക് വിശ്വസി

ക്കാൻ കഴിഞ്ഞില്ല. അപ്പോൾ അമ്മ പറഞ്ഞതൊക്കെ നുണയാണെന്നോ? പെട്ടെന്ന് ആ എഴുത്ത് എനിക്ക് ഓർമ്മ വന്നു. ഞാൻ തിരക്കിനിടയിൽ വായിക്കുവാൻ വിട്ടുപോയ എഴുത്ത് എനിക്ക് ഓർമ്മ വന്നു. ഞാൻ ബാഗു തുറന്ന് ഭദ്രമായി വച്ച നാരായണീയത്തിൽ നിന്ന് ഒരു ലറ്റർ പേപ്പർ പുറത്തെടുത്തു. അതിൽ നേഴ്സിന്റെ ഉരുണ്ട കൈപ്പടയിൽ ഇങ്ങിനെ എഴുതിയിരുന്നു.

പ്രിയ ആകാശ്, എനിക്ക് നിന്നോട് ഒരു കാര്യം ഏറ്റു പറയുവാനുണ്ട്. കേട്ടാൽ നീ ഞെട്ടരുത്. രാജീവ് എന്റെ മകനല്ല. എന്റെ ആരുമല്ല. സത്യത്തിൽ ഞാൻ വിവാഹം കഴിച്ചിട്ടു പോലുമില്ല. എനിക്ക് ചെറുപ്പത്തിൽ ഒരു പ്രണയമുണ്ടായിരുന്നു. അത് അണഞ്ഞുപോയി. രാജീവ് മേനോൻ നമ്മുടെ എതിർവശത്തുള്ള ഫ്ളാറ്റിൽ താമസിച്ചിരുന്ന ചെറുപ്പക്കാരനാണ്. അയാൾക്ക് എന്റെ പ്രേമനായകനുമായി അസാമാന്യ രൂപസാദൃശ്യമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ മകനാണ് എന്നു പോലും എനിക്ക് സംശയം തോന്നി. ഈ താൽപ്പര്യം കൊണ്ട് ഞാൻ അയാളെപ്പറ്റി കൂടുതൽ തിരക്കി. പേരും, ഉദ്യോഗവും മറ്റും അന്വേഷിച്ചറിഞ്ഞു. ഇതൊന്നും അയാൾക്കറിയില്ല. അയാൾ ട്രാൻസ്ഫറായി പോയപ്പോൾ എങ്ങോട്ടാണ് പോയതെന്നന്വേഷിച്ചു. എന്റെ സംശയങ്ങൾ സ്ഥിരീകരിക്കണമെന്നുണ്ടായിരുന്നു. എനിക്കു ജനിക്കാതെ പോയ മകനാണെന്നു വരെ ഞാൻ വിശ്വസിച്ചു. അയാൾ പോയതിനു ശേഷമാണ് നീ എന്റെ ജീവിതത്തിലേയ്ക്ക് കടന്നു വന്നത്. അതു വലിയ ആശ്വാസം തന്നു. പിന്നെ ഞാൻ എന്തിനാണ് ഇത്ര വലിയ നുണ പറഞ്ഞത് എന്നല്ലെ? തുടക്കം മുതലെ, നിന്റെ അമ്മയുമായി നിനക്ക് പിണക്കമുണ്ട് എന്നെനിക്കു തോന്നി. ഒരാത്മബന്ധത്തിന്റെ അനുബന്ധം പോലെ ആളറിയാതെ തന്നെ ആ അമ്മയുടെ സ്നേഹം ഞാൻ തിരിച്ചറിഞ്ഞു. നിന്നെ പറഞ്ഞു മനസ്സിലാക്കിത്തരുവാൻ ഒരമ്മയോ, ഭാര്യയോ പോലുമല്ലാത്ത ഞാൻ ശ്രമിച്ചാൽ നീ പ്രതികരിക്കുകയില്ല എന്നു തോന്നിയിട്ടാണ് ഇല്ലാത്ത ഒരു മകനെയും, എന്നെ വിട്ടിട്ടുപോയ കഥയും കെട്ടിച്ചമച്ചത്. എന്നോട് ക്ഷമിക്കണം. എനിക്കെന്തെങ്കിലും സംഭവിച്ചാൽ എന്റെ അന്ത്യകർമ്മങ്ങൾ നീ തന്നെ ചെയ്താൽ മതി. സുഭദ്രയുടെ മകൻ എന്റെയും മകനാണ്. എന്ന് നിന്റെ അമ്മ, ജാനകി.

എഴുത്തു വായിച്ചപ്പോൾ എന്റെ കണ്ണു നിറഞ്ഞു. ഞാൻ അമ്മയ്ക്കു എഴുത്തു വായിക്കുവാൻ കൊടുത്തു. കത്തു വായിച്ച് അമ്മയും കണ്ണു നീരൊപ്പി. പെട്ടെന്നൊരു ആവേശത്തിൽ ഞാൻ അമ്മയോടു പറഞ്ഞു. "അമ്മേ, ഞാൻ ആ മാറിൽ കിടന്നോട്ടെ അമ്മ എന്നെ വാരിപ്പുണർന്നു. ചുംബനങ്ങൾ കൊണ്ട് ശിരസ്സു മൂടി. മോനെ ഞാൻ എത്ര നാളായി ആശിച്ചതാണ്!" അമ്മയുടെ നെഞ്ചിൽ കിടന്ന് അമ്മയുടെ എഴുത്ത് നെഞ്ചിൽ ചേർത്തു പിടിച്ചപ്പോൾ എന്റെ മനസ്സു മന്ത്രിച്ചു. പാവം എന്റെ അമ്മ .

# പ്രാർത്ഥന

**നന്ദിനി**

ചന്ദ്രക്കലാധര ഗംഗാധര ജയ
ചിൻമയരൂപ കൈ തൊഴുന്നേൻ
എന്നും നിൻ മുമ്പിൽ വന്നു വണങ്ങുവാൻ
എന്നിൽ കൃപ വേണമേ നീലകണ്ഠാ

കാലേ, ശിവേലി പ്രദക്ഷിണം ചെയ്യുവാൻ
ചാലേ പാദങ്ങൾക്കു ശക്തീ നല്കീടണേ
മിന്നും പൊൻദീപം കണ്ടു വണങ്ങുമ്പോൾ
മന്നിലീ ജീവിതം ധന്യമാകും

ഓരോരോ രോഗങ്ങൾ തോരാതെ വന്നെന്നെ
പാരം വലച്ചു വശം കെടുമ്പോൾ
കാരുണ്യ വായ്പോടെ കാത്തു കൊണ്ടീടണെ
കാല സ്വരൂപനാം തമ്പുരാനെ!

പുഷ്പാഞ്ജലിയും നെയ്ദീപവും വില-
പുഷ്പങ്ങളും ഞാനിതാ അർപ്പിക്കുന്നു
ശിക്ഷകൂടാതിവ കൈക്കൊണ്ടീടണെ
ക്ഷിപ്ര പ്രസാദിയാം തമ്പുരാനെ

# തലക്കനം

**ഉണ്ണി വാരിയത്ത്**

അറിയപ്പെടാൻ തുടങ്ങിയതും അയാൾക്ക്
തലക്കനമുണ്ടായി. ക്രമേണ തലക്കനം കൂടിക്കൂടി വന്നു. ഒടുവിൽ തലക്കനം മൂർദ്ധന്യത്തിലെത്തി.
അതുകൊണ്ടു തന്നെ അയാൾക്ക് തലതിരിച്ച് ചുറ്റുപാട് കാണാനായില്ല. അഥവാ, അയാൾ നോക്കാൻ കൂട്ടാക്കിയില്ല.
മേഘങ്ങൾക്കിടയിലാണ് തല എന്ന ഭാവത്തിൽ
നടന്നിട്ടെന്ത്? ഘനം വയ്ക്കുമ്പോൾ പെയ്തൊഴിയുന്ന മേഘങ്ങളെ കണ്ടു പഠിക്കണമായിരുന്നു അയാൾ.
പുരോഗമിക്കുമ്പോൾ തീരങ്ങൾക്ക് പശിമ പകരുന്ന
പുഴകളെ കണ്ടു പഠിക്കണമായിരുന്നു.
എത്ര നിറഞ്ഞാലും അഹങ്കരിക്കാത്ത സമുദ്രത്തെ കണ്ടു പഠിക്കണമായിരുന്നു.
താണ നിലത്തേ നീരോടു എന്നല്ലേ പ്രമാണം?.
ഒടുവിൽ, തലക്കനം അയാളുടെ ഉടലിന്റെ ബലം കുറച്ചു. നില തെറ്റിച്ചു. നിലനില്പിനെ ബാധിച്ചു. അത് തികച്ചും സ്വാഭാവികം.

രാഗപരിചയം

# കല്ല്യാണി



ഡോഃ ജയലക്ഷ്മി നന്ദകുമാർ

പ്രതിമദ്ധ്യമ രാഗങ്ങളിൽ ഏറെ പ്രാചീനമായതും പ്രചാരമുള്ളതുമായ രാഗമാണ് കല്ല്യാണി. 65-ാ മത്തെ മേളകർത്താ രാഗമാണ്. കടപയാദി സംഖ്യാ നിർണ്ണയത്തിനായി 'മേച' എന്ന അക്ഷരങ്ങൾ കൂട്ടി ചേർത്ത് മേചകല്ല്യാണി എന്ന് അറിയപ്പെടുന്നു. 72 മേളകർത്താപട്ടികയിൽ 11-ാ മത്തെ ചക്രമായ രുദ്രയിൽ 5 ാ മത്തെ രാഗമാണ് കല്ല്യാണി. ഇതൊരു സമ്പൂർണ്ണ രാഗമാണ്. അസമ്പൂർണ്ണ മേളപദ്ധതിയിൽ 65 ാ മത്തെ രാഗത്തിനു ശാന്തകല്ല്യാണി എന്നാണ് പേര്.

ആരോ ഃ സ രി ഗ മ പ ധ നി സ

അവ ഃ സ നി ധ പ മ ഗ രി സ

സ്വരസ്ഥാനങ്ങൾ ഃ ഷഡ്ജം, ചതുഃ ശ്രുതി രിഷഭം, അന്തര ഗാന്ധാരം, പ്രതിമദ്ധ്യമം, പഞ്ചമം, ചതു ഃശ്രുതി ധൈവതം, കാകളി നിഷാദം.

സംഗീതക്കച്ചേരികളിൽ പ്രധാനപ്പെട്ട രാഗമായി കല്ല്യാണി ശോഭിക്കുന്നു. രാഗാലാപനം, നിരവൽ, കല്പനസ്വരം എന്നിവയ്ക്ക് വളരെയധികം സാദ്ധ്യതയുള്ള രാഗമാണിത്. ഏതു സമയത്തും പാടാമെങ്കിലും സായാഹ്ന സമയമാണ് ഏറെ അനുയോജ്യം. ഗീതം, വർണ്ണം, കൃതി, പദം, ജാവലി, തില്ലാന തുടങ്ങി എല്ലാ സംഗീതരൂപങ്ങളും കല്ല്യാണി രാഗത്തിൽ ചിട്ടപ്പെടുത്തിയതായി കാണാം.

ഹിന്ദുസ്ഥാനി സംഗീതത്തിൽ കല്ല്യാണി രാഗത്തിനു സമാനമായിട്ടുള്ളത് യമൻഥാട്ട് ആണ്. ഹംഗറി സംഗീതത്തിലും കല്ല്യണി രാഗത്തിന്റെ ഛായയിലുള്ള ഗാനങ്ങൾ ഉള്ളതായി പറയപ്പെടുന്നു. 122 ജന്യരാഗങ്ങൾ കല്ല്യാണി രാഗത്തിനുണ്ട്. (രാഗപ്രവാഹം - ഡി.പട്ടമ്മാൾ & എം. ദണ്ഡപാണി) സാരംഗ, മോഹനകല്ല്യാണി, യമുനാകല്ല്യാണി, ഹമീർകല്ല്യാണി എന്നീ രാഗങ്ങൾ അതിൽ ചിലത് മാത്രം.

ഭക്തി , ശൃംഗാരം, വാത്സല്യം എന്നിവയാണ് കല്ല്യാണി രാഗത്തിൽ നിന്നും ഉളവാകുന്ന രസങ്ങൾ.

| | | | | |
|---|---|---|---|---|
| 1. | ഗീതം | കമലജാദള | ത്രിപുടതാളം | |
| 2. | വർണ്ണം | വനജാക്ഷിറോ | ആദിതാളം | പൂച്ചി ശ്രീനിവാസ അയ്യങ്കാർ |
| 3. | വർണ്ണം | വനജാക്ഷി | അടതാളം | പല്ലവി ഗോപാലയ്യർ |
| 4. | കൃതി | നിധിച്സാല സുഖമാ | മിശ്രചാപ്പ് | ത്യാഗരാജസ്വാമി |
| 5. | കൃതി | ഏതാവുന്നാറാ | ആദി | ത്യാഗരാജസ്വാമി |
| 6. | കൃതി | അമ്മ രാവമ്മ | ഖണ്ഡചാപ്പ് | ത്യാഗരാജസ്വാമി |
| 7. | കൃതി | ഹിമാർദ്രി സുതേ | രൂപകം | ശ്യാമാശാസ്ത്രികൾ |
| 8. | കൃതി | പങ്കജലോചന | മിശ്രചാപ്പ് | സ്വാതി തിരുനാൾ |
| 9. | കൃതി | കമലാംബാം ഭജരേ | ആദി | മുത്തുസ്വാമി ദീക്ഷിതർ |
| 10. | കൃതി | ഉന്നൈ അല്ലാൽ | ആദി | പാപനാശം ശിവൻ |
| 11. | പദം | കിന്ദു ചെയ്വൂ | രൂപകം | സ്വാതി തിരുനാൾ |

**ചില സിനിമാഗാനങ്ങൾ**

| | | |
|---|---|---|
| 1. | ആ നിമിഷത്തിന്റെ നിർവൃതിയിൽ | ചന്ദ്രകാന്തം |
| 2. | സ്വർണ്ണചാമരം വീശിയെത്തുന്ന | യക്ഷി |
| 3. | സ്വർഗ്ഗ നന്ദിനീ | ലങ്കാദഹനം |
| 4. | മന്നവൻ വന്താനടി തോഴി | തിരുവാരുച്ചെൽവർ |
| 5. | കലൈവാണിയെ | സിന്ധുഭൈരവി |
| 6. | അമ്മാ എൻട്രഴൈയ്ക്കാത | മന്നൻ |
| 7. | കാറ്റിൽ വരും ഗീതമേ | ഒരു നാൾ ഒരു കനവ് |
| 8. | ജനനീ ജനനീ | തായ് മൂകാംബികൈ |
| 9. | തളിരിട്ട കിനാക്കൾ | മൂടുപടം |
| 10. | പൊൽതിങ്കൾകല പൊട്ടുതൊട്ട | കുമാരസംഭവം |
| 11. | മണ്ണിലും വിണ്ണിലും | സ്വാമി അയ്യപ്പൻ |
| 12. | പൂങ്കാറ്റിനോടും കിളികളോടും | പൂമുഖപ്പടിയിൽ നിന്നെയും കാത്ത് |
| 13. | സംഗീതമേ നിന്റെ ദിവ്യസൗഭാഗ്യത്തിൽ | ഗസൽ |
| 14. | കാണുമ്പോൾ പറയാമോ | ഇഷ്ടം |
| 15. | കണ്ണാടി ആദ്യമായെൻ | സർഗ്ഗം |

# കളം കളം പാടുന്ന തിരമാല



രമാ ശശിധരൻ

**നി**മിഷം കൊണ്ടാണ് വർഷ തിരമാലകളെക്കുറിച്ചുള്ള കവിത മനസ്സിൽ കുറിച്ചിട്ടത്. കരയ്ക്കു മുത്തം കൊടുത്ത് മടങ്ങുന്ന തിരമാലയോട് അവൾക്ക് അസൂയ തോന്നി. “വർഷേ നീ ഇവിടെ ഇരിക്കുകയായിരുന്നോ നിന്നെ ഞാൻ എവിടെയെല്ലാം തിരക്കി.” ദാസേട്ടന്റെ കനത്ത സ്വരം കേട്ടാണ് വർഷ സ്വപ്നലോകത്തു നിന്നും ഉണർന്നത്.അനുസരണയുള്ള കുട്ടിയെപ്പോലെ ദാസേട്ടനെ പിൻതുടരുകതന്നെ ചെയ്തു. വീടിന്റെ മുഖദാവിലെത്തിയപ്പോഴോ, അച്ഛന്റെ ശകാരം, “പ്രായപൂർത്തിയായ മകളുടെ കവിതയെഴുത്തും സാഹിത്യവും, തൃസന്ധ്യയായലും കുടുംബത്തു കയറണമെന്നില്ലേ?” “മിണ്ടാപ്പെണ്ണല്ലേ എന്നു കരുതി അല്പം സ്വാതന്ത്ര്യം തന്നതിന്റെ ശിക്ഷയാണോ ദൈവമേ,” അമ്മയുടെ പിറുപിറുക്കലും തേങ്ങലും.

തന്റെ ശബ്ദമല്ലേ നഷ്ടപ്പെട്ടിട്ടുള്ളു, ചെവികേൾക്കാമല്ലോ ചുരുക്കത്തിൽ എല്ലാവർക്കും താൻ ഒരു ഭാരമാണ്. വർഷയുടെ മനസ്സ് തേങ്ങി. എല്ലാത്തിൽ നിന്നും ഒരു മോചനമല്ലേ തന്റെ കവിതയെഴുത്ത്! ആരു ശകാരിച്ചാലും പേപ്പറും, പേനയും കാണുമ്പോൾ വർഷ എല്ലാം മറന്നു പോകുകയാണ്.

മനസ്സിൽ തോന്നുന്ന വരികളെല്ലാം ഡയറിയിൽ കുറിച്ചിടും. കിടക്കുമ്പോൾ തലയിണ ചേർത്തു പിടിച്ച് കരയും! തന്റെ എല്ലാ സങ്കടങ്ങളും തലയിണയോടാണ് പറയുക. എത്ര ശകാരിച്ചാലും ദാസേട്ടനു തന്നെ ജീവനാണ്.

“എന്നെങ്കിലും ഒരിക്കൽ വർഷേ, നിന്റെ കവിത ഞാൻ പ്രസിദ്ധീകരിക്കും. എനിക്ക് ജോലി കിട്ടിയാൽ ഉടനെ നിന്നെ ഡോക്ടറെ കാണിച്ച് നിന്റെ സംസാരശേഷി വീണ്ടെടുക്കും.” ആത്മവിശ്വാസത്തോടെയുള്ള ദാസേട്ടന്റെ വാക്കുകളാണ് തന്റെ അത്താണി.

വർഷ ഓർത്തു ഒന്നാം വർഷ പ്രീഡിഗ്രിക്കു പഠിക്കുമ്പോൾ കോളേജ് ഡേക്കു പദ്യപാരായണത്തിനും, കവിതാ രചനയ്ക്കും ഒന്നാം സ്ഥാനം തനിക്കായിരുന്നു. സ്വപ്നയെന്ന സുന്ദരിക്കൂട്ടുകാരിയും താനും കൈമാറാത്ത രഹസ്യങ്ങളില്ല. എത്ര പെട്ടെന്നാണ് താനും സ്വപ്നയും അന്ധകാരത്തിലാണ്ടത്. വിധിയുടെ കരാളഹസ്തങ്ങൾക്ക് മൂകസാക്ഷിയാകേണ്ടി വന്നവളാണ് താൻ. സ്വപ്നയെ തന്റെ മുന്നിലിട്ട് ക്രൂരമായി ഉപദ്രവിക്കുന്ന രംഗം കണ്ട് അലറി അട്ടഹസിച്ചപ്പോഴാണ് താൻ ജീവിതത്തിലും ഊമയായത്. നാട്ടുകാരുടെ മുന്നിലും വീട്ടുകാരുടെ മുന്നിലും സ്വപ്ന മരിച്ചു. വർഷയുടെ മുമ്പിൽ (മനസ്സിൽ) മരിക്കാത്ത നൊമ്പരമായി അവൾ ഇപ്പോഴും ഉണ്ട്.

ശബ്ദം നഷ്ടപ്പെട്ടതോടെ പഠിപ്പും തീർന്നു. നാട്ടുകാർക്കും വീട്ടുകാർക്കും ഒരു ഭാരമായി..... പക്ഷേ തിരമാലകളും, കടപ്പുറവും മണലും ദാസേട്ടനുമെല്ലാം വീണ്ടും തന്റെ മരുഭൂമിയിലെ ദാഹജലമായി മാറി. ‘‘വർഷേ എനിക്കു ജോലികിട്ടി. ബോംബെയിലാണ് ജോലി. തരക്കേടില്ലാത്ത ശമ്പളം, നീ ഇനി ഒട്ടും വിഷമിക്കരുത്.’’ ഒറ്റശ്വാസത്തിലാണ് ദാസേട്ടനത് പറഞ്ഞത്.

മനസ്സിൽ ഒരു പൂത്തുമ്പി പാറിക്കളിച്ചു ഒരു നിമിഷം ദാസേട്ടൻ തന്റെ കഴുത്തിൽ താലി കെട്ടുന്നതുവരെ സ്വപ്നം കണ്ടു. സ്വപ്നം കാണാൻ ആരുടേയും അനുവാദം ആവശ്യമില്ലല്ലോ. ഇങ്ങനെ ഓരോന്നു ചിന്തിച്ച് കടപ്പുറത്ത് ഒന്നു ചാഞ്ഞു. പെട്ടെന്നാണ് തിരമാലകൾ വന്ന് തന്നെ മുഴുവൻ നനച്ചത്. തിരമാലകൾ തന്നെ ആശീർവദിച്ചതാവും. തന്റെ കല്ല്യാണത്തിന് സമ്മതം മൂളിയതാവും! സാരിയും മുടിയുമെല്ലാം പിഴിഞ്ഞ് വേഗം കുഴമണ്ണിലൂടെ വീട്ടിലേക്ക് നടന്നു.

സന്ധ്യക്കുമുമ്പ് വീട്ടിലെത്തിയതിനാൽ ആരുടേയും ശകാരം കേൾക്കേണ്ടി വന്നില്ല. ദാസേട്ടന് ഏറ്റവും ഇഷ്ടപ്പെട്ട മുണ്ടും നേര്യതും ഉടുത്ത് നിലവിളക്ക് കത്തിച്ച് മനമുരുകി പ്രാർത്ഥിച്ചു. നല്ല വെള്ള പേപ്പറിൽ താൻ എഴുതിയ കവിത പകർത്തി..

‘ഹർഷ പുളകിയാം കടലമ്മേ
വർഷമാരി ചൊരിയൂ എന്നിൽ
സ്വപ്നമായ് വിടരൂ സ്വർഗ്ഗമായ്
നിറയൂ വിടരൂ..........
ആലോലമാം വള്ളിയിൽ
താലോലമായ് പടരൂ.... ’

ദാസേട്ടൻ പോകുന്നതിനുമുമ്പ് കവറിലിട്ട് കയ്യിൽ കൊടുത്തു. വിലാസമെല്ലാം ദാസേട്ടൻ ഭദ്രമായി എഴുതി ഒരു മാഗസീനിലേക്ക് അയച്ചു കൊടുത്തു. എന്നിട്ട് ആശ്വാസവാക്കുകളോടെയാണ് ദാസേട്ടൻ വണ്ടി കയറിയത്.

സ്വപ്നങ്ങൾക്കു ചിറകുകൾ നൽകി ദാസേട്ടൻ യാത്ര തുടർന്നു. വേർപാടിന്റെ നൊമ്പരം ആദ്യമായി അറിഞ്ഞു. എന്നും കടപ്പുറത്ത് ഒത്തുകൂടുന്ന നിമിഷങ്ങൾ! മുറച്ചെറുക്കനും മുറപ്പെണ്ണും. കരക്കാർക്കെല്ലാം താൻ ദാസേട്ടന്റെ മണവാട്ടിയാകും എന്നറിയാമായിരുന്നു.

ദാസേട്ടന് ജോലിം നിലേം വന്നപ്പോൾ വീട്ടുകാർ അടവെന്നു മാറ്റി. സ്ത്രീധനത്തുകയോടുകൂടി അവനു നല്ല പെങ്ങിനെ കിട്ടും. പിന്നെന്തിനു ഊമപ്പെണ്ണിനെ കെട്ടണം.ആരെല്ലാം എന്തെല്ലാം പറഞ്ഞാലും ദാസേട്ടൻ തന്നെ കൈവെടിയുകയില്ല എന്നു മനസ്സു പറയുമായിരുന്നു. പോസ്റ്റുമാൻ വീട്ടുപടിക്കലെത്തുമ്പോൾ, ദാസേട്ടന്റെ കത്തു പ്രതീക്ഷിച്ച് ഓടി എത്തിയപ്പോൾ കിട്ടിയതോ സാഹിത്യ അക്കാഡമിയുടെ അവാർഡ് തന്റെ കവിതക്കാണ് എന്നുള്ള വാർത്തയാണ്. സുപ്രസിദ്ധ സാഹിത്യകാരൻ ശ്രീ മാധവൻ മാസ്റ്ററാണ് അവാർഡ് തരുന്നത്. തന്റെ ദാസേട്ടൻ ആ ദിവസം എത്തിയെങ്കിൽ! കടപ്പുറത്തെ മണൽത്തിട്ടയിൽ അവൾ എഴുതി. ദാസേട്ടൻ+വർഷ കടലമ്മയും തിരമാലകളും അവയെ തഴുകി മായ്ക്കാതെ പോയി. ദാസേട്ടൻ തീർച്ചയായും വരുമെന്നുറപ്പിച്ച് വീട്ടിലേയ്ക്ക് നടന്നു. പിറ്റേന്നാണ് അവാർഡ്. അവാർഡ് ഏറ്റുവാങ്ങുമ്പോൾ കണ്ണുകൾ തിരയുകയായിരുന്നു, അവാർഡ് നൽകിയ മഹാൻ കവിത ചൊല്ലുവാൻ ആവശ്യപ്പെട്ടു. ഗദ്ഗദം കണ്ണുനീരായി കവിളിലൂടെ ഒലിച്ചിറങ്ങി. കണ്ണിൽ ഇരുട്ടു കയറുന്നതുപോലെ. ദാസേട്ടനല്ലേ മുൻനിരയിൽ.... കൂടെ തുടുത്തു കോമളയായ ഒരു പെണ്ണും, ദാസേട്ടാ....! അറിയാതെ ശബ്ദം വന്നു....

കവിത മനോഹരമായി ചൊല്ലി. സദസ്യരുടെ കയ്യടിമേളം! വീട്ടുകാരുടെ ആനന്ദാശ്രു! തന്റെ മനസ്സിലോ വേദനയുടെ തുടികൊട്ടൽ, എങ്കിലും കടലമ്മയെ വിവരമറിയിക്കാൻ കടപ്പുറത്തേക്കോടി... വീണ്ടും ഉച്ചത്തിൽ കവിത ചൊല്ലി. തിരമാലയിലേക്ക് നടന്നടുത്തു. നിഷ്ക്കളങ്കയായ തിരമാലയുടെ ചുംബനമേൽക്കാൻ....

# തൃക്കാക്കരക്ഷേത്രത്തിലെ ശിലാലിഖിതങ്ങൾ

(കഴിഞ്ഞലക്കം തുടർച്ച)

- ശ്രീ.കെ.ജി.പത്മനാഭപിള്ള

ഇന്ദീശ്വരൻ കോതയുടെ ഒരു ശിലാരേഖ

ഭരണവർഷം 5+5

തൃക്കാക്കരക്ഷേത്രത്തിലെ തിരുമുറ്റത്തു കിടക്കുന്ന ഒരു കരിങ്കൽപാളിയിൽ, തമിഴ് ഭാഷയിൽ, വട്ടെഴുത്തു ലിപിയിൽ കൊത്തി വച്ചിട്ടുള്ള ഒരു രേഖയാണിത്. കുലശേഖര ചക്രവർത്തി ഇന്ദീശ്വരൻ കോത അഥവാ ഇന്ദുക്കോത വർമ്മൻ തിരുവടികളുടെ 10-ാം ഭരണവർഷത്തിൽ (5ന് എതിരായ 5- ാം വർഷത്തിൽ) കൊത്തി വച്ചിട്ടുള്ളതാണ് ഈ ശിലാരേഖ. മേടമാസത്തിൽ, വ്യാഴം മീനത്തിൽ നില്ക്കുന്ന കാലത്തേതാണ് രേഖ. സാഹചര്യത്തെളിവുകൾ വച്ചു നോക്കുമ്പോൾ, എ.ഡി.965ൽ ആയിരിക്കാം രേഖയുടെ കാലം. ഇന്ദീശ്വരൻകോത സ്ഥാനാരോഹണം ചെയ്തത് എ.ഡി. 955-ൽ ആയിരുന്നു എന്നതിന് ഒരു വിശേഷാൽ തെളിവും കൂടിയാണ് ഈ രേഖ. ഭാസ്ക്കര രവിവർമ്മന് കുറച്ചു വർഷം മുമ്പായിരിക്കാം ഇന്ദീശ്വരൻ കോതയുടെ കാലം.

തൃക്കാക്കര ഭട്ടാരകരുടെ ക്ഷേത്രത്തിലേക്ക് രണ്ടു കെടാവിളക്ക് കൊടുക്കുവാനും ക്ഷേത്രത്തിൽവച്ച് രണ്ടു ബ്രാഹ്മണർക്ക് ദിവസേന അന്നദാനം ചെയ്യുവാനും വേണ്ടി, പെരുവയൽ, കണ്ണക്കാലയുടയാർ പോട്ട, തച്ചനാർപോട്ട, വട്ടപ്പോട്ട, എന്നീ പേരുകളിലുള്ള മൊത്തം 42 കലം നെല്ല്, ഉടമസ്ഥന്റെ പങ്കായി ലഭിക്കുന്ന വിളവുള്ള നാലു നെൽപ്പാടങ്ങൾ ക്ഷേത്രത്തിലേക്ക് ദാനം ചെയ്യുന്ന രേഖയാണിത്. വസ്തു കൂടാതെ, ആ വസ്തു നോക്കിവന്നിരുന്ന, അതുമായി ബന്ധപ്പെട്ട, പുലയനെയും ദാനം ചെയ്തു.

കെടാവിളക്കിൽ ഒന്ന് വെള്ളിയായിരിക്കണം. കൂടാതെ അത് ഓരോതിരിയിലും കർപ്പൂരം വച്ച് കത്തിക്കണം ചദിര ശിഖാമണി എന്ന കീഴാനടികൾ ആണ് ദാതാവ്. (ദാനം ചെയ്തയാൾ) അദ്ദേഹത്തിന്റെ ഭാര്യ തം പെരുമാട്ടിയാർ ആണ്. ക്ഷത്രിയശിഖാമണി ആണ് ചദിരശിഖാമണി ആയിത്തീർന്നത്. ഇദ്ദേഹം നാട്ടിലെ ഒരു പ്രധാനി ആയിരുന്നിരിക്കണം. കൂടാതെ ദാനവ്യവസ്ഥകൾ പാലിക്കാനുള്ള ഉത്തരവാദിത്വം ക്ഷേത്ര അധികാരികളിൽ. ഇങ്ങനെ ഒരു വ്യവസ്ഥ സാധാരണ ഉണ്ടാകാറില്ല. ദാനവസ്തുക്കളിൽ നിന്നുള്ള വരവ്, എന്നെങ്കിലും ആവശ്യങ്ങൾക്കു തികയാതെ വന്നാൽ, ആ കുറവ് നികത്തികൊടുക്കേണ്ട ചുമതലയും അധികാരികളെ ഏല്പിച്ചിരിക്കുന്നു. പൂജകളിൽ മുടക്കു വന്നാൽ, ഉൾപ്പാടൻ രണ്ടരക്കാണം സ്വർണ്ണം പിഴ ഒടുക്കണം.

ഉൾപ്പാടൻ ക്ഷേത്രത്തിനുള്ളിൽ ജോലിചെയ്യുന്നവൻ (പൂജ ചെയ്യുന്നവൻ) ആണ്. പെരുമുതിയൻ ക്ഷേത്രത്തിനു പുറത്ത് ജോലി ചേയ്യുന്നവൻ.

നമ്പർ 36.

ഇന്ദീശ്വരൻ കോതയുടെ ഒരു ശിലാരേഖ 5+5

1. സ്വസ്തിശ്രീ (.) കോവിന്ദീസ്വരൻ കോതക്ക് ചെല്ലാനിന്റെയാണ്ട്
2. ണ്ടു അയ്യാമാടൈക്കെതിരെയ്യാമാൺടു മീനത്തിൽ വിയാ
3 ഴം നിന്റ മേടനായിറ്റുച്ചെയ്ത കരുമമാവതു (.) തിരു
4. കാൽക്കരൈ പട്ടാരകർക്കുച്ചതിര ചികാമണിയായിന
5. കീഴായടികൾ അമൈച്ച വെള്ളിനന്ദാവിളക്കൊന്റ് (.) ഇതിനുക്കു
6. നിച്ചൽ അരൈക്കണം കർപ്പൂരത്തിരിയിലിട്ടെരിക്കക്കടവർ (.) ഇവർ അമൈച്ച
7. തിരുവക്കിരമിരണ്ടു(.) തമ്പൊരുമാട്ടിയാർ അമൈച്ച നന്ദാവിള
8. ക്കൊന്റു(.) വിരുതുലാൻ നെയ്യും കയ്യുപുളിയും ഒരു തെങ്കായും കറിയും ഉപ്പും കുട ഉ-
9. ച്ചൈത്തിരുപ്പുലിയിൻമുന്നൈയ്യമിർത്തു ചെയ്വിയ്ക്കക്കടവർ(.) ഇച്ചെല
10. വിന്നമൈന്നു പൂമിയാവതു (.) പെരുവയൽ പൂമിയും പുലൈയ
11. രുങ്കണൈക്കാലായുടൈയാർ പൊട്ടൈയുന്തച്ചനാർ പൊട്ടെ
12. യും വട്ടപ്പൊട്ടയിർകടന്ന് മേലൊട്ടിയുക്കുട ആ
13. ട്ടു നാൽപ്പത്തിരു കലം നെൽ പൊരക്കുടിത്താർ പട്ടാരകർ അതികാ
14. രികൾ (.) ഇന്നെൽ പൊറക്കാൽ കുറൈന്നു തിട്ടു ചെലുത്ത ക്ക
15. വർ പട്ടാരൻ അതികാരികൾ (.) ഇപ്പൂമി പാട്ടമാണ്ടുമുട്ടിരട്ടി.
16. യുമടിയന്തരമുന്തീർത്തു ചെലുത്ത്ക്കടവർ (.) ഇത്തിരു വാരാതി
17. നൈ ഒരുനാൾമുട്ടുകിൽ ഇരണ്ടരൈക്കാണം പൊൻ തണ്ടം വൈച്ച ചെ
18. ലുത്ത കടവൻ ഉൾപ്പാടൻ

36 അർത്ഥം

സ്വസ്തിശ്രീ. കോവിന്ദുശേഖരൻ കോതക്ക് ചെല്ലാനിന്റെയാണ്ടു അയ്യാമാണ്ടെക്കെതരയ്യാമാണ്ട് മീനത്തിൽ വ്യാഴം നിന്റ മേടമാസം ചെയ്ത കരണമാണിത്. തൃക്കാക്കര ഭട്ടാരകർക്ക് സദിരശിഖാമണിയാകിയ കീഴാനടികൾ കൊടുത്ത വെള്ളികെടാവിളക്ക് ഒന്ന്. ഇത് ദിവസേന അരക്കാണം കർപ്പൂരം തിരിയിലിട്ട് കത്തിക്കണം. ഇദ്ദേഹം കൊടുത്ത അന്നദാനം രണ്ട്, തമ്പെരുമാട്ടിയാർ (സ്വഭാര്യ) കൊടുത്ത കെടാവിളക്ക് ഒന്ന്. രണ്ടുതുടം നെയ്യും ഒരു പലം പുളി, ഒരു തേങ്ങയും പച്ചക്കറിയും ഉപ്പും കൂടി ഉച്ചശ്രീബലിക്കു മുമ്പ് എത്തിക്കണം. ഈ ചിലവിനുള്ള

ഭൂമിയാണിത്. പെരുവയൽ ഭൂമിയും പുലയരും കണ്ണെക്കാലായുടയാർ പോട്ടയും വട്ടപ്പോട്ടയും കൂടെ നാൽപ്പത്തിരണ്ടു കലം നെല്ല് ഒരു വർഷം ആദായം കിട്ടുന്ന ഭൂമി ക്ഷേത്രാധികാരികൾ ഏല്പിച്ചു കൊടുത്തു. ആദായം കുറഞ്ഞാൽ ആ കുറവ് ഭട്ടാരകർ അധികാരികൾ നികത്തിക്കൊടുക്കണം. പാട്ടം ഒരു തവണ മുടക്കിയാൽ ഇരട്ടി അടപ്പിച്ച് പാട്ടം ഒഴിപ്പിക്കണം. ഈ തിരുവാരധന ഒരു നാൾ മുട്ടിയാൽ ഉൾപ്പാടൻ രണ്ടരക്കാണം പൊന്ന് പിഴകെട്ടി ആരാധന നടത്തണം.

നമ്പർ 37

ഇന്ദുക്കോതയുടെ ഒരു രേഖ തീയതി നഷ്ടപ്പെട്ടു

തമിഴ് ഭാഷയിൽ വട്ടെഴുത്ത് ലിപിയിലുള്ളതാണ് ഈ രേഖ. തൃക്കാക്കര വിഷ്ണു ക്ഷേത്രത്തിന്റെ ചുറ്റു മണ്ഡപത്തിന്റെ തെക്കു കിഴക്കേ വശത്ത് കീഴെ കൊത്തിവച്ചിട്ടുള്ള ശിലാലിഖിതമാണിത്. തീയതിയുടെ ഭാഗം നഷ്ടപ്പെട്ടു.

ഈ ലിഖിതത്തിന്റെ ഭാഷയിൽ, ചില വ്യത്യാസങ്ങൾ കുണുന്നു. കാലഗണനയ്ക്ക് വിരൽചൂണ്ടുന്നതാണീ രൂപാന്തരം. പുരയിടത്തിനു അമിതിന്നു, വിളക്കിന്നു എന്നീ വാക്കുകളിൽ 'ഉ' യുടെ ഉപയോഗം പുതുതാണ്. തുടവൂ എന്ന പഴയ വാക്കിന് തുടം എന്നും ഒഴിഞ്ഞൂ എന്നതിന് ഒഴിച്ചു എന്നും ഉപയോഗിച്ചിരിക്കുന്നു.

മൂലം ഒന്നാം ഭാഗം

1. സ്വസ്തിശ്രീ.കോവിൻതുക്കോതവർമ്മർ തിരുവടിക്കി(ച്ചെല്ലാനലന്റെ യാണ്ടു..............

   (വി)യാഴം നിന്റ തനു നായിററുച്ചെയ്ത കരുമമാവതു കണ്ണംപുറൈയ

2. (ൻ നാടുവാഴ്കൈയിൽ) നെടിയ തളി(പുമി) ചോഴ ശികാമണി അമച്ചതി.......തേവർ

   കൊൺടു പുരയിടമും വടക്കു കേയവൻ ചങ്കരൻ പുരയിട

3. പ(ട)ത്തിനു തെക്കു നാരായണ മങ്ങലത്തിർപ്പടാത പൂമിയെല്ലാം (കയ്യെഴു)........

   അമതിന്നു പടുപുമി എല്ലാം വാഴുന്നു കുപനായിറ്റു

   രണ്ടാം ഭാഗം

4. നാട്ടിനും വാഴ്കൈക്കു പണിക്കും കൊടുക്കു ങൊൾക്കുടയുമൊഴിച്ചു കൊടുത്താൽ കാൽക്കരൈ നാട്ടുടയ കണംപുറൈയൻ തേവർക്കു(.) ഇന്നെയ് നാനാളും തിങ്കളാലും മുട്ടുകിൽ കാരാൺമൈ വിടക്കവിയർ (.) ഇരുപത്തിയഞ്ചു

5. തുടവു ഉൾപ്പാടനും പെരുമുതിയനുംകൂടി മുന്നൂറ്റു മംഗലത്താറൈ ഇതുകുട ഇരുപത്തിയഞ്ചു തുടവു നെയ് ചെലുത്തക്കടവർകാരിലിത്തു കണ്ണങ്കുമാരനമച്ച വിളക്കിന്നു(.) ഇപ്പരി അറിയുഞ്ചാതുക്കൾ മാലൈപ്പുറത്തു തേവൻ തേവനും പെരുമനൈക്കോട്ടത്തു കേചവൻ ചങ്കരനും കുലൈചേകരപട്ടി

6. നത്തു പോഴ നാരായണനും ഊരൻ പോഴൻ ചിരികണ്ടനും വെള്ളിയാംപള്ളി പോഴൻ ചാത്തനും മലൈയിള്ളി ഇൽ കുമരനു മറിയു(.) മിവകളറിക്ക കൈയെഴുതി അറിവെൻ കുമ്മൻ കോട്ടിരവികുന്റ പ്പോഴനെൻ

മൂലത്തിന്റെ വിവർത്തനം

സ്വസ്തിശ്രീ.കോ(കോൻ രാജാവ്) ഇന്ദുക്കോതവർമൻ തിരുവടിയുടെ രാജ്യഭാരം തുടങ്ങിയിട്ട്......വ്യാഴം നില്ക്കുന്ന ധനുമാസം ചെയ്ത കരണമാണിത്. കണ്ണൻപുറയൻ നാടുവാഴുമ്പോൾ.......കൃഷിചെയ്യുന്ന തേവർകൊണ്ട പുരയിടവും വടക്കു കേശവൻ ശങ്കരൻ പുരയിടത്തിനു തെക്ക് നാരായണമംഗലത്തിൽ പെടാത്ത ഭൂമിയെല്ലാം നെടിയതളി ചോഴ ശിഖാമണി സ്ഥാപിച്ചു കൊടുത്തു. കുംഭമാസത്തിൽ വഴിപാട് നടത്തണം. ഈ ഭൂമിയുടെ മേൽ നാടിനും പണിക്കാർക്കും കൊടുക്കേണ്ട എല്ലാ രക്ഷാഭോഗങ്ങളും കരവും കണ്ണൻ പുറയൻ ഒഴിവാക്കിക്കൊടുത്തു. ഈ നെയ്യ് കൊടുക്കുന്നതിൽ ഒരു ദിവസമോ ഒരു മാസമോ മുടക്കിയാൽ മുടക്കിന്റെ ഇരട്ടി അളവ് കൊടുക്കണം. ഒരു കൊല്ലം മുഴുവൻ മുടക്കിയാൽ കാരൺമ (പാട്ടം) ഒഴിയണം. ഉൾപ്പാടനും പെരുമുദിയനും കൂടി കൊടുക്കേണ്ട ഇരുപത്തിയഞ്ചു തുടം നെയ്യും കൂടാതെ, കാരിലം കണ്ണൻ കുമരൻ സ്ഥാപിക്കുന്ന കെടാവിളക്കിനും ഇരുപത്തഞ്ച് തുടം നെയ്യും അവർ തന്നെ കൊടുക്കണം. മാലപ്പുറത്ത് ദേവൻ ദേവനും പെരുമനക്കോട്ടത്ത് കേശവൻ ശങ്കരനും, കുലശേഖര പട്ടിണത്ത് പോഴനാരായണനും ഊരൻ പോഴൻ ചിരികണ്ടനും, വെള്ളിയമ്പള്ളി പോഴൻ ചാത്തനും മലയപ്പിള്ളിൽ കുമരനും ഇതൊക്കെയറിയാം. (ഇവരെല്ലാം ഈ രേഖയുടെ സാക്ഷികളാണ്) ഇവരുടെ എല്ലാം അറിവോടുകൂടി കുമ്മൻ കോട്ടിരവികുന്നപ്പോഴനായ ഞാൻ ഈ രേഖ കയ്യെഴുതി അറിഞ്ഞു.

(തുടരും)

## വിഷുഫലം

**ഈ വർഷത്തെ ഓരോ നക്ഷത്രങ്ങളിൽ ജനിച്ചവരുടെ സാമാന്യഫലം**

**ഭരണി, കാർത്തിക, രോഹിണി - ആദിശൂലം - ഈ നക്ഷത്രങ്ങളിൽ ജനിച്ചവർക്ക് ധനനാശവും, രോഗക്ലേശങ്ങളും ആപത്തുകളും ദുർവ്യയവും മകയിരം, തിരുവാതിര, പുണർതം, പൂയം, ആയില്യം, മകം-ഈ നക്ഷത്രങ്ങളിൽ ജനിച്ച വർക്ക് സർവ്വാഭിഷ്ടസിദ്ധിയും, സത്കീർത്തിയും , പൂരം, ഉത്രം, അത്തം - മദ്ധ്യശൂലം - ഈ നക്ഷത്രങ്ങളിൽ ജനിച്ചവർക്ക് ബന്ധുനാശം, സ്വജനവിരോധം, അപമാനം, മനഃക്ലേശം എന്നിവയും, ചിത്തിര, ചോതി, വിശാഖം, അനിഴം, തൃക്കേട്ട,മൂലം ഈ നക്ഷത്രങ്ങളിൽ ജനിച്ചവർക്ക് ലോക ബഹു മാനാദിസ്ഥാനമാനങ്ങളും, ജനപ്രീതിയും, വിശേഷ വസ്ത്രാഭരണാദി ലാഭവും, പൂരാടം, ഉത്രാടം, തിരുവോണം - അന്ത്യശൂലം - ഈ നക്ഷത്ര ങ്ങളിൽ ജനിച്ചവർക്ക് ആയുധം, പശു, പക്ഷി മുതലായവ നിമിത്തം ദേഹ ഉപദ്രവങ്ങൾ രോഗ ആപത്തുകൾ അനുഭവപ്പെടുകയും, അവിട്ടം, ചതയം, പൂരുരുട്ടാതി, ഉതൃട്ടാതി, രേവതി, അശ്വതി - ഈ നക്ഷത്രങ്ങളിൽ ജനിച്ചവർക്ക് ജനനേതൃത്വം, മേലാധി കാരികളുടെ പ്രീതി, അധികാരപ്രാപ്തി, സുഖം എന്നീ ഫലാനുഭവങ്ങൾ കാണുന്നു.**

## സുഭാഷിതം

ഏക ഏവ സുഹൃത്ധർമ്മോ
നിധനേപ്യനുയാതിയഃ
ശരീരേണ സമം നാശം
സർവ്വമന്യത്തുഗച്ഛതി

മരണത്തിലും പിന്തുടരുന്ന ധർമ്മം മാത്രമാണ് ഏകസുഹൃത്ത്. മറ്റെല്ലാം തന്നെ ശരീരത്തോടൊപ്പം നാശം പ്രാപിക്കുന്നു.

## എറണാകുളം കരയോഗം പി.എസ്.ഗോപിനാഥൻ നായർ അവാർഡ് 2013

# 2013 ലെ അവാർഡ് ശ്രീ. സി. ജയരാമന്



കേരളനദീസംരക്ഷണസമിതിയുടെ അദ്ധ്യക്ഷനും ഭൂമിക്കു പനി, ജലം ജീവജലം തുടങ്ങിനിരവധി പരിസ്ഥിതി ശാസ്ത്രകൃതികളുടെ രചയിതാവുമായ പരേതനായ പി.എസ്. ഗോപിനാഥൻനായർ ഏർപ്പെടുത്തിയിട്ടുള്ളതാണ് ഈ അവാർഡ്. 2013 ലെ ഈ അവാർഡിന് ശ്രീ. സി. ജയരാമൻ അർഹനായി. 10001 രൂപയും പ്രശസ്തി പത്രവുമടങ്ങുന്ന ഈ അവാർഡ്. 2013 ഏപ്രിൽ 22 തിങ്കളാഴ്ച ഭൗമദിനത്തോടനുബന്ധിച്ച് വൈകുന്നേരം 3 മണിക്ക് എറണാകുളം ടി.ഡി.എം. ഹാളിൽ നടക്കുന്ന സമ്മേളനത്തിൽ വച്ച് അവാർഡ് സമ്മാനിക്കുന്നതാണ്. ശ്രീ.സി.ജയരാമന്റെ പ്രവർത്തനം മറ്റുള്ളവരിൽനിന്നും വ്യത്യസ്തമായിരുന്നു. പരിസ്ഥിതി പ്രവർത്തനം പ്രായോഗികമായി കൊണ്ടു വരുന്നതിനുള്ള ഇടപെടലുകൾ ഉള്ളതായും വെളിപ്പെടുന്നു. ഊർജ്ജ പരിസര സംരക്ഷണത്തിന്റെ പ്രാധാന്യം മറ്റുള്ളവരെ ബോധ്യപ്പെടുത്തുന്നതിനായി വിജ്ഞാനഭാരതി, ഊർജ്ജയാത്ര മുതലായ സംഘടനകളുമായി ദേശീയതലത്തിൽ പ്രചാരണം സംഘടിപ്പിച്ചിട്ടുണ്ട്.

പരിസരസംരക്ഷണത്തിന്റേയും മാലിന്യ നിർമ്മാർജ്ജനത്തിന്റേയും പ്രാധാന്യം വെളിവാക്കുന്ന പ്രചാരണ പ്രവർത്തനങ്ങൾക്കു നേതൃത്വം നല്കി വരുന്ന അദ്ദേഹം നിരവധി വിദ്യാലയങ്ങളിൽ ബോധവല്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും, ഈ രംഗത്ത് അനേകം അദ്ധ്യാപകർക്ക് പരിശിലനം നല്കുകയും ചെയ്യുന്നു. ലോകം ഇന്ന് അഭിമുഖീകരിക്കുന്ന കാർബൺ, കാർബൺ മോണോക്സൈഡ് എന്നിവയുടെ ദൂഷ്യവശങ്ങൾ ദൂരികരിക്കുന്നതിനുള്ള നിർദ്ദേശ ഉപദേശങ്ങൾ വ്യാപകമായി പ്രചരിപ്പിക്കുകയും ചെയ്തു വരുന്നുണ്ട്. വിദ്യാലയങ്ങളിൽ ഇത്തരം പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നത്, ഇന്നത്തേക്കു മാത്രമല്ല നാളെയുടെ വാഗ്ദാനങ്ങളായ കുട്ടികളിൽ കൂടി വളരെ നല്ല നിലയിൽ സമൂഹത്തിലേക്ക് എത്തിക്കുന്നു എന്നത് ഇദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിൽ എടുത്തു പറയത്തക്കതാണ്. ശ്രീ.ജയരാമൻ ഇപ്പോൾ ബി.പി.സി.എൽ കൊച്ചി റിഫൈനറിയിൽ സീനിയർ മാനേജർ പ്രോജക്ടസ് ആയി സേവനം അനുഷ്ഠിക്കുന്നു.

# ആദരാഞ്ജലി



എൽ/3532
**എൻ.കെ.പരമേശ്വരൻ,**
എ2,മുല്ലോത്ത് അമ്പാടി എൻക്ലെവ്,
അമ്പാടി ലെയിൻ,
ചിറ്റൂർ റോഡ്, കൊച്ചി 682 011



എൽ/4734
**ലീല.സി**
ലീലാസദൻ
ഫാത്തിമ ചർച്ച് റോഡ്
എളംകുളം, കൊച്ചി 682020



എൽ/2163
**എം. ഭാസ്കരമേനോൻ മുല്ലോത്ത്,**
ശരണ്യ,31/1003ബി,
കുഞ്ഞൻബാവ റോഡ്,
കൊച്ചി 682019



എൽ/3281
**പി.ആർ.മേനോൻ,**
ജി.111, പനമ്പിള്ളി നഗർ
കൊച്ചി 682036



എൽ/1225
**ശശികുമാർ കോക്കാപ്പിള്ളിൽ,**
കോക്കാപ്പിള്ളിൽ ഹൗസ്,
ലായം റോഡ്, കൊച്ചി 682011



എൽ/0609
**കെ.മാധവമേനോൻ,**
കണിശ്ശേരിൽ ഹൗസ്,
വടുതല, കൊച്ചി 682023



എൽ/2115
**നാരായണൻ.പി.പി.**
രാജശ്രീ,XL/1658
ദ്വൊരൈസ്വാമി അയ്യർ
റോഡ്, കൊച്ചി 682035



എൽ/4005
**ഗോവിന്ദൻ. എ.കെ.**
1 A, സെൻട്രൽസോൺ
അപ്പാർട്ട്മെന്റ്സ്
അമ്മൻകോവിൽ റോഡ്
കൊച്ചി - 682 035

# വിഷുവർഷം



– രാജലക്ഷ്മി എം.

**ക**ത്തുന്ന മീനസൂര്യൻ. ഇടയ്ക്ക് വേനൽമഴ. പാതയോരങ്ങളും തൊടികളും സ്വർണ്ണപൂങ്കുലകളാൽ അലങ്കരിച്ച കർണ്ണികാരത്തിൻെറ ധാരാളിത്തം. അക്കൊമ്പിൽ നിന്ന് ഇക്കൊമ്പിലൂടെ പറന്ന് വിഷുക്കിളി അച്ഛൻ കൊമ്പത്ത്, അമ്മ വരമ്പത്ത് , കുഞ്ഞിക്കിളിയേ, കുരു ഒത്തു കുരു ഒത്തു, മേടം ചാരത്ത്, കൂടാം പാടത്ത്, ചാടാറായില്ലേ? വാടാമല്ലികളേ എങ്ങും ഈ വിളി കേൾക്കാം.

പകലും രാവും ഒരു പോലെ വരുന്ന ദിവസം മേടവിഷുവും തുലാസംക്രമവും. സൂര്യൻ ഭൂമധ്യരേഖ കടക്കുന്ന സമയമാണ് വിഷു. ഉത്തരായനം , ദക്ഷിണായനം എന്നീ രണ്ടു അയനങ്ങൾ. അതായത് 1) മേടം 2) തുലാം. എന്നീ സമയത്തായതിനാൽ മേടവിഷുവും തുലാം വിഷുവും. പക്ഷെ പ്രാധാന്യം മേടവിഷുവിനാണ്.

മീനരാശിയിൽ നിന്ന് മേടരാശിയിലേക്ക് സൂര്യൻ സംക്രമിയ്ക്കുന്ന ദിനമാണ് വിഷു. രാശീചക്രത്തിൻെറ ആരംഭം മേടമായതിനാൽ വിഷുവിന് പ്രമുഖസ്ഥാനമാണ് കൽപ്പിച്ചിരിക്കുന്നത്.

വിഷുവിൻെറ മുൻപിൽ നോക്കി പൂർവ്വികർ ഫലപ്രവചനം നടത്തിയിരുന്നു. വേനൽമഴ, കൊന്നപ്പൂ, കണിവെള്ളരി, ഇവയൊക്കെ നോക്കിയായിരുന്നു ലക്ഷണശാസ്ത്രത്തിലെ പ്രവചനം.

വിഷുവിന് മുമ്പേ വർഷം വന്നാൽ
കർഷകർക്കെല്ലാം കണ്ണീർവർഷം
കുംഭാരംഭം കൊന്ന വിരിഞ്ഞാൽ
കുംഭയിൽ തടവി കാലം നീക്കാം
മീനാന്ത്യത്തിൽ കൊന്ന വിരിഞ്ഞാൽ
മാനം നോക്കിക്കാലം നീക്കാം.

കൊന്നകൾ നേരത്തെ പൂത്താൽ കാലവർഷം നേരത്തെയുണ്ടാകുമെന്ന് സാരം.

**മറുനാട്ടിൽ**

രവിസംക്രമദിനം നാം വിഷുവായി ആഘോഷിയ്ക്കുമ്പോൾ, തമിഴ്നാട്ടുകാർക്ക് അത് നവവത്സര ദിനമാണ്. ഇതിനെ പുത്താണ്ട് എന്നവർ വിളിയ്ക്കുന്നു. ബ്രഹ്മാവ് ലോകസൃഷ്ടിയ്ക്കായി തിരഞ്ഞെടുത്ത ദിനമാണത്രെ വിഷു. അതിനെ കർണ്ണാടക, ആന്ധ്ര സംസ്ഥാനങ്ങളിൽ ഉഗാദിയായി ആഘോഷിയ്ക്കുന്നു. പഞ്ചാബിൽ കാർഷികോത്സവമായ ബൈശാഖിയായും മറ്റു പലസംസ്ഥാനങ്ങളിൽ സംക്രമണമായും ആഘോഷിയ്ക്കപ്പെടുന്നു.

**വിത്തിടൽ ഉത്സവം**

ഓണം വിളവെടുപ്പുത്സവമാണെങ്കിൽ, വിഷു വിത്തിടൽ ഉത്സവമാണ്. വിഷുദിവസം വയൽമുഖത്ത് ജൻമിയും, പണിക്കാരുടെ തലവനും (തലപ്പുലയൻ / മൂപ്പൻ) ചേർന്ന് നിലവിളക്ക് കൊളുത്തുന്നു. ഇതിന് **വയൽത്തിരി** എന്നാണ് പറയുക. തുടർന്ന് 2 പണിക്കാർ വയലിലിറങ്ങി കലപ്പയുടെ മുഖം പേറുന്നു. ജൻമിയും, മൂപ്പനും ചേർന്ന് കലപ്പ പൂട്ടീ ചെറുചാൽ തീർക്കുന്നു. ഇതിന് ശേഷം വിത്തുവിതയ്ക്കലാണ്. പൂജിച്ചുകൊണ്ടുവന്ന വിത്ത് കൂടയിൽ നിന്ന് ജൻമിയും മൂപ്പനും ഓരോ പിടി വാരുന്നു. പിന്നീട് പ്രാർത്ഥനാപൂർവ്വം വിതയ്ക്കുന്നു. അതിന് ശേഷം കുടുംബാംഗങ്ങളും കുടിയാൻമാരും ആർപ്പുവിളികളോടെ വിഷുവിത പൂർത്തിയാക്കുന്നു.

വിഷുത്തലേന്ന് ജൻമി കുടുംബങ്ങളിൽ നിന്ന് ചെറുകുട്ടകളിൽ അരി, തേങ്ങ, വെളിച്ചെണ്ണ, ശർക്കര തുടങ്ങിയവ കുടിയാൻമാർക്ക് നൽകുന്നു. ഇതിനെ **വിഷുവല്ലി** എന്നു പറയുന്നു.

**വിഷുക്കൈനീട്ടം**

വിഷുക്കണി കണ്ടു കഴിഞ്ഞാൽ ഗൃഹനാഥൻ ആദ്യമായി നൽകുന്ന നാണയമാണ് കൈനീട്ടം. കൈനീട്ടി നൽകുന്നതിനാലും വാങ്ങുന്നതിനാലും ഇതിനെ **കൈനീട്ടം** എന്നുപറയുന്നു.

**വിഷുക്കഞ്ഞി**

തവിട് കളയാത്ത അരിയും, തേങ്ങാപാലും, ശർക്കരയും, ഏലക്കായും ചേർത്ത് വിഷുനാളിൽ തയ്യാറാക്കുന്ന സ്വാദിഷ്ഠമായ വിഭവമാണ് വിഷുക്കഞ്ഞി. ഇത് ജൻമികുടുംബങ്ങളിൽ അതിരാവിലെ തയ്യാറാക്കപ്പെടുന്നു. വിഷുച്ചാൽ കീറി വിതച്ചെത്തുന്ന കുടുംബാംഗങ്ങളും പണിക്കാരും ചേർന്ന് വിഷുക്കഞ്ഞിയുടെ മാധുര്യം നുണയുന്നു.

കുട്ടികൾ സ്ക്കൂൾ പൂട്ടി വീട്ടിലേയ്ക്കല്ല നേരെ പ്രകൃതിയിലേയ്ക്കാണ് പോവുക. പൂത്തുലഞ്ഞു നിൽക്കുന്ന കണിമരങ്ങൾ ബുക്ക് ചെയ്തതിന് ശേഷമെ അവർ വീടണയൂ.അവർ ഓരോ ചെറു സംഘമായി പിരിഞ്ഞ് കണിക്കൊന്നകൾക്കു മേൽ അവകാശം സ്ഥാപിയ്ക്കുന്നു. മരത്തിൻമേൽ ഉണക്കവള്ളിയോ വാഴനാരോ കൊണ്ട് കെട്ടിയാണ് ഇത് നിർവ്വഹിയ്ക്കുന്നത്. ഇതിനെ വരച്ചിൽ എന്ന് പറയുന്നു. വൈകുന്നേരങ്ങളിലെ വിശ്രമവേളകളിൽ സംഘം കൂടി മരച്ചുവട്ടിൽ കണിപ്പാട്ടിൻെറ റിഹേഴ്സൽ നടത്തും.കണികാണുംനേരം, കൃഷ്ണകൃഷ്ണ മുകുന്ദ ജനാർദ്ദനാ തുടങ്ങിയ സ്ഥിരം പാട്ടുകൾക്കൊപ്പം

നാടൻശീലുകളും അവർ പാടി പഠിയ്ക്കും. അവയിൽ ചിലത് ഇപ്രകാരം

നൽക്കണി കണ്ടുണരു
പൊൻകണി കണ്ടുണരു
ഇത്തറവാടിനെന്നും
സദ്ഗതിയ്ക്കായുണരു
പൊന്നുടയാടയിട്ട്
പൊന്നുണ്ണിക്കണ്ണനെത്തി
പൊന്നുണ്ണിക്കണ്ണനൊപ്പം
കുഞ്ഞുങ്ങൾ ഞങ്ങളെത്തി.
ഇന്നല്ലോ നല്ല വിഷു
കൺകുളിരെക്കണ്ടുണരാം.
ഏഴുതിരിയിട്ട ദീപമൊരുങ്ങി ചേലിൽ
കണിവട്ടമൊക്കെയൊരുങ്ങി
കോലക്കാർവർണ്ണനെകണ്ടുവണങ്ങാൻ
മാലോകരെ മെല്ലെ കണ്ണുതുറക്കു.

